ബാലിഭൻ *a child*, s. m. വക്ക *the side*, s. n. ഉച്ചത്തിൽ *loudly*, adv. കള്ളൻ *a thief*, s. m. കളിക്കുന്നു *to play*, v. n. കുനിയുന്നു *to look down*, v. n. കഴുത്ത *a neck*, s. n. മുത്ത *a pearl*, s. n. മാല *a garland string*, s. n. മുത്തമാല *a string of pearls.* ഊരുന്നു *to strip off*, v. a. വെള്ളം *water*, s. n. അമ്മ *mother*, s. f. അച്ഛൻ *father*, s. m. അടിക്കുന്നു *to beat*, v. a. കയ്യിൽ ആക്കുന്നു *to take possession* of, lit. *to get into one's hands*, v. a. യൊജന *reflexion.* എടൊ *Oh!* Interjection. ഭയപ്പെടുന്നു *to be afraid.* ഇറങ്ങുന്നു *to descend*, v. n. ഭദ്രമായി *carefully*, adv. സൂക്ഷിക്കുന്നു *to take care of, to guard*, v. a. വെച്ചു *having placed*, past verbal part. of വെക്കുന്നു *to place*, v. a. നഗ്നമായി *nakedly*, adv. മണ്ടുന്നു *to run*, v. n. തെരയുന്നു *to search.* v. n. കര *the bank*, s. n. പയററിക്കുന്നു *to deceive*, v. a. സമൎത്ഥൻ *a clever man*, s. m. നിനെക്കുന്നു *to think, consider*, v. a. പററിക്കുന്നു *to cause to touch.* പററിച്ചു കളയുന്നു intensive form, vide Grammar para. 127. മൊശംപററിച്ചുകളയുന്നു *to deceive.*

൨൦ാം കഥ.

ഒരു കാട്ടിൽ ഒരു പുലി ഉണ്ടായിരുന്നു, അത അവിടെ ഉള്ള മൃഗങ്ങളെ ഒക്കെയും കൊന്ന ഭക്ഷിച്ചുവന്നു. ഒരു നാൾ ഒരു കാട്ട എരുമയെ പിടിച്ചു തിന്നപ്പൊൾ ഒരു എല്ല അതിന്റെ അണെപ്പല്ലിന്റെ ഇടയിൽ തടഞ്ഞു. ആ എല്ല വെളിയിൽ എടുത്തകളയുന്നതിന്ന അതിനാൽ കഴിഞ്ഞില്ല. അതകൊണ്ട അവിടെ രക്തവും നീരും കെട്ടി ഏറിയ വെദന ഉണ്ടാക്കി. ആ പുലി ഒരു മരത്തിന്റെ കീഴിൽ കിടന്ന ഏറിയ വെദനപ്പെട്ട വായ തുറന്നുകൊണ്ട ൟ എല്ല ഞാൻ എങ്ങിനെ പുറത്തെക്ക വലിച്ചു കളയുന്നു. ഞാൻ ഏതപ്രകാരം രക്ഷപ്പെടുന്നു. എന്ത ചെയ്യെണ്ടു എന്ന പ്രലാപിച്ചുംകൊണ്ട കിടന്നിരുന്നു. ൟ വിധത്തിൽ പരവശപ്പെട്ട കിടക്കുമ്പൊൾ ആ പുലി ആ മരത്തിന്മെൽ ഒരു കാക്കയെ കണ്ട ഹെ കാക്കെ ഞാൻ അനുഭവിക്കുന്ന ശ്രമം നീ കാണുന്നുവെല്ലൊ. ൟ എല്ല എടുത്ത എന്നെ ജീവിപ്പിച്ചാൽ ഞാൻ ദിവസവും കൊണ്ട വരുന്ന ആഹാര

ത്തിൽ നിനക്ക വെണ്ടെടത്തൊളം തരുന്നുണ്ട എന്ന പറഞ്ഞു. എന്നാറെ ഠരം സാവധാനമായ് വാക്ക കെട്ട ആ കാക്കെക്ക മനസ്സ അലിഞ്ഞ ദയ ഉണ്ടായി. ആയ്യുകൊണ്ട ആ കാക്ക പുലിയുടെ വായിന്ന അകത്ത കെറി ആ എല്ല എടുത്തകളഞ്ഞു. പിന്നെ ഇനിക്ക മാംസം തരാമെന്ന പറഞ്ഞുവെല്ലൊ. തരിക എന്ന ചൊദിച്ചപ്പൊൾ നീ എന്റെ വായിൽ കെറിയ സമയം എന്റെ പല്ലിന്റെ ഇടയിൽ വെച്ച അമൎത്താതെ സുഖമായി വെളിയിൽ ഇറങ്ങുന്നതിന്ന എടയാക്കി എല്ലൊ. ആ നന്ദി വിചാരിക്കാതെ ഇനി മാംസം വെണമെന്ന എന്നൊട ചൊദിക്കുന്നുവൊ. നിന്റെ പാട്ടിന്ന നീ പൊയ്ക്കൊ എന്ന പുലി പറഞ്ഞു. അതകൊണ്ട മനുഷ്യർ കഷ്ടകാലത്തിങ്കൽ തങ്ങളെ രക്ഷിക്കുന്ന സ്നെഹിതന്മാരെ ഭാഗ്യകാലത്ത ഏറയും മറന്ന കളയുന്നു.

20th. STORY.

In a certain forest there was a tiger, who killed and devoured all the beasts that inhabited it. One day he caught a wild buffalo, and while eating it, one of its bones stuck in his jaws. Being unable to extract this bone, blood and matter collected there, and occasioned him great pain. The tiger laid himself down under a tree, and in great pain opened his mouth and thus exclaimed. "How shall I extract this bone? How shall I live? What shall I do?" In this distress he saw a crow upon the tree and said to him "O crow, you see the pain I am suffering, if you will extract this bone and restore me to life, I will give you as much as you want from the food I procure every day." The crow was moved by this supplication, and taking compassion on him, entered his mouth, from which he took out the bone, and asked the tiger for the flesh he had promised. The tiger replied "When you entered my mouth I did not crush you in my jaws, but allowed you to come out uninjured. Ungrateful for this, do you ask me for flesh? go about your business." Thus, people in prosperity often forget the friends who have served them in adversity.

ഒക്കയും *all*, adj. ഭക്ഷിക്കുന്നു *to eat*, v. a. ഭക്ഷിച്ചുവന്നു *was in the habit of eating.* The verb വരുന്നു *to come* affixed to the past part. of another verb gives a sense of frequency to the action which the preceding verb is intended to express. കാട്ടെരുമ *a wild buffalo*, s. f. എല്ല *a*

bone, s. n. അണ *the side of the face*, s. n. പല്ല *a tooth*, s. n. ഇട *an interval, space*, s. n. കഴിഞ്ഞില്ല *was not able* from def. v. കഴിയും *to be able.* നീര *water, matter*, s. n. കെട്ടുന്നു *to coagulate*, v. n. കീഴെ *below*, post pos. തുറക്കുന്നു *to open*, v. a. വലിക്കുന്നു *to pull*, v. a. രക്ഷപ്പെടുന്നു *to be preserved*, v. n. പ്രലാപിക്കുന്നു *to lament*, v. n. പരവശപ്പെടുന്നു *to be distressed*, v. n. കാക്ക *a crow*, s. n. ഹെ *Oh!* Interjection. അനുഭവിക്കുന്നു *to suffer*, v. a. ശ്രമം *distress*, s. n. ജീവിപ്പിച്ചാൽ *if you make me to live*, cond. form of ജീപ്പിപ്പിക്കുന്നു *to make to live.* ആഹാരം *food*, s. n. വെണ്ടെടത്തൊളം *as much as is necessary*, abbre. form of വെണ്ടുന്നെടത്തൊളം വെണ്ടുന്ന rel. part. of വെണം *to be necessary* and എടത്തൊളം *as far as*, lit. *up to the place.* സാവധാനം *gentleness*, s.n. സാവധാനമായുള്ള *gentle*, adj. അലിയുന്നു *to be dissolved, to pity*, v. n. കെറുന്നു *to enter*, v. a. അമൎത്തുന്നു, *to oppress*, v. a. നന്ദി *gratitude.* കഷ്ടകാലം *time of misfortune*, s. n മറക്കുന്നു *to forget*, v. a.

൨൭ാം കഥ.

ചെന്നപട്ടണത്ത ഒരു ഇംഗലീഷകാരൻ സായ്പ ഉണ്ടായിരുന്നു. അവന്ന ഇംഗലീഷ അല്ലാതെ മററ ഭാഷ അറിഞ്ഞുകൂടാഅതുകൊണ്ട ആ സ്ഥലത്ത നടപ്പുള്ള സകല ഭാഷയും അറിയുന്ന ഒരു ദ്വിഭാഷിയെ തന്റെ കൂടെ നിറുത്തിയിരുന്നു. ഒരു നാൾ ആ സായ്പിന്റെ അടുക്കൽ ഏതാനും കമ്പക്കളിക്കാര വന്ന കമ്പക്കാൽ നാട്ടികെട്ടി അവനെ അനെകം അഭ്യാസങ്ങൾ കാണിച്ചു. എന്നാറെ ആ സായ്പ നല്ലവണ്ണം സന്തൊഷപ്പെട്ട തന്റെ ദ്വിഭാഷിയെ വിളിച്ച ആഡംബക്ക പത്ത വരാഹൻ കൊടുപ്പാൻ പറഞ്ഞു. ആ ദ്വിഭാഷി അവരെ തന്റെ വീട്ടിലെക്ക വിളിച്ച കൊണ്ടുപൊയി അവൎക്ക ഒരു വരാഹൻ കൊടുത്ത പൊകുവാൻ പറഞ്ഞു. തങ്ങൾ അത്ര കഷ്ടപ്പെട്ട കളിച്ചതിന്ന ഇത അല്പമെന്ന ഓൎത്ത ദ്വിഭാഷി തങ്ങളെ പയററിച്ചിരിക്കുമൊ എന്ന സംശയിച്ച അവര ആ സായ്പിന്റെ അടുക്കൽ വന്ന അവനെ ആ വരാഹൻ കാണിച്ച ദ്വിഭാഷി ഇത തന്നു എന്ന പറഞ്ഞു. ആ സായ്പിന്ന അവരുടെ ഭാഷ അറിഞ്ഞകൂടാത്തതിനാൽ തന്റെ ദ്വിഭാഷിയെ വിളിച്ച അവര എന്ത പറയുന്നു എന്ന ചൊദിച്ചപ്പൊൾ തങ്ങൾ കൊടുത്ത പത്ത വരാഹനിൽ ഇത കള്ളവരാഹൻ. ഇത എടുത്തുകൊണ്ട വെറെ

കൊടുക്കെണമെന്ന ചൊദിക്കുന്നു എന്ന പറഞ്ഞു. എന്നാറെ അവൻ വളരെ കൊപിച്ചുകൊണ്ട അവരെ നന്നായി ശിക്ഷ കഴിപ്പിച്ച പറഞ്ഞയച്ചു. അതുകൊണ്ട ആരായിരുന്നാലും തങ്ങൾ പാൎക്കുന്ന ദെശത്തെ ഭാഷ അറിയാതെ ഇരുന്നാൽ മറ്റുള്ളവർ പറയുന്ന വാക്ക വിശ്വസിച്ച എത്രയൊ (അന്ന്യായം) ചെയ്യുപൊകും.

21st. STORY.

In Madras lived an English gentleman who, as he knew no other language than English, kept a dubash who was acquainted with all the languages that are spoken there. One day some tumblers came to the gentleman, and having fixed their bamboo, danced and displayed several feats of agility before him. The gentleman, was highly gratified, and sending for his dubash, told him to give them ten pagodas. The dubash took them to his house, and giving them only one pagoda, told them to go about their business. As they thought this a poor recompence for their trouble, and suspected that the dubash had deceived them, they returned to the gentleman, and shewing him the pagoda, told him his dubash had given only it to them. As the gentleman did not understand their language, he sent for the dubash and asked him what they were saying. He told him, that among the ten pagodas he had given them, they said this pagoda was a bad one and they wanted him to exchange it. The gentleman at this became very angry, and ordered them to be well beaten and sent away. Thus, they who are ignorant of the languages of the country they inhabit, and believe what others tell them, must be guilty of great injustice.

ചെന്നപട്ടണം *Chennapatnam, the native name for Madras.* ഇങ്കലീഷകാരൻ *an Englishman*, s. m. സായ്പ *a gentleman*, s. m. ഭാഷ *language*, s. n. അറിഞ്ഞുകൂടാ *not knowing*, vide Grammar para. 126. നടപ്പുള്ള *which are used.* നടപ്പ *practice* and ഉള്ള rel. part. of ഉണ്ട *to be.* സകല *all*, adj. ദ്വിഭാഷി *a dubash, an interpreter*, comp[d.] of ദ്വി *two* and ഭാഷി *a speaker*, i. e. *a person who speaks two languages*, s. m. നിറുത്തുന്നു *to place, to keep*, v. a. കമ്പക്കളിക്കാരൻ *a ropedancer*, s. m. കമ്പക്കാൽ *a tumbler's pole*, s. n. നാട്ടുന്നു *to plant*, or *fix in the ground*, v. a. കെട്ടുന്നു *to bind, to fasten*, v. a. അനെകം *many*, adj. അഭ്യാസം *an exercise*, s. n. കാണിക്കുന്നു *to show*, causal

form of കാണുന്നു, *to see.* എന്നാറെ *afterwards.* നല്ലവണ്ണം *well,* adv. വിളിക്കുന്നു *to call,* v. a. പത്ത *ten,* num. കഷ്ടപ്പെടുന്നു *to labour, to take trouble,* v. n. അല്പം *small, little,* adj. ഓൎത്ത *having considered,* past verb. part. of ഓൎക്കുന്നു *to consider, to think,* v. n. കള്ള *false, counterfeit,* adj. കൊപിക്കുന്നു *to be enraged, to be angry,* v. n. ശിക്ഷ *punishment,* s. n. കഴിപ്പിക്കുന്നു *to cause to be performed,* v. a. ശിക്ഷകഴിപ്പിക്കുന്നു *to cause to be punished.* ആരായിരുന്നാലും *whosoever,* lit. *whoever it be,* from ആര *who* ആയിരുന്നാലും *although he be.* പാൎക്കുന്നു *to dwell,* v. n. എത്രയൊ *much,* lit. *how much it is hard to say,* comp^d. of എത്ര *how much,* and the particle ഒ signifying doubt.

൨൨ാം കഥ.

ഒരു ദിക്കിൽ ഉണ്ടായിരുന്ന ഒരു ശൂദ്രന്ന ഒരു കുരങ്ങും ഒരു ആട്ടും ഉണ്ടായിരുന്നു. അവയെ അവൻ നന്നായി സൂക്ഷിച്ചു വളൎത്തികൊണ്ടു വന്നു. എന്നാറെ അവന്ന മറ്റൊരു ദിക്കിൽ പൊകെണ്ടുന്ന അടിയന്തരം ഉണ്ടായതകൊണ്ടു അവൻ ഒരു മുണ്ടിൽ തൈര ഒഴിച്ചു പൊതിച്ചൊറ കെട്ടി ആ കുരങ്ങിനെയും ആടിനെയും കൂടെ കൂട്ടിക്കൊണ്ടു ഇറങ്ങിത്തിരിച്ചു. പൊകുന്ന വഴിയിൽ ഒരു കുളത്തിന്റെ കരമെൽ ചെന്നു നിന്ന ഒരു മരത്തിന്മെൽ ആ കുരങ്ങിനെയും ആടിനെയും കെട്ടി അതിന്റെ സമീപത്ത പൊതിച്ചൊറ വെച്ചു പല്ലു തെപ്പാനായിട്ടു പൊയി. ഈ എടയിൽ ആ കുരങ്ങ പൊതിച്ചൊറ ഒക്കയും തിന്നു തന്റെ കയ്യിൽ കുറെ പററിയിരുന്നതിനെ ആടിന്റെ മൊന്തക്ക തെച്ചു താൻ ഏതും അറിയാത്തവനെപ്പൊലെ ദൂരെ മാറിയിരുന്നു. ശൂദ്രൻ മടങ്ങി വന്നു നൊക്കുമ്പൊൾ ഒരു വററപൊലും ഉണ്ടായിരുന്നില്ല. കുറയ വററ ആയാടിന്റെ മൊന്തക്ക പററിയിരുന്നു. അന്നെരം ഇനിക്ക വെച്ചിരുന്ന ചൊറ ഠരം ആട തിന്നുവല്ലൊ എന്നു വിചാരിച്ചു കൊപിച്ചുകൊണ്ടു അതിനെ നന്നായി അടിച്ചു. എന്നാൽ അവിവെകികളായ പ്രഭുക്കൾ ന്യായാന്യായം വിചാരിക്കാത്തത ഇപ്രകാരമാകുന്നു.

22nd. STORY.

In a certain village lived a Soodra, who had a monkey and a sheep, which he was rearing with great care. Business obliging him to go to another country, he put some curds and

boiled rice into a cloth, and taking his monkey and sheep along with him, set out. During his journey he stopped near a tank by the road side, and having tied the monkey and sheep to a tree and placed the rice and curds near them, he went to wash his teeth. In the interim, the monkey eat all the curds and rice, and having rubbed a little that remained upon his hand on the sheep's mouth, went and sat down at a distance as if he knew nothing of the matter. When the Soodra returned and saw that there was not a single grain of rice left, and some was sticking on the mouth of the sheep, he said to himself this sheep has certainly eaten the rice which I kept for my own eating, and having become angry, he beat it severely. In this manner, ignorant masters never enquire into the merits or demerits of a case.

ദിക്ക *a place*, s. n. കുരങ്ങ *a monkey*, s. n. ആട *a sheep*. അടിയന്തരം *business*, s. n. മുണ്ട *a cloth*, s. n. തൈര *curdled milk*, s. n. ഒഴിക്കുന്നു *to put away*, v. a. പൊതിച്ചൊറ *rice tied up in a bundle*, s. n. comp^d. of പൊതി *bundle* and ചൊറ *rice*. ഇറങ്ങുന്നു *to set out*, v. n. തിരിക്കുന്നു lit. *to turn, to go*, v. n. തെക്കുന്നു *to clean, to rub*, v. a. പല്ല *a tooth*. തെപ്പാനായിട്ട *for the purpose of cleaning*, comp^d. of തെപ്പാൻ infin. mood. of തെക്കുന്നു *to clean* and ആയിട്ട *for the sake of*. ഒക്കെയും *all*, adj. കുറെ *a little*, adj. പറ്റി *having stuck*, past verb. part. of പറ്റുന്നു *to stick*, v. n. മൊന്ത *face*, s. n. ഏതും *any thing*, comp^d. of ഏത *what*, interog. pro. and the conjunction ഉം *and*, which gives to the interogative pronoun an indefinite signification. അറിയാത്ത neg. rel. part. of അറിയുന്നു *to know*. ഏതും അറിയാത്തവനെപ്പൊലെ *like one who knows nothing of the matter*. അവനെ acc. case. of അവൻ *he*. പൊലെ *like*, post pos. ദൂരെ *far, at a distance*, adv. മാറി *having moved*, past verb. part. of v. n. മാറുന്നു *to turn, to move*. ഇരുന്നു *sat down*, past tense. of ഇരിക്കുന്നു *to be, to sit down*. വറ്റ *a grain of rice*, s. n. പൊലും *even*, adv. പ്രഭു *a master*, s. m. ന്യായാന്യായം *justice* and *injustice*, *merits* and *demerits*, comp^d. of ന്യായം *justice* and അന്യായം *injustice*.

൨൩ാം കഥ.

പൂർവ്വകാലത്തിങ്കൽ മചിലിപട്ടണത്ത ഒരു തുലുക്കൻ ഉണ്ടാ

യിരുന്നു ഒരു നാൾ രാത്രി അവന്റെ വീട്ടിൽ മൊഷണം പൊയി. പിന്നെ അവൻ ആകുംവണ്ണം അന്വെഷണം ചെയ്യാറെ ആ വകകളിൽ എതാനും ഒരുത്തന്റെ കൈവശം ഉള്ളപ്രകാരം തുമ്പ കിട്ടി ചില ഹെതുക്കൾ കൊണ്ട അവൻ തന്നെ മൊഷ്ടിച്ച പ്രകാരം അവന്ന സന്ദെഹം തൊന്നി. അതുകൊണ്ട അവനെ ന്യായാധിപതിയുടെ അടുക്കൽ കൊണ്ടു പൊയി അന്നെരം ന്യായാധിപതി ആ തുലുക്കനെ നൊക്കി ഇവൻ നിന്റെ വീട്ടിൽ മൊഷ്ടിച്ചു എന്നുള്ളതിന്ന ഉറപ്പായ സാക്ഷികൾ ഉണ്ടൊ എന്ന ചൊദിച്ചു. സാക്ഷികൾ ഇല്ലാ എന്ന തുലുക്കൻ ബൊധിപ്പിച്ചു. അതിന്റെ ശെഷം ഉണ്ടായ സംഗതി കണ്ട സാക്ഷികൾ ഇല്ലാത്ത അന്ന്യായം വിസ്തരിച്ചു കൂടാ എന്ന ധൎമ്മ ശാസ്ത്രത്തിൽ നിഷ്കൎഷയായി കല്പിച്ചിരിക്കുന്നു. അതുകൊണ്ട നിന്റെ അന്ന്യായം നീക്കത്തക്കത എന്ന അവനൊട ന്യായാധിപതി കല്പിച്ചു. ആ തുലുക്കൻ ആ വാക്ക കെട്ട തന്റെ പാദരക്ഷ എടുത്ത അതുകൊണ്ട ആ കള്ളനെ അടിച്ച തുടങ്ങി. ന്യായാധിപതി എത്രയും കൊപിച്ച ഇ പ്രകാരം ചെയ്യുന്നതിന്ന ഹെതു എന്തെന്ന ചൊദിച്ചു. അവൻ ന്യായാധിപതിയെ നൊക്കി ഇവൻ മൊഷ്ടിച്ച സംഗതി തെളിയിപ്പാൻ ഞാൻ സാക്ഷികളെ ചെൎത്തു വെച്ചുകൊള്ളെണ്ടതിന്ന വെണ്ടി ഇവൻ എന്റെ വീട്ടിൽ കെറി മൊഷണം ചെയ്വാൻ ഭാവിച്ചിരുന്ന വിവരം അതിന്ന മുമ്പെ തന്നെ എന്നെ അറിയിച്ചില്ല അതുകൊണ്ട അടിക്കുന്നു എന്ന ബൊധിപ്പിച്ചു. ൟ ഉത്തരം കെട്ട ന്യായാധിപതി ലജ്ജിച്ച മിണ്ടാതെ ഇരുന്നു.

23rd STORY.

There lived formerly in Masulipatan a Mahomedan, whose house was one night robbed. After much search he traced some of the articles to a man whom, for several reasons, he suspected to be the thief, and whom he took before the judge. The judge asked the Mahomedan, whether he had any positive proof that the prisoner was the person who had robbed his house. He answered in the negative; Whereupon the judge told him that he must dismiss the case, as he was strictly forbidden by the sastras to enquire into cases where there are no eye-witnesses to the fact. On hearing this, the Mahomedan took off his slipper and began to beat the thief. The judge, in a great passion, asked him his reasons for so doing. He told him, that it was because he had not communicated to him be-

forhand his intention of robbing his house, in order that he might have had witnesses ready to prove his villany. The judge was confounded at this reply, and remained silent.

പൂൎവ്വകാലത്തിങ്കൽ *in former times*, comp[d.] of പൂൎവ്വം *former*. കാലം *time* and ഇങ്കൽ *in*. postposition. മജലിപട്ടണം *Masulipatam*. തുലുക്കൻ *a mussulman*, s.m. മൊഷണം *a robbery*, s.n. മൊഷണം പൊകുന്നു *a robbery to occur*. പണം *money*, s. n. അന്വെഷണം *a search*, s.n. വക *property*, s.n. കൈവശം *in the possession of*, adv. ഉള്ളപ്രകാരം *that it was*, comp[d.] of ഉള്ള past rel. part. of ഉണ്ട *to be* and പ്രകാരം signifying *that*, and when joined to the rel. part. of a verb, *the fact that*. തുമ്പ *a trace*, s.n. ഹെതു *a cause*, s. n. മൊഷ്ടിക്കുന്നു *to rob*. v. a. സന്ദെഹം *doubt suspicion*, s. n. ന്യായാധിപതി *a judge*, s. m. ഉറപ്പായ *strong*, *sure*, adj. സാക്ഷി *a witness*, s. m. or f. അന്യായം *a case*, *a charge*, s. n. ധൎമ്മശാസ്ത്രം *the Hindoo Law Dharmasastra*, s. n. നിശ്ചയമായി *certainly*, *positively*, adv. കല്പിക്കുന്നു *to command*, v. a. നീക്കത്തക്കത *worthy of being dismissed*, comp[d.] of നീക്ക infin. mood of നീക്കുന്നു *to dismiss*, and തക്കത *fit worthy*. പാദരക്ഷ *shoe*, *slipper*, s. n. എടുക്കുന്നു *to take off*, v. a. കള്ളൻ *a thief*, s. m. അടിച്ചു തുടങ്ങി *began to beat*, comp[d.] of അടിച്ചു past verb. part. of അടിക്കുന്നു *to beat* and തുടങ്ങി past tense of തുടങ്ങുന്നു *to begin*. The past verb. part. is frequently used instead of the infinitive mood with the verb. തുടങ്ങുന്നു *to begin*, v. n. തെളിയിക്കുന്നു *to prove*, *to make known*, v. a. ചെൎത്തുന്നു *to assemble*, v. a. ഭാവിക്കുന്നു *to intend*, *to purpose*, v. n. ബൊധിപ്പിക്കുന്നു *to represent*, v. n. ലജ്ജിക്കുന്നു *to be ashamed*, *to be abashed*, v. n. മിണ്ടാതെ lit. *without moving*, neg. part. of മിണ്ടുന്നു *to move*. മിണ്ടാതെ ഇരിക്കുന്നു *to remain silent*.

൨൩ാം കഥ.

വില്ലാട ദെശത്ത ഒരു ശ്രൂദ്രൻ ഉണ്ടായിരുന്നു. അവൻ ഒരു കീരിയെ ബഹു താല്പൎയ്യമായി വളൎത്തികൊണ്ടു വന്നു. ഒരു നാൾ അവന്ന മറെറാരു തറയിലെക്ക പൊകെണ്ടുന്ന പണി വരികകൊണ്ട ആ കീരിയെ തന്റെ ഭാൎയ്യ വശം എല്പിച്ച പൊയി. അവൻ പൊയ പിറെറ നാൾ അവന്റെ അച്ചി തന്റെ ആണ്കുഞ്ഞിനെ തൊട്ടിയിൽ ഉറക്കി കിടത്തി ആ കീരിയെ തൊട്ടി

യുടെ അരികെ ആക്കി വെച്ചു ചെറയിലെക്ക വെള്ളത്തിന്ന പൊയി. അപ്പൊൾ ആ കുട്ടി ഉറങ്ങി കിടന്ന സ്ഥലത്ത ഒരു പാമ്പ വന്നു തൽക്ഷണം ആ കീരി ആ പാമ്പിനെ പിടിച്ചു തുണ്ടം തുണ്ടമായി മുറിച്ചു ആ ചൊരമയത്തൊടെ ആ സ്ത്രീയുടെ അടുക്കൽ പൊയി. അവൾ കീരിയുടെ ഭാവം കണ്ട ഇത തന്റെ കുഞ്ഞിനെ കൊന്ന വന്നു എന്ന വെച്ചു ദുഃഖപ്പെട്ട ബഹു കൊപത്തൊടെ ഒരു വടി എടുത്ത അതിനെ അടിച്ചു കൊന്നു. പിന്നെ വീട്ടിൽ ചെന്ന നൊക്കുമ്പൊൾ കുഞ്ഞ തൊട്ടിയിൽ കിടന്ന സുഖമായി ഉറങ്ങുന്നതും തൊട്ടിയുടെ അരികെ പാമ്പ ചത്ത കിടക്കുന്നതും കണ്ട ഹാ ഞാൻ എത്ര പാപി എന്റെ കുഞ്ഞിന്റെ പ്രാണനെ രക്ഷിച്ച കീരിയെ അന്യായമായി കൊന്നുവല്ലൊ എന്നവെച്ചു പെരുത്ത വ്യസനിച്ചു.

24th. STORY.

There lived in the country of Palnaud, a Soodra, who had a mongoose, which he was rearing with great care. One day being obliged by business to go to another country, he gave it in charge to his wife and set out on his journey. The day after his departure, his wife put her son to sleep in a cradle, and having placed the mongoose near it, went to a tank to fetch some water. A snake just at that time came to the place where the child was sleeping, which the mongoose immediatly tore in pieces, and then covered with blood went out to meet the woman. The woman seeing the mongoose in this state, began to cry bitterly, imagining that it had killed her son, and in a fit of rage she seized a stick and killed it on the spot. But when she entered the house and saw the infant in a tranquil slumber and the snake lying dead near it she exclaimed in a fit of despair, O wretch that I am I have killed the protector of my child's life.

പല്ലാട *Palnaud, a district, in the northern circars.* കീരി *a mongoose*, s. n. താല്പൎയ്യമായി *carefully*, adv. തറ *a place, a Village*, s. n. പൊകെണ്ടുന്ന പണി *business which obliged him to go*, comp[d.] of പൊക the root of പൊകുന്നു *to go*, വെണ്ടുന്ന *which is necessary*, and പണി *business.* ഭാൎയ്യ *wife*, s. f. വശം *in charge of*, post pos. എല്പിക്കുന്നു *to deliver*, v. a. പിറെറനാൾ *the next day, the day after.* അച്ചി *wife*, s. f. ആൺകുഞ്ഞ *a male child*, s. m. തൊട്ടി *a cradle*, s. *n.*

ഉറക്കുന്ന *to put to sleep*, v. a. കിടത്തുന്ന *to lay down*, v. a. ചെറ *a tank*, s. n. കുട്ടി *a child*, s. m. or f. ഉറങ്ങുന്ന *to sleep*, v. n. കിടക്കുന്ന *to be down*, v. n. പാമ്പ *a snake*, s. n. തൽക്ഷണം *immediately*, adv. തുണ്ടം *a piece*, s. n. തുണ്ടംതുണ്ടമായി *in pieces.* മുറിക്കുന്ന *to break, to wound*, v. a. ചൊരമയം *a stain of blood*, s. n. ഭാവം *state, condition*, s. n. ദുഃഖപ്പെടുന്ന *to be grieved*, v. n. വടി *a stick*, s. n. ചാകുന്ന *to die*, v. n. ഹാ *alas*, interjection. പ്രാണൻ *life*, s. n. പാപി *a sinner*, s. m. or f. പെരുത്ത *much*, adv. *derived* from പെരുകുന്ന *to be multiplied.*

൨൫ാം കഥ.

ഉജ്ജയനി പട്ടണത്ത സുദൎശനൻ എന്ന രാജാവിന്ന ഒരു കുമാരൻ ഉണ്ടായിരുന്നു. അവൻ ബഹു ദുഷ്ട സ്വഭാവം ഉള്ളവനായിത്തന്റെ അടുക്കൽ വരുന്ന എല്ലാവരെയും അസഭ്യം പറക വിദ്വാന്മാരെ പരിഹാസം ചെയ്ക സാധുക്കളുടെ നെരെ അക്രമം പ്രവൃത്തിച്ച അവരെ ഹിംസിക്ക ഇപ്രകാരം വിനൊദിച്ചുകൊണ്ടിരുന്നു. രാജാവ തന്റെ മകൻ എല്ലാവരെയും അവമാനം ചെയ്യുന്നത കണ്ട എത്രയും വ്യസനപ്പെട്ട ഒരു നാൾ അവനെ ഒരു മുറിയിലെക്ക വിളിച്ച കൊണ്ടുപൊയി നീ വിദ്വാന്മാര മുതലായവരുടെ നെരെ നടന്ന പൊരുന്ന അവസ്ഥക്ക നിനക്ക പാപം സംഭവിക്ക അല്ലാതെ അവരുടെ യൊഗ്യതക്ക ഒട്ടും കുറവ വരിക ഇല്ലാ ആകാശത്തിങ്കൽ ഉച്ചസമയത്ത അത്യുഗ്രകാന്തിയായി സൂൎയ്യൻ പ്രകാശിക്കുമ്പൊൾ ആരെങ്കിലും വായിൽ വെള്ളം ഒഴിച്ചുകൊണ്ട അതിനെ നൊക്കി തുപ്പിയാൽ ആ വെള്ളം തിരിയെ അവന്റെ മുഖത്ത വീഴുകയല്ലാതെ അവന്റെ അസൂയകൊണ്ട സൂൎയ്യന്ന ഏതും അവമാനം വരികയില്ല നീ അങ്ങിനത്തെ മനുഷ്യനെപ്പൊലെ ഇരിക്കുന്നു എന്ന പറഞ്ഞു. ആ കിടാവ അച്ഛന്റെ മൊഴി ഗ്രഹിച്ച പിന്നെ സൽമാൎഗ്ഗമായി പ്രവൃത്തിച്ചു.

25th. STORY.

In the city of Oogein a king, by name Soodursana, had a son whose disposition was so bad, that he took delight in abusing every one that came near him, in playing tricks with the learned, and in acting with violence and oppression towards the poor. The king became very much distressed at seeing his son treat every one with indignity, and taking him one day into a

room, he thus addressed him; "The manner in which you behave to the learned and others, only serves to load you with sin, and does not in the least detract from their merits, you resemble a fellow who spitting a mouthful of water at the sun, when shining in the heavens with midday splendour, receives it back in his face, whilst the sun is not disgraced by his malignity. The son was touched at his father's remark, and reformed his character.

ഉജ്ജയിനി *Oojein*, p. n. സുദശ്ശനൻ *Soodurshanna*, p. n. ദുഷ്ട *wicked*, adj. സ്വഭാവം *nature*, s. n. അസഭ്യം *obscene*, *bad*, adj. അസഭ്യം പറയുന്നു *to use bad language*, v. a. പരിഹാസം *ridicule*, s. n. സാധു *poor*, adj. നെരെ *towards* post pos. അക്രമം *irregularity*, s. n. പ്രവൃത്തിക്കുന്നു *to act*, v. n. ഹിംസിക്കുന്നു *to injure*, v. a. വിനൊദിക്കുന്നു *to amuse oneself*, v. n. അവമാനം *an insult*, s. n. മുറി *a room of a house*, s. n. മുതലായവര *other people*, from മുതലായ *et cetera* and അവര. അവസ്ഥ *state, condition*, s. n. പാപം *sin*, s. n. സംഭവിക്കുന്നു *to occur, to happen*, v. n. യൊഗ്യം *goodness*, s. n. ഒട്ടും *at all*, adv. കുറവ *diminution*, s. n. ആകാശം *the sky*, s. n. ഉച്ചസമയം *mid-day*, s. n. അത്യുഗ്രകാന്തിയായി *exceedingly bright*, adv. സൂൎയ്യൻ *the sun*, s. n. ആരെങ്കിലും *whosoever*. വായ *the mouth*, s. n. ഒഴിക്കുന്നു *to pour out*, v. a. തുപ്പുന്നു *to spit*, v. a. തിരിയെ *back, again*, adv. വീഴുന്നു *to fall*, v. n. അസൂയ *enmity, malice*, s. n. അച്ഛൻ *a father*, s. m. മൊഴി *a word, expression*, s. n. സൽമാൎഗ്ഗമായി *in a proper way*, adv.

൨ന്നാം കഥ.

ധാരാപുരത്ത ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു ഒരുനാൾ അവൻ പൂക്കളും പഴങ്ങളും പറിച്ചുകൊണ്ടുവരുവാൻ കാട്ടിലെക്ക പൊയി. അപ്പൊൾ അവിടെ ഒരു പുലി വന്നു ആ ബ്രാഹ്മണൻ ആ പുലിയെ കണ്ട വളരെ ഭയപ്പെട്ട ഒഴിഞ്ഞ പൊരെണമെന്ന വെച്ച പ്രയത്നം ചെയ്തു. എങ്കിലും പുലി പാഞ്ഞ എത്തി അവനെപ്പിടിച്ചു. ആ വിധരണയിൽ ആ ബ്രാഹ്മണൻ പുലിയെ നൊക്കി നീ എന്റെ മെൽ ദയ ചെയ്തു മൂന്നു ദിവസം വരെ എന്റെ പ്രാണനെ ഇളവ ചെയ്താൽ ഞാൻ വീട്ടിലെക്ക പൊയി എന്റെ കാൎയ്യം എല്ലാം ഒതുക്കി എന്റെ ബന്ധുക്കളൊട പറഞ്ഞ അനുവാദം വാങ്ങിക്കൊണ്ട വരാമെന്ന പ

റഞ്ഞു. നീ വരാതെയിരുന്നാൽ ഞാൻ എന്ത ചെയ്യും എന്ന പുലി ചൊദിച്ചു. അതിനെക്കുറിച്ച സംശയിക്കെണ്ടാ ഞാൻ തിരിയെ വരുമെന്ന സത്യം ചെയ്യാമെന്ന ബ്രാഹ്മണൻ പറഞ്ഞു. പുലി അതിന്ന സമ്മതിക്കയാൽ ആ ബ്രാഹ്മണൻ വിചാരത്തൊട കൂടി തന്റെ വീട്ടിലെക്ക പൊയി ആ മൂന്ന നാൾ കൊണ്ട തന്റെ കാൎയ്യങ്ങളെ ഒതുക്കി തന്റെ ബന്ധുക്കളുമായിക്കണ്ട പറഞ്ഞ അവരൊട അനുവാദം വാങ്ങി പുലിയുടെ അടുക്കലെക്ക താൻ വരുമെന്ന പറഞ്ഞ സ്ഥലത്ത സമയം തെറ്റാതെ ചെന്ന ചെന്നു. എന്നാറെ ആ പുലി അവന്റെ സത്യത്തിങ്കൽ സന്തൊഷിച്ച അവനെ ഹിംസ ചെയ്യാതെ വീട്ടിലെക്ക പൊയിക്കൊള്ളുവാൻ അനുവദിച്ചു. അതുകൊണ്ട സത്യവാദികളെ എല്ലാവരും എല്ലാസമയത്തും ഗണ്യമായി വിചാരിക്കും.

26th STORY.

There lived at Dharapooram a Brahmin, who went one day into the forest to gather some fruit and flowers. Just at that time a tiger came there, which the Brahmin perceiving, became very much afraid, and tried to make his escape. The tiger, however, pursued and overtook him. In this predicament, the Brahmin begged him to spare his life for three days, that he might return home, settle his affairs and take leave of his family. The tiger asked him, in the event of his not returning, what was to be done. He replied, there was no fear, for he would take his oath to return. The tiger having consented, he returned home disconsolate, and after employing the three days in settling his affairs and taking leave of his family, he arrived at the place where he had appointed to meet the tiger, at the prescribed time, who was so pleased at his veracity, that he allowed him to depart uninjured. Thus a person who keeps his word is always honoured.

പൂ *a flower*, s. n. പഴം *a fruit*, s. n. ഭയപ്പെടുന്നു *to be afraid*, v. n. ഒഴിയുന്നു *to escape*, v. n. പ്രയത്നം *an endeavour*, s. n. എങ്കിലും *but, however*, adv. പായുന്നു *to run*, v. n. എത്തുന്നു *to reach, arrive*, v. n. വൈധരണി *a predicament*, s. n. മൂന്ന *three, num.* വരെ *until*, post pos. ഇളവ *leave, permission*, s. n. വീട *house*, s. n. കാൎയ്യം *business*, s. n. ഒതുക്കുന്നു *to settle*, v. a. ബന്ധു *a relation*, s. m. അ

നുവാദം *leave, farewell*, s. n. വാങ്ങുന്നു *to take*, v. a. സംശയിക്കെണ്ടാ *do not doubt*, prohibiting form of സംശയിക്കുന്നു *to doubt*, v. n. സത്യം *an oath*, s. n. സമ്മതിക്കയാൽ *by (his) agreeing*, abl. of the abstract verbal noun സമ്മതിക്ക *the act of agreeing*. വിചാരം *grief, distress*, s. n. തെററുന്നു *to miss, fail*, v. n. ചെരുന്നു *to arrive*, v. n. ഹിംസ *injury*, s. n. അനുവദിക്കുന്നു *to give leave*, v. a. സത്യവാദി *a speaker of truth*, s. m. ഗണ്യമായി *respectfully*, adv. വിചാരിക്കുന്നു *to consider*, v. a.

൨൭ാം കഥ.

ഗൊദാവരി തീരത്ത ഒരു ആല ഉണ്ടായിരുന്നു ആ മരത്തിന്മെൽ പഞ്ചവൎണ്ണക്കിളികൾ കൂടുകൾ ഉണ്ടാക്കി ബഹുനാളായി അവകളിൽ (തങ്ങളുടെ) കുഞ്ഞങ്ങളെ പൊഷിച്ചുംകൊണ്ടിരുന്നു. വൃശ്ചിക മാസത്തിൽ ഒരുനാൾ നന്നായി മഴപെയ്തു. അപ്പൊൾ ആ ആററരികത്തുള്ള കുരങ്ങുകൾ എല്ലാം കുളുൎന്ന വിറച്ച ആ മരത്തിന്റെ കീഴെ വന്നു. അപ്പൊൾ അതിന്മെൽ ഉള്ള പഞ്ചവൎണ്ണക്കിളികൾ ൟ കുരങ്ങന്മാരെ നൊക്കി നിങ്ങൾക്ക ദൈവം കൈ കാൽ തന്നിട്ടുണ്ടല്ലൊ നിങ്ങൾക്ക മഴകൊണ്ട അസഹ്യം ഉണ്ടാകാതെയിരിപ്പാൻ ഒരു വീട ഉണ്ടാക്കിക്കൂടെയൊ ഇനി എങ്കിലും ഞങ്ങളുടെ വാക്ക കെട്ട ൟ മഴനിന്ന ശെഷം ഒരു വീട ഉണ്ടാക്കുന്നതിന്ന ആരംഭിപ്പിൻ എന്ന പറഞ്ഞപ്പൊൾ തങ്ങളെ പുച്ഛിച്ചാകുന്നു കിളികൾ ൟ വാക്ക പറഞ്ഞത എന്ന ശങ്കിച്ച മഴനിന്ന ശെഷം കുരങ്ങുകൾ എല്ലാം ആ മരത്തിന്മെൽ കെറി കിളികളുടെ കൂടുകളെ വലിച്ച പറിച്ച കളഞ്ഞ അവയുടെ കുഞ്ഞങ്ങളെ കൊല്ലുകയും ചെയ്തു.

27th. STORY.

On the banks of the river Godavery there was a banian tree, on which, for a length of time, parrots had built their nests and brought up their young ones. One day in the month of November, a violent shower of rain happening to fall, all the monkies that inhabited the banks of that river retired, shivering with cold, under this tree for shelter. When the parrots saw them, they addressed them as follows.—"Why dont you, whom God has blessed with hands and feet, build yourselves a dwelling to protect you from the rain, take our advice, and

when the shower has ceased, commence building a habitation. "The monkies imagining that the parrots had made this speech for the purpose of jesting them, mounted the tree the instant the rain was over, and having pulled down the nests, destroyed all their young ones."

ഗൊദാവരി *the Godavery, a river in the northern Circars*, s. n. തീരം *a bank, shore*, s. n. ആല *a banian tree*, s. n. പഞ്ചവൎണ്ണക്കിളി *a parrot*, s. n. lit. *a parrot of five colours*, comp[d.] of പഞ്ച *five* വൎണ്ണം *a colour* and കിളി *a parrot.* കൂട *a nest*, s. n. ബഹുനാളായി *for many days*, comp[d] of ബഹു *many*, നാള *a day* and the particle ആയി which gives an adverbial signification to any noun placed before it. കുഞ്ഞ *the young of an animal*, s. n. പൊഷിക്കുന്നു *to rear, nourish*, v. a. വൃശ്ചികമാസം *a month containing a part of October and November.* മഴപെയ്യുന്നു *to rain*, v. n. കീഴെ *below*, postpos. തന്നിട്ടുണ്ടല്ലൊ *he has given, has he not?* comp[d.] of തന്ന past verbal part. of തരുന്നു *to give* with the affix ഉണ്ട *is* and എല്ലൊ *is it not so?* അസഹ്യം *wearisome*, adj. നിന്ന *having stopped, having ceased*, past verb. part. of നില്ക്കുന്നു *to stop*, v. n. ആരംഭിക്കുന്നു *to begin*, v. n. പുച്ഛിക്കുന്നു *to ridicule*, v. a. ശങ്കിക്കുന്നു *to suspect.* വലിക്കുന്നു *to pull, tear*, v. a.

൮-ാം കഥ.

അയൊദ്ധ്യാ പട്ടണത്ത ഒരു രാജാവ ഉണ്ടായിരുന്നു അവൻ ഒരു പൂന്തൊട്ടം ഉണ്ടാക്കിച്ചു തനിക്ക ഒഴിച്ചിൽ ഉള്ള സമയത്ത ആ തൊട്ടത്തിലെക്ക പൊയി ഉല്ലാസിച്ചു കൊണ്ട വന്നു. ആ രാജാവിന്റെ അടുക്കൽ ഒരു മന്ത്രി ഉണ്ടായിരുന്നു ആ മന്ത്രിയുടെ മകൻ ദിവസവും ആ തൊട്ടത്തിലെക്ക പൊയി പൂക്കൾ മൊഷ്ടിച്ചുകൊണ്ട വന്നിരുന്നു. അതകൊണ്ട പൂക്കൾ വളരെ കുറവായിപ്പൊയി അതിനാൽ രാജാവ തൊട്ടക്കാരെ വിളിപ്പിച്ചു നിങ്ങൾ ജാഗ്രതയായി കാത്ത ഇരുന്ന ആ കള്ളനെ പിടിച്ചുകൊണ്ടുവരെണമെന്ന കല്പിച്ചു. അപ്രകാരം തന്നെ ആ ഉണ്ണി പൂക്കൾ പറിക്കുമ്പൊൾ അവര കണ്ട മൊഷ്ടിച്ച പൂക്കളൊട കൂടി അവനെ പിടിച്ചു ഒരു മെനാവിൽ വെച്ചു എടുത്ത രാജാവിന്റെ കൊവിലകത്തെക്ക കൊണ്ടുപൊയി. അപ്പൊൾ മന്ത്രി വാതുക്കൽ നിന്നിരുന്നു അദ്ദെഹത്തൊട അവി

ടെയ്യുള്ളുവർ അങ്ങെ മകൻ തിരുമനസ്സിലെ വക പൂക്കൾ മൊഷ്ടിച്ചു എന്ന വെച്ചു അവനെ തിരുമനസ്സിലെ അടുക്കൽ പിടിച്ചു കൊണ്ടുപൊകുന്നു അങ്ങുന്ന പൊയി വിടുവിക്കെണ്ടെയൊ എന്ന ബൊധിപ്പിച്ചപ്പൊൾ ഇത ഒന്നും ഇല്ല വായുണ്ടെങ്കിൽ അവൻ പറഞ്ഞ നില്ക്കും പൊവിൻ എന്ന മന്ത്രി ഊററമായി പറഞ്ഞു. മന്ത്രി കുമാരൻ ഈ വാക്ക കെട്ട അതിന്റെ താല്പൎയ്യം ഗ്രഹിച്ചു പൂക്കൾ എല്ലാം തിന്നുകളഞ്ഞു. പിന്നെ അവനെ രാജാവിന്റെ അടുക്കൽ എടുത്ത കൊണ്ടുചെന്നപ്പൊൾ രാജാവ അവനെ നൊക്കി നീ എന്തിന്ന പൂക്കൾ കട്ടു എന്ന ചൊദിച്ചു. തിരുമെനീ ഞാൻ അങ്ങെ തൊട്ടം കാണെണമെന്ന വെച്ചു പൊയ്യല്ലാതെ പൂക്കൾ മൊഷ്ടിച്ചിട്ടില്ല എന്നെ അന്യായമായി പിടിച്ചു കൊണ്ടുവന്നു എന്ന അവൻ ഉണൎത്തിച്ചു. അന്നെരം അവന്റെ കയ്യിൽ എങ്ങും പൂക്കൾ ഇല്ലായിരുന്നതിനാൽ അവന്റെ വാക്ക സത്യമെന്ന വെച്ചു രാജാവ തൊട്ടക്കാരെ ശിക്ഷിപ്പിച്ചു അയക്കയും ചെയ്തു. അതുകൊണ്ട ബുദ്ധിമാൻ തനിക്ക വരുന്ന ആപത്തെ എന്തെങ്കിലും ഉപായം കൊണ്ട ഒഴിഞ്ഞുകൊള്ളും.

28th. STORY.

In Oude lived a king, who had a flower garden, in which he spent most of his leisure hours. This king had a minister, whose son was in the habit of going daily to the garden and stealing the flowers. The king missing a number of them, told the gardeners to watch for the thief, and having apprehended him, to bring him into his presence. They accordingly caught the lad when in the act of gathering some flowers, and having put him into a palanqueen, with the stolen property, they took him to the king's palace. Some one told the minister, who was standing near the gate, that it was his son, who having been detected in stealing the king's flowers, they were carrying before him, and that he ought to go and beg for his release. The minister loudly answered, it is of no consequence, if he has a mouth he will live. The son hearing and understanding the meaning of this speech, immediately eat all the flowers. When they brought him before the king, he asked him why he had stolen his flowers. He replied O Sir, they have brought me here unjustly, for I only went to see your garden, but did not steal any thing. As there were no flowers found upon him,

the king believed this, and having punished the gardeners, sent them away. Thus, a clever person may get himself out of a scrape by some contrivance or other.

അയൊദ്ധ്യാ *the Capital of Rama, or modern Oude,* പൂന്തൊട്ടം *a flower garden,* comp^d. of പൂ *a flower* and തൊട്ടം *a garden,* s. n. ഉണ്ടാക്കിച്ചു *having caused to be made,* past verbal part. of ഉണ്ടാക്കിക്കുന്നു *to cause to make,* causal form of ഉണ്ടാക്കുന്നു *to make.* ഒഴിച്ചിൽ *leisure.* s. n. ഉല്ലാസിക്കുന്നു *to be amused,* v. n. മകൻ *a son,* s. m. ദിവസവും *daily,* adv. comp^d. of ദിവസം *a day* and the conjunction ഉം which gives to it the signification of "*daily.*" മൊഷ്ടിക്കുന്നു *to steal,* v. a. കുറവാകുന്നു *to become less,* comp^d. of കുറവു *diminution* and ആകുന്നു *to become.* കാത്തിരിക്കുന്നു *to watch, guard,* v. a. ഉണ്ണി *a child,* s. മെനാവു *a Palanqueen,* s. n. കൊവിലകം *a Rajah's palace,* s. n. വാതുക്കൽ *at the door,* adv. അദ്ദെഹം *that person,* comp^d. of ആ *that* and ദെഹം *a body.* അങ്ങെ *your,* pron. infl. case of അങ്ങ *you,* honorific form of addressing a superior personage. തിരുമനസ്സു lit. *the will of God, of a King,* an honorific form of speaking of a King. വക *belonging to,* adj. അങ്ങുന്നു *Master, Lord.* വിട്ടുവിക്കെണ്ടയൊ *can you not cause to be released?* comp^d. of വിട്ടുവിക്ക the root of വിട്ടുവിക്കുന്നു *to cause to be released* and വെണ്ടാ *you must not,* with the interrogative particle ഒ. ഇതു ഒന്നും ഇല്ല *it is of no consequence.* വായ *the mouth,* s. n. പറഞ്ഞു നില്ക്കും *he will speak and live,* lit. *having spoken, will stand or remain,* comp^d. of പറഞ്ഞു *having spoken* and നില്ക്കുന്നു *to stand.* ഊറ്റമായി *loudly, strongly,* from ഊറ്റം *strength.* ഗ്രഹിക്കുന്നു *to understand,* v. a. തിന്നുകളയുന്നു *to eat off, to eat entirely,* comp^d. of തിന്നുന്നു *to eat,* and കളയുന്നു *to throw* used here as a verb of intensity, vide Grammar para. 229. കട്ടു *having stolen,* past verbal part. of കക്കുന്നു *to steal,* v. a. തിരുമെനി *Oh Sir,* an honorific mode of addressing Rajahs.

൨൰ാം കഥ.

അറബി രാജ്യത്തു മഹമ്മതു എന്ന സുൽത്താൻ അന്യദെശത്തു യുദ്ധം ചെയ്യും സ്വദെശത്തുള്ള പ്രജകളെ ഹിംസിച്ചും വന്നിരുന്നു അതുകൊണ്ടു അവന്റെ രാജ്യമെല്ലാം നാശമായി പൊയി. അവന്റെ മന്ത്രി തനിക്കു ഒരു ഋഷി പക്ഷി ഭാഷ പഠിപ്പിച്ചു പ്രകാരവും അതുകൊണ്ടു ഏതു പക്ഷിയും ചെല

ച്ചാൽ അതിന്റെ അൎത്ഥം അറിയാമെന്നും പറഞ്ഞുകൊണ്ടുവ
ന്നു. ഒരു നാൾ ആ മന്ത്രി രാജാവിനൊട കൂടെ നായാട്ടുവാൻ
പൊയി മടങ്ങി വരുമ്പൊൾ വഴിയിൽ ഒരു മരത്തിന്റെ കീ
ഴെ രണ്ടു മൃങ്ങകൾ ഇരുന്ന ചെലെക്കുന്നത കെട്ട രാജാവ മ
ന്ത്രിയെ നൊക്കി ഈ മൃങ്ങകൾ എന്താണ പറയുന്നത എന്ന
അറിവാൻ ഇഛയുണ്ടു. അതുകൊണ്ടു ആ വാക്കുകൾ കെട്ട അ
തിന്റെ താല്പൎയ്യം പറക എന്ന കല്പിച്ചപ്പൊൾ മന്ത്രി മരത്തി
ന്റെ സമിപത്ത പൊയിനിന്ന ബഹു ജാഗ്രതയായി കെൾക്കു
ന്നപൊലെ ശ്രദ്ധ കൊടുത്ത മടങ്ങി വന്നപ്പൊൾ എന്താണ
കെട്ടത എന്ന രാജാവ ചൊദിച്ചു. തനിക്ക ആ വാക്ക പറഞ്ഞ
കൂടാ എന്ന മന്ത്രി ഉണൎത്തിച്ചു. രാജാവ ആയ്ക്കു പൊരാ എന്ന
വിചാരിച്ച ആ മൃങ്ങകൾ പറഞ്ഞ വാക്കിനെ കെൾക്കെണം
അതുകൊണ്ടു പറക എന്ന അരുളിചെയ്യപ്പൊൾ എന്നാൽ
കെൾപ്പിൻ എന്ന മന്ത്രി ഉണൎത്തിച്ച പറഞ്ഞത എന്തെന്നാൽ
ഈ കൂമ പക്ഷികളിൽ ഒന്നിന്ന ഒരു ആണ്കുഞ്ഞും ഒന്നിന ഒ
രു പെണ്കുഞ്ഞും ഉണ്ടു അവര രണ്ടും തങ്ങളുടെ കുഞ്ഞുങ്ങളെ
തമ്മിൽ വിവാഹം ചെയ്യിക്കെണമെന്ന പ്രയത്നപ്പെടുന്നു. അ
വയിൽ ആണ്കുഞ്ഞുള്ളത പെണ്കുഞ്ഞുള്ളതിനെ നൊക്കി നി
ന്റെ മകൾക്ക ൫൦ ക്ഷയിച്ച ഗ്രാമങ്ങൾ കൊടുത്താൽ ഈ വി
വാഹത്തിന്ന ഞാൻ സമ്മതിക്കാം എന്ന പറഞ്ഞു. ദൈവത്തി
ന്റെ ദയകൊണ്ടു നമ്മുടെ മഹമ്മത സുൽത്താൻ സുഖമായി
രാജ്യം വാണുകൊണ്ടിരിക്കുന്നവരെയും പാഴ ഗ്രാമങ്ങൾക്ക എ
ന്ത കുറച്ചിൽ നീ അമ്പത ഗ്രാമങ്ങളെയൊ ചൊദിച്ചത ഞാൻ
൫൦൦ ഗ്രാമങ്ങളെ തരുന്നുണ്ടു എന്ന പെണ്കുഞ്ഞുള്ളത പറഞ്ഞ
പ്രകാരം മന്ത്രി ബൊധിപ്പിച്ചപ്പൊൾ അത രാജാവ കെട്ട ബ
ഹു വ്യസനാക്രാന്തനായി. പാഴായിപ്പൊയ ഗ്രാമങ്ങൾ എല്ലാം
വീണ്ടും നന്നാക്കിച്ച പിന്നെ സകല ജനങ്ങൾക്കും സുഖമാ
കും പ്രകാരം പരിപാലിച്ചുവന്നു.

29th. STORY.

In the country of Arabia, the Sultan Mahummud, by his wars abroad and tyranny at home, had filled his dominions with ruin and desolation. His minister pretended that he had been taught the language of the birds by a certain dervise, so that not a bird could speak but he knew what he said. One day as he was returning from hunting with the king, they saw a couple of owls upon a tree in close conversation, I should like

to know, says the king, what these owls are saying, pray listen to their discourse, and give me an account of it. The vizier approached the tree and pretended to be very attentive. On his return, the king asked him what he had heard; he replied, that he did not dare to tell him. The king would not be satisfied with this answer, but insisted upon hearing what the owls had said. You must know then, said the vizier, that one of these owls has a son and the other a daughter, between whom they are now upon a treaty of marriage. The father of the son said to the father of the daughter, I consent to the marriage, provided you settle fifty ruined villages upon your daughter for her portion. To this the other replied, instead of fifty I will give her five hundred if you please; for, thank God, as long as Sultan Mahummud reigns over us, we shall never want ruined villages; The Sultan was so touched with this story, that he rebuilt the villages which had been destroyed, and ever afterwards consulted the good of his people.

അറബി *Arabia*, s. n. അന്യദെശം *a foreign country*, s. n. യുദ്ധം *war*, s. n. സ്വദെശം *one's own country*, s. n. പ്രജകൾ *people.* നാശമാകുന്നു *to be destroyed*, v. n. from നാശം *destruction* and ആകുന്നു *to become.* ഋഷി *a sage*, s. m. പക്ഷിഭാഷ *the language of birds*, s. n. മൂങ്ങ *an owl*, s.n. എന്താണ *what? what sort of thing?* Interogative pron. ഇഛ *desire, wish*, s. n. ശ്രദ്ധകൊടുക്കുന്നു *to pay attention.* പൊരാ *insufficient*, adj. അതു പൊരാ *that is not sufficient.* എന്നാൽ *if so*, lit. *but.* ആണകുഞ്ഞ *a male child.* പെണ്കുഞ്ഞ *a female child.* അമ്പത *fifty*, num. ക്ഷയിച്ച ഗ്രാമം *a destroyed village*, comp[d]. of ക്ഷയിച്ച past verb. part. of ക്ഷയിക്കുന്നു *to be destroyed*, and ഗ്രാമം *a village*, s. n. സമ്മതിക്കുന്നു *to consent*, v. n. പാഴ *desolate, waste*, adj. കുറച്ചിൽ *deficiency*. s n അഞ്ഞൂറ *five hundred*, num. വ്യസനാക്രാന്തനാകുന്നു *to be overcome with grief*, v. n. വീണ്ടും *again.* നന്നാക്കിക്കുന്നു *to make good, cause to re-establish, repair*, v. a.

൨൦ാം കഥ.

ദണ്ഡകാരണ്യത്തിൽ ഒരു സിംഹം ഉണ്ടായിരുന്നു അത അവിടെയുള്ള മൃഗങ്ങളെ പ്പിടിച്ച ഭക്ഷിച്ച കൊണ്ട വന്നു. ആ മൃഗങ്ങൾ തങ്ങളുടെ അടുക്കൽ സിംഹം വരുന്നതുകൊണ്ട തങ്ങൾക്ക നിരന്തരമായി വന്നിരിക്കുന്ന ഭയത്തിന്ന ഒഴിവ ഉണ്ടാ

ക്കണമെന്ന വെച്ച സിംഹത്തെ നൊക്കി ഇനിമെൽ ഒരിക്ക
ലും ഞങ്ങളെ ഹിംസ ചെയ്യാതെ ഇരിക്കാമെന്ന വാഗ്ദത്തം ചെ
യ്യാൽ ദിവസെന നിങ്ങൾക്ക ഓരൊ മൃഗം വീതം തരാമെന്ന
പറഞ്ഞു. ഇപ്രകാരം ഉടമ്പടി ചെയ്തുകൊണ്ട കുറെനാൾ വ
രെയും ഇരുകക്ഷിക്കാരും ഈ ഉടമ്പടി പ്രകാരം നടന്ന വരു
മ്പൊൾ ഒടുക്കം സിംഹത്തിന്റെ അടുക്കൽ ഒരു നരി പൊകെ
ണ്ടുന്ന മുറ വന്നു. അതുകൊണ്ട സിംഹത്തിന്ന ആഹാരമാ
യി ഭവിപ്പാൻ ആ നരിക്ക സമ്മതമില്ലായ്കയാൽ ആ സിംഹ
ത്തെ കൊന്ന തന്റെ പ്രാണനെ രക്ഷിച്ചുകൊള്ളുന്നതിന്ന
ഏതെങ്കിലും സൂത്രം ഉണ്ടാക്കെണമെന്ന നിശ്ചയിച്ച പതു
ക്കെ നടന്ന ചെന്നു. അപ്പൊൾ അത നെരത്തിന്ന വരാ
തെ പൊയി എന്നവെച്ച സിംഹം എത്രയും കൊപിച്ചുകൊ
ണ്ട ഇപ്രകാരം താമസിപ്പാൻ കാരണം എന്ത- പറക എന്ന
കുറുക്കനൊട ചൊദിച്ചു. അന്നെരം കുറുക്കൻ സിംഹത്തെ
നൊക്കി അങ്ങുന്നെ മൃഗങ്ങൾ അങ്ങെക്ക ആഹാരത്തിന്നാ
യ്ക്കൊണ്ട ഒരു കുറുക്കനെ എന്നെ ഏല്പിച്ചയച്ചു. എന്നാൽ ഇ
ങ്ങൊട്ട വരുന്ന വഴിമെൽ എന്റെ നെരെ മറ്റൊരു സിംഹം
അടുത്തുകൂടി നിങ്ങളുടെ ആഹാരത്തെ എടുത്തുകൊണ്ടുപൊയ്യും
അല്ലാതെ നിങ്ങളുടെ അടുക്കൽ വന്ന ഈ സംഗതി അറിയി
പ്പാൻ പറഞ്ഞു എന്ന ബൊധിപ്പിച്ചു. ആ സിംഹം ഈ വാ
ക്ക കെട്ട തന്റെ ശത്രു ഇരിക്കുന്ന സ്ഥലത്തെക്ക തൽക്ഷണം
തന്നെക്കൂട്ടി കൊണ്ടുപൊകെണം എന്ന കല്പിച്ചു. ഈ ഉപാ
യി ആയ കുറുക്കൻ ആ സിംഹത്തെ ഒരു കിണറ്റിന്റെ അരി
കെ കൂട്ടിക്കൊണ്ടുപൊയി മറ്റെ സിംഹം ആ കിണറ്റിൽ ഉ
ണ്ടെന്ന പറഞ്ഞു. ഇനിക്കും ആ സിംഹത്തെ കാണെണം
അതുകൊണ്ട എന്നെ എടുത്ത വെച്ച കാട്ടെണമെന്ന അപെ
ക്ഷിച്ചു. ആ സിംഹം വെള്ളത്തിലൊട്ട കുനിഞ്ഞ നൊക്കു
മ്പൊൾ കുറുക്കനെ എടുത്തുകൊണ്ടിരിക്കുംപ്രകാരം തന്റെ ഛാ
യ വെള്ളത്തിൽ കണ്ടു. അപ്പൊൾ തന്റെ ആഹാരത്തെ ത
ന്റെ ശത്രു തിന്നു എന്ന ഊഹിച്ചുംകൊണ്ട ആ കുറുക്കനെ
താഴെ വെച്ച അതിക്രൊധത്തൊട കൂടി കിണറ്റിലെക്ക ചാടി.
ഉടനെ അപായം വരികയും ചെയ്തു. അതുകൊണ്ട പ്രബല
ന്മാരായ ശത്രുക്കളെ ഉപായംകൊണ്ട നശിപ്പിക്കാം.

30th. STORY.

In the forest of Dundakah there was a lion, who was in the habit of attacking and devouring the beasts thereof. To rid

themselves from the constant fear in which they were kept of his approach, the beasts made a proposal of supplying him with one animal every day, if he would promise not to attack them any more. This agreement was entered into, and punctually performed for some time on both sides. At last it fell to the lot of a Jackall to be sent to the lion, who by no means relishing the idea of being made a meal of, walked slowly along, meditating on some contrivance to kill the lion and save his own life. The lion finding the animal did not arrive at the prescribed hour, became greatly enraged, and insisted on knowing the cause of the delay; upon which the Jackall thus addressed him, "O Sir, a brother Jackall was despatched by the beasts under my charge as a meal for you, but on the road hither I encountered another lion, who took away your food, and told me I might come and tell you of it." The lion upon hearing this, ordered him instantly to conduct him to the place where his enemy was. The artful Jackall took him to the side of a well, and telling him that the other lion was in it, begged him to take him up in his arms, that he might also have a look at him. When the lion saw in the water the reflection of himself, with the Jackall in his arms, he immediately concluded that it was his enemy devouring his food, and having dropped the Jackall, he made a furious leap into the well and instantly perished. Thus, we should destroy our powerful enemies by stratagem.

സിംഹം *a lion*, s. n. മൃഗം *a beast, an animal*, s. n. ഭക്ഷിക്കുന്നു *to eat*, v. a. നിരന്തരമായി *always, constantly*, adv. ഒഴിവു *cessation, deliverance*, s. n. ഒഴിവു ഉണ്ടാക്കുന്നു *to deliver from, to get rid of.* ഒരിക്കലും *once, at any time*, adv. വാഗ്ദത്തം *a promise*, s. n. ദിവസെന്ന *every day, daily*, adv. വീതം *at the rate of*, adv. ഉടമ്പടി *a bargain, contract.* ഇരുകക്ഷിക്കാര *both parties*, comp^d. of ഇരു *two* and കക്ഷിക്കാര *parties.* ഒടുക്കം *at last*, adv. നരി *a jackall.* s. n. മുറ *duty, turn*, s. n. ഭവിക്കുന്നു *to become*, v. n. സമ്മതം *consent*, s. n. സൂത്രം *an artifice*, s. n. പതുക്കെ *slowly*, adv. നെരം *time.* നെരത്തിന്ന *at the time, at the appointed time.* കാരണം *a cause, reason*, s. n. കുറുക്കൻ *a jackall*, s. n. ഏല്പിക്കുന്നു *to deliver in charge to*, v. a. അയക്കുന്നു *to send*, v. a. ഇങ്ങൊട്ടു *this way, in this direction*, adv. നെരെ *against*, post pos. അടുക്കുന്നു *to approach*, v. n. കൊണ്ടുപൊ

യ്യും അല്ലാതെ *besides taking away*, comp[d]. of കൊണ്ടുപൊയ്യ *the act of taking away with* the conjunction ഉം having the signification of "*even*" and അല്ലാതെ *besides*. തൽക്ഷണം *immediately*, adv. ഉപായി ആയ *skilful, cunning*, adj. ഓട്ടു *towards*, post pos. കുനിയുന്നു *to lean*, v. n. ഛായ *a shadow*, s. n. ഊഹിക്കുന്നു *to suppose, suspect*. അതിക്രൊധം *excessive anger*, s. n. പ്രബലൻ *powerful*, adj.

൩൧ാം കഥ.

സകല ശാസ്ത്ര സമൎത്ഥനായിരിക്കുന്ന ഒരു ബ്രാഹ്മണൻ തന്റെ ശിഷ്യരൊട കൂടെ കാശിയാത്ര പുറപ്പെട്ടു പൊകുമ്പൊൾ ഒരു നാൾ ഉച്ചതിരിഞ്ഞ അസ്തമിപ്പാറായ സമയത്ത ഒരു കാട്ടിന്ന സമീപത്ത പശുക്കൂട്ടത്തെ മെയിച്ചുകൊണ്ടിരുന്ന ഒരു ബ്രാഹ്മണക്കുട്ടിയെ കണ്ടു താൻ ആ രാത്രി തങ്ങാനുള്ള ഗ്രാമം അവിടെനിന്ന എത്ര ദൂരത്താണെന്ന അവനൊട ചൊദിച്ചു. അതിന്ന ആ ചെക്കൻ പറഞ്ഞത എന്തെന്നാൽ എന്നെ നൊക്കിൻ ഞാൻ മെയിക്കുന്ന പശുക്കളെ നൊക്കിൻ കാടു നൊക്കിൻ നെരം നൊക്കിൻ ഇതുകൊണ്ടു നിങ്ങൾ ചൊദിച്ച ചൊദ്യത്തിന്ന ഉത്തരം അറിഞ്ഞുകൊള്ളാം. ഗ്രാമം ഇവിടെനിന്ന അതി സമീപത്ത ഇല്ലാതെ പൊയാൽ എന്നെ പൊലെയുള്ള ചെക്കൻ ഒരു കാട്ടിന്ന സമീപത്ത ഒരു നെരത്ത ഇത്ര പശുക്കളെ മെയിച്ചുകൊണ്ടിരിക്കുമൊ എന്ന പറഞ്ഞപ്പൊൾ ഒരു യുക്തമായുള്ള ഉത്തരം കെട്ട ബ്രാഹ്മണൻ ആ ചെക്കന്റെ ബുദ്ധിയിങ്കൽ പ്രസാദിച്ച അവന്റെ പിന്നാലെ അവന്റെ വീട്ടിലെക്ക പൊയി അവന്റെ അഛനെക്കണ്ടു നിന്റെ മകൻ ബഹു ബുദ്ധിശാലി പശുക്കളെ മെയിക്കുന്നതിന്നുള്ള യൊഗ്യതയല്ല അവന്നുള്ളത. ഇവനെ എന്റെ ശിഷ്യരൊട കൂടെ ചെൎത്ത എന്നെ ഏല്പിച്ച കാശിക്ക അയച്ചാൽ ഇവനെ വിദ്യ പഠിപ്പിക്കുന്നുണ്ടു എന്ന പറഞ്ഞപ്പൊൾ അതിന്ന അവന്റെ അച്ഛൻ സമ്മതിച്ചു. അതിന്റെ ശെഷം ആ ചെറുക്കൻ ബഹു സമൎത്ഥനാകയും ചെയ്തു.

31st. STORY.

A Brahmin well versed in every branch of science, journeying with his disciples on a pilgrimage to Benares, about sun-set one evening met a young boy, the son of a Brahmin, who was feeding a herd of cattle near a forest, whom he asked the dis-

tance to the next village, where he proposed to halt for the night. The boy replied, look at me, at the cattle I am feeding, the forest, and the sun, and your question will be answered, for if the village was not very near, would such a young boy as I am, be feeding so many cattle near a forest at this time of day. From this sensible reply, the Brahmin formed a high opinion of the boy's abilities, and following him home, he told his father that the lad was too clever to be employed in feeding cows, and requested that he might be allowed to take him with his other disciples to Benares, where he would educate him. To this the father consented, and the lad afterwards turned out a very shining character.

സകല *all*, adj. ശാസ്ത്രം *a science*, s. n. സാമൎത്ഥനായ *clever*, adj. ശിഷ്യൻ *a pupil*, s. m. കാശിയാത്ര *a pilgrimage to Kashe*, (Benares) യാത്ര *a pilgrimage*, s. n. പുറപ്പെടുന്നു *to set out* v. n. ഉച്ച *noon*. ഉച്ചതിരിയുന്നു lit. *the noon to turn*. അസ്തമിപ്പാറായ സമയത്ത *at the time that the sun was ready to set*, comp[d.] of അസ്തമിപ്പാൻ the infin. mood of അസ്തമിക്കുന്നു *the sun to set* and ആറായി *on the point of*, vide Grammar para. 215. കൂട്ടം *a flock, herd*, s. n. മെയിക്കുന്നു *to feed, to cause to graze*. തങ്ങുന്നു *to stop, to halt*, v. n. ആണ abbrev. form of ആകുന്നു. ഉത്തരം *an answer*, s. n. പ്രസാദിക്കുന്നു *to be pleased*, v. n.

൩൨ാം കഥ.

ഒരു രാജാവിന്റെ അടുക്കൽ രണ്ടു ആശ്രിതന്മാര ഉണ്ടായിരുന്നു അവരിൽ ഒരുത്തൻ ബ്രാഹ്മണൻ ഒരുത്തൻ മാപ്പിള ആ രാജാവ അവൎക്ക നിത്യവും സമ്മാനങ്ങൾ കൊടുത്ത വരാറുണ്ടായിരുന്നു. അതുകൊണ്ടു അവൎക്ക വെണ്ടതൊക്കെയും ഉണ്ടായി സുഖത്തോടെ കാലം കഴിച്ചു വന്നു. ഒരുനാൾ രാജാവ അവരെ നൊക്കി നിങ്ങൾ ഇപ്രകാരം സൌഖ്യം അനുഭവിക്കുന്നത ആരുടെ ദയകൊണ്ടു എന്ന ചൊദിച്ചു. അതിന്ന ആ ബ്രാഹ്മണൻ ഇനിക്ക പ്രഭുവായിരിക്കുന്ന നിങ്ങളുടെ ദയകൊണ്ടു സുഖമായിരിക്കുന്നു എന്ന പറഞ്ഞു മാപ്പിള ദൈവത്തിന്റെ ദയകൊണ്ടാണ ഇനിക്ക സൌഖ്യമുണ്ടായിരിക്കുന്നത എന്ന പറഞ്ഞു. രാജാവ ഇവര പറഞ്ഞ വാക്ക പരീക്ഷിക്കെണമെന്ന വിചാരിച്ചു ഒരു മത്തങ്ങ നിറയ മുത്തിട്ടു അത ബ്രാഹ്മ

ണെന്ന കൊടുത്തു ആ മാപ്പിളക്ക രണ്ട പണവും കൊടുത്തു. അവര വീട്ടിലെക്ക പൊകുമ്പൊൾ വഴിയിൽ വെച്ച ആ ബ്രാഹ്മണൻ മത്തങ്ങയിൽ മുത്തുള്ള വിവരം അറിഞ്ഞിട്ടില്ലായ്കകൊണ്ട രാജാവ തനിക്ക കൊടുത്ത സമ്മാനം ബൊധിക്കാതെ മാപ്പിളയെ നൊക്കി ഈ മത്തങ്ങ നിനക്ക രണ്ട പണത്തിന്ന തരാമെന്ന പറഞ്ഞു അതിന്ന ആ മാപ്പിള സമ്മതിച്ച വാങ്ങുകയും ചെയ്തു. പിന്നെ അവൻ അത പൊട്ടിച്ച നൊക്കിയാറെ അതിൽനിന്ന അനവധി ധനം കിട്ടി അന്നെരം അവൻ വളരെ സന്തൊഷിച്ച രാജാവിന്റെ അടുക്കലെക്ക പൊയി ഈ വിവരം പറഞ്ഞു. അത കാരണത്താൽ ആ രാജാവിന്റെ ദുരാഭിമാനത്തിന്ന വളരെ പൊറുതിയായി. അതുകൊണ്ട ഈശ്വര സഹായം ഇല്ലാഞ്ഞാൽ മനുഷ്യ പ്രയത്നങ്ങൾ വ്യർത്ഥമാകുന്നു.

32nd. STORY.

A certain King had two favorites, the one a Brahmin and the other a mussulman, to whom he was constantly giving presents, by means of which they became rich and lived happily. One day the King asked them by whose favour they enjoyed their present happiness. The Brahmin immediately replied, that he was indebted for his, solely to his sovereign; but the mussulman declared, that he derived his from the grace of God. The King, wishing to put their assertions to the test, filled a pumpkin with pearls, which he delivered to the Brahmin, and at the same time presented the mussulman with two fanams. In their way home, the former, not knowing the contents of the pumpkin, began to grumble at the King's present, and told the latter he would sell it to him, for his two fanams; to which the mussulman consented. When he broke it, and found the immense wealth that it contained, he returned with great glee, and related the adventure to the King, whose vanity was completely cured by this lesson. Thus, unassisted by the hand of Providence human exertions are vain.

ആശ്രിതൻ *a dependant, a favourite*, s. m. മാപ്പിള *a Mapla, a race of Mahommadans on the Western coast.* നിത്യവും *always, constantly*, adv. സമ്മാനം *a present*, s. n. വെണ്ടതൊക്കെയും *all that is necessary*, comp^d. of വെണ്ട an abbrev. form of വെണ്ടുന്ന *necessary*, അത *that* and ഒക്കെയും *all.* സൌഖ്യം *happiness*, s. n. പ്രഭു *a lord*,

master, s. m. പരിക്ഷിക്കുന്നു *to try*, *examine*, *test*, v. a. മത്തങ്ങ *a pumpkin*, s. n. നിറയ *fully*, adv. മുത്ത *a pearl*, s. n. ബൊധിക്കുന്നു *to understand*, v. a. വാങ്ങുകയും ചെയ്തു *purchased*, compd. of വാങ്ങുക the verbal noun of വാങ്ങുന്നു *to purchase*, *obtain*, with the affix ഉം and ചെയ്തു 3rd P. sing. past tense of ചെയ്യുന്നു *to make.* The abstract verbal nouns with the verb ചെയ്യുന്നു are frequently used in this way in Malayalim, the conjunction ഉം being an expletive which is usually affixed without adding in any way to the meaning. പൊട്ടിക്കുന്നു *to break*, *to crack*, v. a. അനവധി *immense*, adj. വിവരം *particulars*, s. n. ദുരാഭിമാനം *pride*, *vanity*, s. n. നിഷ്ഫലം *fruitless*, adj. തന്നെ *only*, *indeed*, an expletive, the use of which in Malayalim may be compared to that of the particle ని in Teloogoo.

൩൩ാം കഥ.

ഒരു ദരിദ്രനായ ബ്രാഹ്മണൻ ഒരു നാൾ ഒരു കച്ചവടക്കാരന്റെ വക്കൽനിന്ന ഒരു കുടം മാവു പൊടി ദാനം മെടിച്ചു തന്റെ വീട്ടിലെക്ക പൊകുമ്പൊൾ വഴിയിൽവെച്ചു കുഴങ്ങി ഒരു വീട്ടിന്റെ ഒരു തിണ്ണമെൽ ഇരുന്ന യൊജന ചെയ്തത എന്തെന്നാൽ. ഈ ഒരു കുടം മാവു പൊടി വിററാൽ ഇനിക്ക അര ഉറുപ്പിക കിട്ടും ആ അര ഉറുപ്പികക്ക ഒരു ആട്ടിൻകുട്ടിയെ വാങ്ങാം ആ ആട്ടിൻകുട്ടി പെററ പെരുകി കുറയ നാൾകൊണ്ട വിസ്താരമായ ഒരു കൂട്ടം ഉണ്ടാകും അതിന്റെ ശെഷം ആ ആട്ടിൻകൂട്ടത്തെ വിററ പശു കന്ന മുതലായവകളെ വാങ്ങാം. അതുകൊണ്ട കുറയക്കാലത്തിന്നകത്ത ഞാൻ രണ്ടായിരം പശുക്കൾക്ക യജമാനൻ ആകും. പിന്നെ ഒരു വലിയ മാളിക വീട വാങ്ങി വിശെഷമായ സാമാനങ്ങൾ കൊണ്ട അതിനെ നന്നായി അലങ്കരിച്ചു സൌന്ദൎയ്യപൂൎത്തിയായ ഒരു സ്ത്രീയെ വിവാഹം ചെയ്യും അവൾ പെററ ഒരു മകൻ ഉണ്ടാകും അപ്പൊൾ എന്റെ മനൊ അഭിലാഷം പൂൎത്തിയാകും. ആ സമയം എന്റെ ഭാൎയ്യ എന്റെ മെൽ ബഹു പ്രെമമായിരിക്കും എന്നാൽ അവൾക്ക ഞാൻ എറ സ്വാതന്ത്ര്യം കൊടുക്കയില്ല എപ്പൊൾ എങ്കിലും അവൾ എന്നൊട രസിപ്പാൻ വന്നാൽ അവളെപ്പുറത്ത ആട്ടിഒടിക്കും ചിലപ്പൊൾ അവളെ അടിക്കയും ചെയ്യും. ഈ ഒടുവിലെ വാക്ക പറഞ്ഞപ്പൊൾ ഗ്രഹപ്പിഴയാൽ ആ വാക്കിന്ന ശരിയായി കാല ഇളക്കി അന്നെരം കാല തട്ടി ആ ഒരു കുടം

മാവും മണ്ണിൽ ചിന്നിപ്പോയി. ഇങ്ങിനെ താൻ മെലിൽ സൌഖ്യം അനുഭവിക്കമെന്ന മനം കൊണ്ട കണ്ട സ്വപ്നമെല്ലാം വ്യൎത്ഥമായിഭവിച്ചു.

33rd. STORY.

A Brahmin in indigent circumstances, one day received a pot of flour as a present from a certain merchant. In his way home, being tired, he seated himself on the verandah of a house, and said thus to himself—"if I sell this pot of flour I shall get half a Rupee for it, with which, I can purchase a lamb; this in a short time will produce me a whole flock, I will then sell them and buy cows, buffaloes, &c. and thus in a few years I shall be master of about two thousand head of cattle. I will then purchase a large house, which I will furnish elegantly, and marry a beautiful young lady, who will complete my happiness by giving me a son. My wife will be particularly fond of me, but in order that she may not be too familiar, I shall some times repel her when she comes to caress me, and I may even give her a kick now and then." Unfortunately, he suited the action to the word when speaking the last sentence, and kicked the pot of flour into the dirt, with which went all his dreams of future happiness.

കച്ചവടക്കാരൻ *a merchant*, s. m. പക്കൽ *with, from*, post pos. കുടം *a pot*, s. n. മാവപൊടി *flour*, s. n. മെടിക്കുന്നു *to procure, to receive*, v. a. കുഴങ്ങി *being tired*, past verbal part. of കുഴങ്ങുന്നു *to be tired*, v. n. തിണ്ണ *a pial, verandah*, s. n. അര *half*, adj. ഉറുപ്പിക *a Rupee*, s. n. ആട്ടിൻകുട്ടി *a lamb*, s. m. or f. പെറുന്നു *to bring forth young*, v. n. പെരുകുന്നു *to increase*, v. n. കൂട്ടം *a flock*, s. n. പശു *a cow*, s. f. കന്ന *a buffaloe*, s. n. മുതലായ *et cetera*. അകത്ത *within*, post pos. രണ്ടായിരം *two thousand*, num. എജമാനൻ *Master*, s. m. വലിയ *large*, adj. മാളികവീട *an upstair house*, s. n. വിശെഷമായ *fine*, adj. സാമാനം *furniture*, s. n. നന്നെ *well*, adv. അലങ്കരിക്കുന്നു *to ornament*, v. a. സൌന്ദൎയ്യപതി ആയ *beautiful*, adj. f. വിവാഹം *marriage*, s. n. മനൊ അഭിലാഷം *wish of the mind*, comp$^{d.}$ of മനസ്സ *the mind* and അഭിലാഷം *wish, desire*, s. n. പൂൎത്തിയായ *accomplished, fulfilled*, adj. പ്രെമം *affection*. പ്രെമമായി *affectionately*, adv. സ്വാതന്ത്ര്യം *liberty*, s. n. എപ്പൊഴെങ്കിലും *whenever* conj. സരസിക്കുന്നു *to dally with*, v. n. പുറത്ത *outside*, adv.

ആട്ടുന്നു *to drive out*, v. a. ഓടിക്കുന്നു *to drive away*, v. a. ചിലപ്പൊൾ *sometimes*, adv. അടിക്കുന്നു *to beat*, v. a. ഗ്രഹപ്പിഴ *misfortune* s. n. ശരിയായി *equally, suitably*, adv. ഇളക്കുന്നു *to move*, v. a. മണ്ണ *earth*, s. n. ചിന്നുന്നു *to be scattered*, v. n. സ്വപ്നം *a dream*, s. n. വ്യൎത്ഥമായി *vainly*, adv.

൩൯ാം കഥ.

ഒരു പട്ടണത്തിൽ ഒരു കച്ചവടക്കാരന്റെ വീട്ടിന്റെ പൎയ്യം
പുറത്ത ഒരു തൊട്ടം ഉണ്ടായിരുന്ന ആ തൊട്ടത്തിൽ നാനാ
വിധം നട്ടുതലകൾ നട്ട വളൎത്തീട്ടുണ്ടായിരുന്ന ഒരു നാൾ ആ
പറമ്പിന്റെ പടിവാതിൽ തുറന്ന കിടന്ന സമയത്ത ഒരു വെ
ളുത്തെടന്റെ കഴുത ആ തൊട്ടത്തിൽ കെറി നട്ടുതല തിന്മാൻ
തുടങ്ങി. താൻ ഇഷ്ടമായി നട്ട വളൎത്തിക്കൊണ്ടുവന്ന തൈകൾ
തിന്നപൊയ്യുകണ്ട ആ കച്ചവടക്കാരന്റെ ഭാൎയ്യ വളരെ ദെ
ഷ്യപ്പെട്ട ഒരു വലിയ വടി എടുത്ത ആ കഴുതയുടെ കാൽ അ
ടിച്ചു ഒടിച്ചു ആ സംഗതി വെളുത്തെടൻ കെട്ട കച്ചവടക്കാര
ന്റെ ഭാൎയ്യയുടെ അടുക്കൽ വന്ന അപ്പൊൾ അവൾ ഗൎഭിണി
യായിരുന്ന അവൻ അവളെ അസഭ്യം പറഞ്ഞ വയററത്ത
അടിച്ചു അതിനാൽ അവളുടെ ഗൎഭം അലസിപ്പൊയി. അതി
ന്റെ ശെഷം ആ കച്ചവടക്കാരൻ ന്യായാധിപതിയുടെ അടു
ക്കൽപ്പൊയി തനിക്ക വയസ്സു കാലത്ത ആദരവും സംരക്ഷ
ണയും ആയിരിക്കും പ്രകാരം പിറപ്പാനിരുന്ന മകനെ കുറി
ച്ചു താൻ വളരെ ആഗ്രഹിച്ചു കാത്തുകൊണ്ടിരുന്ന എന്നും അ
ങ്ങിനെ ഉണ്ടാവാനിരുന്ന മകനെ വെളുത്തെടൻ കൊന്നുകള
ഞ്ഞു എന്നും സങ്കടം ബൊധിപ്പിച്ചു. അതിന്ന വിരൊധമാ
യി വെളുത്തെടൻ താൻ ദിനം പ്രതി അലക്കുന്ന വസ്ത്രങ്ങൾ
ചുമന്ന കൊണ്ടുപൊകുന്ന കഴുത ൟ കച്ചവടക്കാരന്റെ ഭാൎയ്യ
നിമിത്തം തനിക്ക ഉപയൊഗം ഇല്ലാതെ പൊയിരിക്കുന്ന എ
ന്ന പറഞ്ഞു. ന്യായാധിപതി കുറെ നെരം ആലൊചന ചെ
യ്തു കഴുതയുടെ കാൽ സ്വസ്ഥമാവൊളം വെളുത്തെടൻ അലക്കു
ന്ന വസ്ത്രങ്ങളെല്ലാം കച്ചവടക്കാരൻ ചുമക്കെണമെന്നും അ
വന്റെ ഭാൎയ്യക്ക ഗൎഭം ഉണ്ടായി അവളെ തന്റെ ഭൎത്താവി
ന്റെ പക്കൽ എല്പിപ്പാൻ സംഗതി വരുന്ന വരെക്കും അവ
ളെ ആ വെളുത്തെടൻ വെച്ചിരിക്കെണമെന്നും തീൎപ്പു ചെയ്തു.

34th. STORY.

A merchant in a certain city, had a garden at the back of his house, in which he cultivated all sorts of vegetables. One day an ass belonging to a washerman, finding the door open, entered and began to graze. The merchant's wife, seeing the damage done to her favorite shrubs, became greatly enraged, and seizing a large stick, she struck the ass with such force, that she broke it's leg; this being reported to the owner, he came to the merchant's wife, who happened at that time to be pregnant, and after having abused her, he gave her such a kick in the stomach that he caused a miscarriage. The merchant upon this preferred a complaint before the Magistrate against the washerman, for having destroyed the son, whom he was anxiously expecting as a solace and support in his old age. The washerman in his defence stated, that by means of the merchant's wife he had been deprived of the service of the ass; which carried the clothes he was daily in the habit of washing. The Magistrate having reflected for a short time, decided, that the merchant should carry the washerman's clothes, until the leg of the ass should be cured; and that the washerman should keep the merchant's wife until he could restore her to her husband in a pregnant state.

നാനാവിധം *many kinds.* നടുതല *a plant, vegetable,* s. n. നടുന്നു *to plant,* v. a. പറമ്പ *a garden,* s. n. പടിവാതിൽ *the outer gate,* s. n. തുറക്കുന്നു *to be open,* v. n. കിടക്കുന്നു *to lie down,* v. n. കഴുത *an ass,* s. m. or f. കെറുന്നു *to enter,* v. n. ഇഷ്ടമായി *with pleasure,* adv. തൈ *a young plant,* s. n. വടി *a stick,* s. n. ഒടെക്കുന്നു *to break,* v. a. ഗൎഭിണി *a pregnant woman,* s. f. അസഭ്യം *bad language.* വയറ *the belly,* s. n. അലസുന്നു *to miscarry,* v. n. വയസ്സകാലം *old age,* s. n. ആദരവ *comfort,* s. n. സംരക്ഷണ *support, protection,* s. n. പിറക്കുന്നു *to be born,* v. n. സങ്കടം *a complaint,* s. n. വിരൊധം *opposition,* s. n. അലക്കുന്നു *to wash,* v. a. വസ്ത്രം *a cloth,* s. n. വെക്കുന്നു *to keep,* v. a. തീൎപ്പ *a decision,* s. n.

൩൫ാം കഥ.

ഒരു പട്ടണത്ത ഒരു കച്ചവടക്കാരന്ന ഒരു സ്നെഹിതനുണ്ടാ

യിരുന്നു അവന്ന ചെവി കെൾപ്പാൻ വഹിയായിരുന്നു. ഒ
രിക്കൽ ആ കച്ചവടക്കാരന്ന ദീനമാണെന്ന കെട്ട ആയ്യ എ
ന്തെന്ന വിചാരിച്ചവരുവാൻ വെണ്ടി ആ ചെകിടൻ പുറപ്പെ
ട്ട പൊകുമ്പൊൾ തന്റെ സ്നെഹിതനുമായി സംസാരിക്കെണ്ടു
ന്ന സംഗതിയെ കുറിച്ച വഴിയിൽ ആലൊചിച്ചത എന്തെ
ന്നാൽ. ഞാൻ അവനെ നൊക്കി തൊഴുതതിന്റെ ശെഷം ഏ
ഹെ നിന്റെ ശരീരസ്ഥിതി ഇന്ന എങ്ങിനെയിരിക്കുന്നു എ
ന്ന ഒന്നാമത ചൊദിക്കും കുറെ വെണ്ടതില്ലെന്ന അവൻ ഉ
ത്തരം പറയും. അതിന്റെ ശെഷം തനിക്ക പത്ഥ്യം എന്തെ
ന്ന ചൊദിക്കുമ്പൊൾ ഉപ്പില്ലാ ചൊറ എന്ന അവൻ പറയും
അതുകൊണ്ട നിനക്ക സ്വസ്ഥം ആകട്ടെ എന്ന പറഞ്ഞ നി
നക്ക ചികിത്സിക്കുന്ന വൈദ്യൻ ആരെന്ന ചൊദിക്കും. ഇ
ന്ന വൈദ്യൻ എന്ന അവൻ പറയും. അവൻ ചെയ്യുന്ന ചി
കിത്സ ഫലിക്കുന്നതിന്ന അവന്ന ദൈവം സഹായം ചെയ്യു
ട്ടെ എന്ന ഞാനും ഉത്തരം പറയും. ഇപ്രകാരം യൊചന ചെ
യ്തുകൊണ്ട അവന്റെ വീട്ടിൽ ചെന്ന അവനെ തൊഴുത അ
വന്റെ അരികെ ഇരുന്ന എടൊ സ്നെഹിതാ തന്റെ ദെഹം
എങ്ങിനെയിരിക്കുന്നു എന്ന ചൊദിച്ചു ജ്വരം കലശലായി വ
ന്ന ബഹു അപായമായിരിക്കുന്നു എന്ന അവൻ പറഞ്ഞു.
ആ വാക്ക ഒരം ചെകിടൻ കെൾക്കാതെ മുമ്പെ താൻ യൊജന
ചെയ്തപ്രകാരം തന്നെയാണ അവന്റെ ഉത്തരമെന്ന ഓർത്തു
കൊണ്ട സന്തൊഷം ദൈവം നിന്നെ അപ്രകാരം തന്നെ
വെച്ചേക്കട്ടെ എന്ന പറഞ്ഞു. ആ കച്ചവടക്കാരൻ മുമ്പെ ത
ന്നെ രൊഗം കൊണ്ട വളരെ വെറുപ്പായിരുന്നു പിന്നെ ആ
വെറുപ്പ അധികമായി. നിനക്ക പത്ഥ്യം എന്തെന്ന ആ ചെ
കിടൻ ചൊദിച്ചു എന്തൊ മണ്ണു നീ പൊ എന്ന ഉത്തരം പറ
ഞ്ഞു. അപ്പൊൾ അവൻ അതിനാൽത്തന്നെ തനിക്ക സൌ
ഖ്യം വരട്ടെ എന്ന പറഞ്ഞു. സ്നെഹിതാ തനിക്ക ചികിത്സിക്കു
ന്ന വൈദ്യൻ ആരെന്ന ചൊദിച്ചു. ആ ദീനക്കാരൻ കൊപം
കൊണ്ട ജ്വലിച്ച യമൻ തന്നെ എനിക്ക വൈദ്യൻ എന്ന പ
റഞ്ഞു. അവൻ ചെയ്യുന്ന ചികിത്സക്ക ദൈവവും സഹായമാ
യിരിക്കട്ടെ എന്നും ചെകിടൻ ഉത്തരം പറകയും ചെയ്തു.

35th. STORY.

In a certain city, a merchant had a friend who was hard of hearing. The deaf man learning that the merchant was ill,

went to enquire after him, and while going along the road, he made up his mind to hold the following discourse with his friend. After salutation I will first ask, well, Sir, how do you feel yourself to-day? he will say better, and I shall rejoin, very good; I will then enquire as to his diet, and he will say rice without salt, to which I shall answer, may it do you much service. I shall afterwards put the question, pray who is your physician? he will of course tell me, doctor such a person, and I may safely add, may God assist him in the accomplishment of his work. At length, having settled this plan, he reached the house, and after the usual compliments, he seated himself near the patient; my friend, says he, how are you? the sick man replied, that he was very much troubled with a violent fever; the deaf man (who not understanding what he had said, thought that he was answering according to the plan he had settled for him beforehand,) replied "excellent," I hope God will keep you so; the merchant (patient) already peevish enough with the disease, was made more so by this speech; the deaf man next asked, what is your diet? and was answered fiddlesticks; may they do you much good, said he; and pray, my good fellow, say which of the faculty attends you; the sick man boiling with indignation, cried, doctor death himself; very well, quoth the deaf man, may God speed his prescription.

ചെവി *the ear*, s. n. കെൾക്കുന്നു *to hear*, v. a. വഹിയായിതന്നു *was unable*, third, p. sing. past tense of the defective verb വഹിയ *it is impossible.* ദീനം *sickness*, s. n. ചെകിടൻ *a deaf man*, s. m. തൊഴുന്നു *to salute*, v. a. ഇന്ന *to-day*, adv. ഒന്നാമത *first, in the first place*, adv. പത്ഥ്യം *diet, food*, s. n. ഉപ്പ *salt.* ചൊറ *rice*, s. n. സ്വസ്ഥം *health, relief*, s. n. ആകട്ടെ *may there be*, optative mood of ആകുന്നു *to become.* ചികിത്സിക്കുന്നു *to cure, to administer medicine*, v. a. വൈദ്യൻ *a Physician*, s. m. ഇന്ന *such*, adj. ഫലിക്കുന്നു *to succeed*, v. n. സ്നെഹിതൻ *a friend*, s. m. ജ്വരം *fever*, s. n. കലശലായി *severely*, adv. അപായം *danger*, s. n. രൊഗം *sickness*, s. n. വെറുപ്പ *vexation*, s. n. എന്തൊ മണ്ണ നീ പൊ *fiddlesticks*, lit. *some dirt or other, go.* ദീനക്കാരൻ *a sick man.* ജ്വലിക്കുന്നു *to burn, to be inflamed, irritated*, v. n. യമൻ *the Devil*, s. m.

൩൰ാം കഥ.

ദക്ഷിണ ദെശത്ത ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അവന്ന രണ്ട ഭാൎയ്യമാർ അവരിൽ മൂത്ത ഭാൎയ്യക്ക ഒരു ആൺകുഞ്ഞ പിറന്നു. ആക്കുഞ്ഞിന്ന ഏഴ മാസം പ്രായമായപ്പൊൾ ആ ബ്രാഹ്മണൻ കാശിക്ക പൊകെണമെന്ന നിശ്ചയിച്ച തന്റെ ഭാൎയ്യമാരെയും കൂട്ടിക്കൊണ്ട പുറപ്പെട്ട കുറെ ദൂരം പൊയി വഴിയിൽ വെച്ച മരിച്ചു. ആ സ്ത്രീകൾ അവിടെ ഒരു ഗ്രാമത്തിൽ കെറി ആക്കുഞ്ഞിനെ ഇരുപെരും കൂടി വളരെ ലാളിച്ച വളൎത്തികൊണ്ട വന്നു. അതുകൊണ്ട അവൻ ആ ഇരുപെരിൽ തന്റെ തള്ള എവളെന്ന അറിയാതെ ഇരുന്നു. ഇങ്ങിനെ ഇരിക്കുമ്പൊൾ ഒരു നാൾ ഇളയ ഭാൎയ്യ മൂത്ത ഭാൎയ്യയൊട കലഹിച്ച ഇനി ഞാൻ നിന്നൊട കൂടി പാൎക്ക ഇല്ലെന്ന പറഞ്ഞ കുഞ്ഞിനെ എടുത്തുകൊണ്ട വീട്ടിൽനിന്ന പുറപ്പെട്ടു. അപ്പൊൾ മൂത്ത ഭാൎയ്യ അവളെ നൊക്കി എന്റെ കുഞ്ഞിനെ നീ എന്തിന എടുത്തുകൊണ്ടുപൊകുന്നു എന്ന പറഞ്ഞ ആക്കുഞ്ഞിനെ പിടിച്ചു. ഞാൻ പെറ്റു അതുകൊണ്ട എടുത്തുകൊണ്ടുപൊകുന്നു എന്ന അവൾ പറഞ്ഞു. ഇങ്ങിനെ അവര രണ്ടുപെരും തമ്മിൽ വാദിച്ച ന്യായാധിപതിയുടെ അടുക്കൽ പൊയി ആ സംഗതി ബൊധിപ്പിച്ചപ്പൊൾ അവൻ കുറയ ആലൊചിച്ച പിന്നെ തന്റെ സെവകന്മാരെ വിളിച്ച ൟ കുഞ്ഞിനെ രണ്ടായി പിളൎന്ന ആ സ്ത്രീകൾക്ക ഓരൊ പാതി കൊടുപ്പിൻ എന്ന കല്പിച്ചു. അപ്പൊൾ ഇളയ ഭാൎയ്യ ഉരിയാടാതെ ഇരുന്നു. മൂത്ത ഭാൎയ്യ മാതാവാകകൊണ്ട തന്റെ കുഞ്ഞിനെ കൊല്ലുന്നതിന്ന മനസ്സ വരാതെ ആക്കുഞ്ഞ എവിടെ എങ്കിലും ജീവിച്ചിരുന്നാൽ മതി എന്ന വിചാരിച്ച ന്യായാധിപതിയെ നൊക്കി അങ്ങുന്നെ ൟ കുഞ്ഞ അവളുടെത എന്റെ അല്ല ഇതിനെ അവൾക്ക തന്നെ കൊടുപ്പിൻ എന്ന ബൊധിപ്പിച്ചു. ന്യായാധികാരി ആ വാക്ക കെട്ട ൟ കുഞ്ഞിന്റെ അമ്മ മൂത്ത ഭാൎയ്യ തന്നെ എന്ന നിശ്ചയിച്ച അതിനെ അവൾക്ക കൊടുപ്പിക്കയും ചെയ്തു. അതുകൊണ്ട വിവാദം തീൎക്കുന്നവർ ഉപായങ്ങളും അറിഞ്ഞിരിക്കെണം.

ദക്ഷിണ *Southern*, adj. പിറക്കുന്നു *to be born*, v. n. ഏഴ *seven*, num. മാസം *a month*, s. n. പ്രായമായ *aged*, adj. മരിക്കുന്നു *to die*, v. n. ലാളിക്കുന്നു *to caress, fondle*, v. a. എവൾ *which woman*, interog. pron. fem. കലഹിക്കുന്നു *to quarrel*, v. n. രണ്ടാളു *two persons*. വാദം *a dispute*, s. n. സെവകൻ *a servant*, s. m. ഓരൊ *each*, adj. പാ

തി *half.* ഉരിയാടുന്നു *to speak, to talk,* v. n. മാതാവ *the mother,* s. f. മതി *sufficient, enough,* adj. തീൎക്കുന്നു *to decide,* v. a.

൩൭ാം കഥ.

ഇന്ദ്രപ്രസ്ഥപുരത്ത ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു അവന്ന വളരെ മുതൽ ഉണ്ടായിരുന്നു. അവന്റെ കൂടെ നിന്നിരുന്ന സെവകന്മാരിൽ ഒരുത്തൻ ഒരുനാൾ രാത്രി അവന്റെ വീട്ടിൽനിന്ന ഏതാനും ദ്രവ്യം മൊഷ്ടിച്ച കൊണ്ട ചാടിപ്പൊയി. പിറ്റെനാൾ ആ കച്ചവടക്കാരൻ അന്വെഷിച്ചാറെ എവിടെയും ആക്കള്ളനെ കിട്ടിയില്ല. കുറെ നാൾ കഴിഞ്ഞ ശെഷം ആ കച്ചവടക്കാരൻ മറ്റൊരു പട്ടണത്തിലെക്ക കച്ചവടം നിമിത്തം പൊയി. അവിടെ മുമ്പെ തന്റെ വീട്ടിൽനിന്ന ദ്രവ്യം മൊഷ്ടിച്ചുകൊണ്ടുപൊയ സെവകൻ ഒരു തെരുവിൽ കൂടിപ്പൊകുന്നത കണ്ട കയ്ക്കുപിടിച്ച നീ എന്റെ വീട്ടിൽനിന്ന ദ്രവ്യം മൊഷ്ടിച്ചുകൊണ്ട എന്തിന്ന ഓടിപ്പൊയി എന്ന ചൊദിച്ചു. അന്നെരം അവൻ ആ കച്ചവടക്കാരന്റെ മടിക്കുത്തിന്ന പിടിച്ച നീ എന്റെ പണിക്കാരൻ എന്റെ വീട്ടിൽനിന്ന ദ്രവ്യം കട്ടുകൊണ്ടുപൊയ മുതൽക്ക ഞാൻ തെരഞ്ഞ വരുന്നു ഇന്നെ നിന്നെ കണ്ട കിട്ടിയ്യു ഇപ്പൊൾ ആ ദ്രവ്യം തന്ന പൊക എന്ന മുട്ടിച്ചു. ഇങ്ങിനെ അവര ഇരുപെരും വാദിച്ച ന്യായാധികാരിയുടെ അടുക്കലെക്ക പൊയി അവരുടെ വാദത്തിന്റെ വിവരം അവനെ ബൊധിപ്പിച്ചാറെ അവൻ കുറയ നെരം ആലൊചിച്ച പിന്നെ അവര രണ്ടാളുടെയും തല ഒരു കിളിവാതിലിൽ നീട്ടിക്കൊടുപ്പാൻ കല്പിച്ച ശിക്ഷ നടത്തുന്നവനെ വിളിച്ച ഇവരിൽ ആര പണിക്കാരനൊ അവന്റെ തല ഛെദിക്ക എന്ന കല്പിച്ചു. അതിന്റെ ശെഷം ആ കച്ചവടക്കാരന്റെ വീട്ടിൽ നിന്ന ദ്രവ്യം മൊഷ്ടിച്ചുകൊണ്ടുപൊയവൻ നെരായ പണിക്കാരൻ ആതുകൊണ്ട തന്റെ തല വെട്ടിപ്പൊകുമെന്ന ഭ്രമിച്ച കിളിവാതിലിൽനിന്ന തല വലിച്ച കളഞ്ഞു. എന്നാൽ ആ കച്ചവടക്കാരൻ അനങ്ങിയതും ഇല്ല. ഇതുകൊണ്ട കിളിവാതുക്കൽ നിന്ന തല വലിച്ചവൻ ആ കച്ചവടക്കാരന്റെ സെവകനെന്നും അവന്റെ വീട്ടിൽനിന്ന ദ്രവ്യം മൊഷ്ടിച്ചവൻ എന്നും ന്യായാധികാരി ഗ്രഹിച്ച ആ സെവകനെ നന്നായി ശിക്ഷിച്ചു.

ഇന്ദ്രപ്രസ്ഥപുരം *ancient Delhi.* ഏതാനും *some,* adj. ദ്രവ്യം

wealth, s. n. ചാടിപ്പൊകുന്നു *to escape, to run away*, v. n. പിറെറനാൾ *next day*. കച്ചവടം *merchandise*, s. n. നിമിത്തം *for, for the sake of*, post pos. മുമ്പെ *before, formerly* adv. തെരുവു *a street*, s. n. കൈ *the hand*, s. n. ഓടിപ്പൊകുന്നു *to run away*, v. n. പണിക്കാരൻ *a servant*, s. m. കട്ടുകൊണ്ടു *having stolen*, past verbal part. of കട്ടുകൊള്ളുന്നു *to steal for oneself*, reflective form of കക്കുന്നു. തെരയുന്നു *to search*, v. a. മുട്ടിക്കുന്നു *to urge, to press for payment of a debt*, v. a. കിളിവാതൽ *a window*, s. n. നീട്ടുന്നു *to stretch forth*, v. a. ശിക്ഷനടത്തുന്നവൻ *an executioner* s. m. ഛെദിക്കുന്നു *to cut off*, v. a. വലിക്കുന്നു *to drag*, v. a. ഭ്രമിക്കുന്നു *to be confused*, v. n. അനങ്ങുന്നു *to move*, v. n. ശിക്ഷിപ്പിക്കുന്നു *to cause to be punished*, v. a.

൩൨ാം കഥ.

കലിങ്ങ ദെശത്തു ഒരു രാജാവു ഉണ്ടായിരുന്നു അവന്നു ഒരു വെളുത്തെടൻ ദിനം പ്രതിയും പരുവട്ടം നന്നായി അലക്കികൊടുത്തു വന്നു. ഒരുനാൾ അവൻ അലക്കിയ പരുവട്ടം കണ്ടു രാജാവു വളരെ സന്തൊഷിച്ചു അവനെ വിളിച്ചു നീ പരുവട്ടം അലക്കുന്നതു ഇനിക്കു നന്നായി ബൊധിച്ചിരിക്കുന്നു നിനക്കു എന്തു വെണം ചൊദിക്കു തരുന്നുണ്ടെന്നു അരുളിചെയ്തപ്പൊൾ ആ വെളുത്തെടൻ രാജാവിനെ നൊക്കി തിരുമെനി അങ്ങെ അടുക്കൽ മന്ത്രിയായിരിക്കുന്നതിന്നാകുന്നു ഇനിക്കു അധികമായിട്ടു അപെക്ഷ ഉള്ളതു അതുകൊണ്ടു അങ്ങെ മന്ത്രിത്വം തരുവിക്കെണം എന്നു അപെക്ഷിച്ചു. അതിന്റെ ശെഷം ആ രാജാവു തന്റെ അടുക്കൽ ബഹുനാളായി ഉണ്ടായിരുന്ന മന്ത്രിയെ ഉദ്യൊഗത്തിൽനിന്നു നീക്കി ആ ഉദ്യൊഗം വെളുത്തെടന്നു കൊടുത്തു. ഏതാനും ദിവസം കഴിഞ്ഞശെഷം ആ രാജാവിന്നു ശത്രുക്കളായ രാജാക്കന്മാർ അവന്റെ വെളുത്തെടൻ മന്ത്രി നിസ്സാരൻ എന്നറിഞ്ഞു കൊണ്ടു ആ രാജാവിന്റെ നെരെ പട്ടാളം ചെൎത്തു യുദ്ധത്തിന്നു പുറപ്പെട്ടു. ആ വിവരം രാജാവു കെട്ടു മന്ത്രിയെ വിളിച്ചു നമ്മുടെ പട്ടാളത്തെ എല്ലാം യുദ്ധത്തിന്നു ഒരുക്കി നിറുത്തു എന്നു കല്പിച്ചപ്പൊൾ നമുക്കു മെലിൽ വെണ്ടുന്നതു ഒക്കെയും ഇതിന്നു മുമ്പെ ഞാൻ തെയ്യാറാക്കീട്ടുണ്ടു അതുകൊണ്ടു ശത്രുക്കളെ ഭയപ്പെടെണ്ടുന്നതിന്നു ആവശ്യം ഇല്ലെന്നു ഉണൎത്തിച്ചു. ആ വാക്കു നിജമെന്നു രാജാവും വിശ്വസിച്ചു. പിന്നെ ശത്രുക്കളുടെ പട്ടാളം വന്നു പട്ടണം ചുററും വളഞ്ഞു അപ്പൊൾ രാജാവു മന്ത്രിയെ വിളിച്ചു

ശത്രുക്കൾ നമ്മുടെ പട്ടണം ചുററും വളഞ്ഞിരിക്കുന്നുവെല്ലൊ നി എന്തെല്ലാം ഒരുക്കിയിരിക്കുന്നു എന്ന ചൊദിച്ചപ്പൊൾ മന്ത്രി രാജാവിനെ നൊക്കി തിരുമെനി ശത്രുക്കൾ പട്ടണം വളഞ്ഞിരിക്കുന്നതിനെ കുറിച്ച ഒട്ടും ഭയമില്ല ഈ രാജ്യം ഭരിക്കുന്നത ബഹു പ്രയാസം ഈ പ്രയാസത്തിന്ന ഏതുപ്രകാരവും ഒരു ഒഴിച്ചിൽ ഉണ്ടാക്കെണമെന്ന വിചാരിച്ചിരിക്കുമ്പൊൾ ദൈവാധീനം കൊണ്ട ശത്രുക്കൾ വന്ന നമ്മുടെ പട്ടണത്തെ വളഞ്ഞു. അവര തന്നെ ഈ രാജ്യം എല്ലാം വാണുകൊള്ളുന്നതിന്ന വിട്ടുകൊടുക്കെവെണ്ടു. ഞാൻ ഈ പട്ടണത്ത വളരെ നാളായി നൂറ വീടുകളിലെക്ക മുണ്ട അലക്കി കൊടുത്ത വന്നവനാകുന്നു മന്ത്രിത്വം ആയശെഷം ഞാൻ ആ ഉദ്യൊഗത്തെ വിട്ടുകളഞ്ഞു ഇപ്പൊൾ തിരിയെ അത തന്നെ സാദ്ധ്യം വരുത്തി പാതി നിങ്ങൾക്ക തന്ന പാതി ഞാൻ എടുത്തുകൊള്ളാം ആ ഉദ്യൊഗം കൊണ്ട നമുക്ക ഏതും പ്രയാസമില്ല ഈ സംഗതി എല്ലാം വിചാരിച്ച ഞാൻ യുദ്ധത്തിന്ന ഒരു വട്ടവും കൂട്ടീട്ടില്ലാ എന്ന ഉണൎത്തിച്ചപ്പൊൾ ഇപ്രകാരം ഉള്ള വഷളനെ ചെൎത്തുകൊണ്ട തനിക്ക ഈ കഷ്ടം വന്നു എന്ന ഓൎത്ത രാജാവ വളരെ വിചാരപ്പെടുകയും ചെയ്തു. അതുകൊണ്ട അയൊഗ്യന്മാരെ അടുക്കൽ ചെൎത്തുകൂടാ.

പരിവട്ടം *a cloth which the Rajahs of Malabar used to wear*, s. n. അരുള *a command*, s. n. മന്ത്രിത്വം *the office of Minister*, s. n. നിസ്സാരൻ *a stupid person, an insignificant person*, s. m. പട്ടാളം *an army*, s. n. ചെൎക്കുന്നു *to assemble*, v. a. യുദ്ധം *war*, s. n. ഒരുക്കുന്നു *to make ready*, v. a. മെലിൽ *in future*, adv. തെയ്യാറാക്കുന്നു *to prepare, to make arrangements*, v. a. നിജം *truth*, s. n. വിശ്വസിക്കുന്നു *to trust*, v. n. ചുററും *around, post pos.* വളയുന്നു *to surround, to besiege*, v. n. ഭരിക്കുന്നു *to bear, carry*, v. a. പ്രയാസം *difficulty*, s. n. ദൈവാധീനംകൊണ്ട *by chance*, adv. വാഴുന്നു *to reign, to rule*, v. n. വിട്ടുകൊടുക്കുന്നു *to give up to another*, comp[d.] of വിട്ടു *having left* and കൊടുക്കുന്നു *to give.* സാദ്ധ്യം വരുത്തുന്നു *to effect, to make succeed*, v. a. പാതി *half*, adj. വട്ടം കൂട്ടുന്നു *to make preparations.* വഷളൻ *a low man*, s. m. ചെൎക്കുന്നു *to admit into society, to attach to oneself*, v. a.

൩൯ാം കഥ.

സമുദ്രതീരത്ത ഒരു ആലിന്മെൽ ഒരു കാക്ക ഉണ്ടായിരുന്നു.

ആ മാൎഗ്ഗമായി ഒരു അരയന്നം പൊകുന്നത ആ കാക്ക കണ്ട നീ എവിടെ പൊകുന്നു എന്ന ചൊദിച്ചു. ഞാൻ മാനസ പൊയ്ക്കക്ക പൊകുന്നു എന്ന അരയന്നം പറഞ്ഞു. എന്നാൽ ഞാനും അവിടെക്ക വരുന്നു എന്നെ കൂടെ കൂട്ടിക്കൊണ്ടു പൊകുമൊ എന്ന കാക്ക ചൊദിച്ചു. ആ വാക്ക അരയന്നം കെട്ട എടൊ കാക്കെ മാനസ പൊയ്ക എവിടെ-നീ എവിടെ-അത്ര ദൂരം നീ വരിക ഇല്ലെന്ന പറഞ്ഞപ്പൊൾ കാക്കക്ക വളരെ കൊപം വന്നു. ഹെ അരയന്നമെ നിന്റെ അഹന്മതി കൊണ്ട വകതിരിവ ഇല്ലാതെ സംസാരിക്കുന്നു. സൂക്ഷ്മം വിചാരിച്ചാൽ ഇനിക്കാകുന്നു നിന്നെക്കാൾ വെഗം പറക്കാൻ കഴിയുന്നത. ഇതിന്ന ദൃഷ്ടാന്തം ഇപ്പൊൾത്തന്നെ കാണിക്കുന്നുണ്ട. എന്നൊട കൂടെ പുറപ്പെട്ട വരിക തന്നെ എന്ന പറഞ്ഞ ആകാശത്തുടെ പറന്ന സമുദ്രത്തിന്റെ മെൽ മാൎഗ്ഗമായി കുറയ ദൂരം അരയന്നത്തൊട കൂടെപ്പൊയി. പിന്നെ താൻ അതിനെക്കാൾ മുമ്പൊട്ട പത്ത മാറ പറന്ന കെറി തിരിഞ്ഞ അരയന്നത്തിന്റെ അട്ടക്കൽ വന്ന എന്ത ബഹു വെഗം പറക്കാമെന്ന പറഞ്ഞ നിനക്ക എന്നൊട കൂടെ വരുവാൻ കഴിയാതെ പൊയെല്ലൊ നിന്റെ ശക്തി നീ വിചാരിക്കാതെ എന്നെ ധിക്കരിച്ചു കളഞ്ഞു എന്നിങ്ങിനെ ഭാഷിച്ചു പിന്നെയും കുറെയ ദൂരം പൊയപ്പൊഴെക്ക കാക്ക നന്നെ പരവശപ്പെട്ട പറക്കുന്നതിന്ന ചിറക ഇളകാതെ കുഴങ്ങിപ്പൊയപ്പൊൾ അരയന്നം കാക്കയെ നൊക്കി ചിരിച്ചു അത വെള്ളത്തിൽ വീഴാതെ തന്റെ ചിറകിന്മെൽ വെച്ചുകൊണ്ട കരക്ക കൊണ്ടുവന്ന വിട്ടു. അതുകൊണ്ട അശക്തനായ ദുശ്ശീലൻ ശക്തനായ സുശീലനെ മുമ്പെ ധിക്കരിച്ചു പിന്നെ താൻ തന്നെ കുഴങ്ങി പൊകയും ചെയ്യും.

ആല *a banian tree*, s. n. മാൎഗ്ഗം *a road*, s. n. കാക്ക *a crow*, s. n. അരയന്നം *a swan*, s. n. മാനസപൊയ്ക *the lake Manas*, s. n. അഹന്മതി *self-conceit*, s. n. കൊപം *anger*, s. n. വകതിരിവ *discrimination*, s. n. സംസാരിക്കുന്നു *to talk*, v. n. സൂക്ഷ്മം *reality*, s. n. പറക്കുന്നു *to fly*, v. n. ക്കാൾ *than*, particle of comparison. വെഗം *quickly*, adv. പത്ത *ten*, num. മാറ *a fathom*, s. n. കഴിയുന്നു *to be able*, v. n. ധിക്കരിക്കുന്നു *to slight, to speak contemptuously to*, v. a. ഭാഷിക്കുന്നു *to speak*, v. a. അപ്പൊഴെക്ക infl. form of അപ്പൊൾ *then*. പരവശപ്പെടുന്നു *to be distressed*, v. n. ചിറക *the wing of a*

bird, s. n. ഇളകാതെ *without being shaken*, neg. verb. part. of ഇളകുന്നു *to be shaken*, v. n. കുഴങ്ങുന്നു *to be tired*, v. n. ചിരിക്കുന്നു *to laugh, smile*, v. n. കര *the bank of a river, shore of the sea*, s. n. ദുശ്ശീലൻ *an ill disposed person*, s. m. സുശീലൻ *a well disposed person*, s. m.

൨൦ാം കഥ.

കൎണ്ണാടക ദെശത്ത ഹെമന്തനെന്ന പെരായ ഒരു നെയിത്തുകാരൻ ഉണ്ടായിരുന്നു. അവൻ പാവമുണ്ട മുതലായ വിശെഷ വസ്ത്രങ്ങളെ നെയ്യ്തു വന്നിരുന്നു എങ്കിലും അതുകൊണ്ട അവന്ന എത്രം ലാഭം കിട്ടാതെ നിത്യവൃത്തി കഴിയുന്നതിന്ന തന്നെയും ബഹു പ്രയാസമായിരുന്നു. അവന്റെ അയലൊക്കത്ത ഉണ്ടായിരുന്ന ധീമന്തനെന്ന നെയിത്തുകാരൻ പരുക്കൻ തുണികൾ നെയ്യ്തു അതുകൊണ്ട വെണ്ടുവൊളം ലാഭം സമ്പാദിച്ച സുഖമായിരുന്നു. ഒരുനാൾ ഹെമന്തൻ തന്റെ ഭാൎയ്യയെ നൊക്കി ഞാൻ കഷ്ടപ്പെട്ട നല്ല വിശെഷ വസ്ത്രങ്ങളെ നെയ്യുന്നു എന്നിട്ടും ഇനിക്ക വൃത്തി കഴിയുന്നതിന്ന തന്നെയും ഞെരുക്കമായിരിക്കുന്നു ചീത്ത പരുക്കൻ തുണികൾ നെയ്യുന്ന എന്റെ അയൽലൊക്കക്കാരൻ എത്ര ഭാഗ്യവാനായിരിക്കുന്നു എന്റെ സാമൎത്ഥ്യം ഇവിടെ ആൎക്കും അറിഞ്ഞുകൂടാ അതുകൊണ്ട ഞാൻ ൟ ദെശം വിട്ട മറെറാരു ദെശത്തിലെക്ക പൊയി വെണ്ടുന്ന ധനം ഉണ്ടാക്കി കൊണ്ടുവരുന്നുണ്ടെന്ന പറഞ്ഞപ്പൊൾ നീ എവിടെപ്പൊയാലും എന്ത നിന്റെ കൎമ്മം എത്ര മാത്രമൊ അത്ര മാത്രം കിട്ടുന്നതല്ലാതെ അധികം കിട്ടുകയില്ല നീ സ്വദെശം വിട്ട പരദെശത്തെക്ക പൊയി എന്തിന്ന ബുദ്ധിമുട്ടണം എന്നിങ്ങിനെ അവന്റെ ഭാൎയ്യ വളരെ പറഞ്ഞാറെയും അവൻ അവളുടെ വാക്ക കൂട്ടാക്കാതെ വീട വിട്ട പുറപ്പെട്ട മറെറാരു പട്ടണത്തിലെക്ക പൊയി. അവിടെ ജനങ്ങളുടെ ഇഷ്ടപ്രകാരം തുണികൾ നെയ്യ്തു കൊടുത്തതിനാൽ ഏതാനും ദിവസം കൊണ്ട വെണ്ടുന്ന ധനം സമ്പാദിച്ച തന്റെ ദെശത്തെക്ക എത്തുന്നതിന്നായിട്ട പുറപ്പെട്ട വരുമ്പൊൾ ഒരു രാത്രി ഒരു വഴി അമ്പലത്തിൽ ഇറങ്ങി തന്റെ സാമാനമെല്ലാം ഒരു സ്ഥലത്ത ഭദ്രപ്പെടുത്തി കിടന്ന ഉറങ്ങുമ്പൊൾ ആ വഴി അമ്പലത്തിൽ കള്ളന്മാര കെറി അവന്റെ സാമാനമൊക്കെയും മൊഷ്ടിച്ചുകൊണ്ടുപൊയി പിറെറനാൾ പുലൎച്ചെ അവൻ എഴുനീററ നൊക്കുമ്പൊൾ തന്റെ സാമാനം ഒന്നും കാണ്മാൻ ഇല്ലായിരുന്നു. അതിനാൽ ഏററവും വിഷാദം തൊ

ന്നിയത്തും അല്ലാതെ തന്റെ കളത്രം പറഞ്ഞത സൂക്ഷമെന്നറിഞ്ഞ തനിക്ക ഭാഗ്യം അനുഭവിക്കുന്നതിന്ന കൎമ്മം പൊരാ എന്ന ഓൎത്ത മനസ്സ മടിച്ച തന്റെ ദെശത്തെക്ക പൊയി അവിടെ ഉണ്ടായവയാൽത്തന്നെ ജീവനം കഴിച്ചുകൊണ്ടിരുന്നു. അതുകൊണ്ട കൎമ്മം ഇല്ലാത്തവർ എവിടെയെല്ലാം പൊയാലും എന്തെല്ലാം പ്രയത്നിച്ചാലും അവൎക്ക വിശെഷമായി ഒന്നും കൂടി വരികയില്ല.

കൎണ്ണാടകദെശം *The Carnatic*, p. n. ഹെമന്തൻ *a proper name.* പെരായ *named*, adj. നെയിത്തുകാരൻ *a weaver*, s. m. പാവ *a weaver's warp, a fine cloth*, s. n. മുണ്ട *a long cloth*, s. n. പാവുമുണ്ട മുതലായ *fine long cloths Etc.* വിശെഷവസ്ത്രങ്ങൾ *superior cloths.* നെയ്യുന്നു *to weave*, v. a. ലാഭം *gain*, s. n. വൃത്തി *livelihood*, s. n. പ്രയാസം *difficulty*, s. n. അയലൊക്ക *neighbouring, near*, adj. ധീമന്തൻ *a proper name.* പരുക്കൻ *coarse*, adj. തുണി *a cloth*, s. n. വെണ്ടുവൊളം *as much as was necessary*, comp^d. of വെണ്ടുന്ന *what is necessary* and the particle ഓളം *until, as far as.* കഷ്ടപ്പെടുന്നു *to labour*, v. n. നല്ല *good*, adj. എന്നിട്ടും *although*, conj. ചീത്ത *bad, common*, adj. ഭാഗ്യവാൻ *fortunate*, adj. സാമൎത്ഥ്യം *cleverness, skill, fitness*, s. n. കൎമ്മം *fate*, s. n. ബുദ്ധിമുട്ടുന്നു *to be distressed*, v. n. കൂട്ടാക്കുന്നു *to regard, mind*, v. a. ജനങ്ങളുടെ *of the people*, gen. plu. of ജനം *people.* ഇഷ്ടപ്രകാരം *according to the pleasure.* ചെരുന്നു *to reach, arrive*, v. a. വഴി അമ്പലം *an inn, Choultry*, s. n. ഇറങ്ങുന്നു *to descend, alight, to halt*, v. n. ഭദ്രപ്പെടുത്തുന്നു *to take care of, to secure*, v. n. കിടക്കുന്നു *to lie down*, v. n. ഉറങ്ങുന്നു *to sleep*, v. n. സാമാനങ്ങൾ *things*, s. n. പുലൎച്ച *day break*, s. n. എഴുനീല്ക്കുന്നു *to rise, to get up*, v. n. വിഷാദം *grief, distress*, s. n. വിഷാദം തൊന്നുന്നു *to be grieved*, v. n. കളത്രം *a wife*, s. f. പൊരാ *insufficient*, adj. മടിക്കുന്നു *to fear, to doubt*, v. n. അവിടെ *there.* അവിടെ ഉണ്ടായവയാൽ *by the things procured in that place.* ഉണ്ടായ *which were* and അവയാൽ *by the things.* പ്രയത്നിക്കുന്നു *to endeavour.* v. n.

൧൯ാം കഥ.

വെന്നഗരമെന്ന ദിക്കിൽ ഒരു കിഴവി ഉണ്ടായിരുന്നു. അവളുടെ വീട്ടിൽ ഒരു തീച്ചട്ടിയും ഒരു പൂവ്വൻ കൊഴിയും ഉണ്ടാ

യിരുന്നതിനാൽ ദിവസം പ്രതിയും പുലകാലെ ആ കൊഴി കൂകുമ്പൊൾ ആ ദിക്കുകാര എല്ലാവരും എഴുനീററ ആ കിഴത്തിയുടെ വീട്ടിൽ ചെന്ന തീയ്യെടുത്തുകൊണ്ടു പൊകുമാറായിരുന്നു. ഇപ്രകാരം ഏറെ ദിവസം കഴിഞ്ഞ ശെഷം ഒരു നാൾ ആ കിഴത്തി എന്റെ കൊഴി കൂകുന്നതിനാൽ ഇവിടെ നെരം പുലരുന്നു എന്റെ വീട്ടിൽ തീയ്യ ഉള്ളതുകൊണ്ടു ൟ ദിക്കുകാര അത എടുത്തു കൊണ്ടുപൊയി വെപ്പു കഴിച്ചു ഉണ്ടു വരുന്നു ഞാൻ ൟ ദിക്ക വിട്ടു പൊയാൽ ഇവിടെ എങ്ങിനെ നെരം പുലരും ൟ ദിക്കുകാര എങ്ങിനെ ഊണു കഴിക്കും കാണെണമെന്ന മനസ്സിൽ ഉറെച്ചു ആരൊടും മിണ്ടാതെ കൊഴിയെയും തീച്ചട്ടിയെയും എടുത്തുകൊണ്ടു ആ ദിക്കിൽനിന്ന ബഹു ദൂരത്ത ഒരു കാട്ടിൽ പൊയി കുത്തിരുന്നു. പിറെറ നാൾ പുലച്ചെക്ക ആ ദിക്കിൽ ഉള്ള എല്ലാവരും എഴുനീററ ആ മൂത്തമ്മയുടെ വീട്ടിൽ മുമ്പെത്തെ പ്രകാരം തീയ്യിന്ന വരുമ്പൊൾ വീട്ടിൽ അവൾ ഇല്ലായിരുന്നു. അതുകൊണ്ടു എവിടെക്ക പൊയൊ എന്ന സന്ദെഹിച്ചു മറെറാരെടത്തനിന്ന തീയ്യ വാങ്ങിക്കൊണ്ടുപൊയി താന്താങ്ങളുടെ കാൎയ്യം നൊക്കി. ആ വയസ്സി കാട്ടിൽ അസ്തമാനം വരെയും പട്ടിണി ഇരുന്നു. പിന്നെ ആ ദിക്കിൽനിന്ന ഒരുത്തൻ എവിടെക്കൊ ഒരു അടിയന്തിരം നിമിത്തം ആ വഴിയെ പൊകുമ്പൊൾ അവൾ അവനെ വിളിച്ചു നിന്റെ ദിക്കിൽ ഞാൻ ഇല്ലായിരുന്നുവെല്ലൊ അവിടെ ഇന്ന നെരം പുലൎന്നുവൊ തീയ്യ കിട്ടിയൊ നിങ്ങളെല്ലാവരും ഉണ്ടുവൊ എന്ന ചൊദിച്ചാറെ അവൻ ചിരിച്ചു ഹെ ഭൊഷത്തി ൟ പ്രപഞ്ചമെല്ലാം നിന്റെ തീച്ചട്ടിയും കൊഴിയും കൊണ്ടൊ കഴിച്ചു കൂട്ടുന്നത നീ എന്തിന ഇപ്രകാരം ഉപവസിച്ചു കുത്തിരിക്കുന്നു എഴുനീററ പൊ എന്ന പറഞ്ഞതിന്റെ ശെഷം അവൾ എത്രയും ലജ്ജിച്ചു തിരിയെ ആ ദിക്കിലെക്ക പൊയി അവിടെയുള്ള എല്ലാവരും തന്നെക്കൊണ്ടാകുന്നു കഴിയുന്നത എന്നുള്ള ദുരാഭിമാനം വിട്ടു സുഖമായിരുന്നു. അതുകൊണ്ടു സൎവ്വജനങ്ങളെയും സംരക്ഷിക്കുന്ന ഭാരം ൟശ്വരൻ വഹിച്ചിരിക്കുമ്പൊൾ ബുദ്ധികെട്ടവർ തങ്ങളാലാണ എല്ലാവരും സംരക്ഷിക്കപ്പെടുന്നത എന്നും തങ്ങളെ വിട്ടാൽ വെറെ ഗതിയില്ലെന്നും വിചാരിക്കുന്നു.

വെന്നഗരം *a proper name.* ദിക്ക *a place, a Village,* s. n. കിഴത്തി *an old woman,* s. f. തീ *fire,* s. n. ചട്ടി *a Chatty, a pot.* s. n. പു

വൻകൊഴി *a cock*, s. m. പുലൎകാലെ *early, at day break.* മിക്കകാരൻ *a Villager.* കൊണ്ടുപൊകുമാറായിരുന്നു *were in the habit of carrying*, comp^d. of കൊണ്ടുപൊകുന്നു *to carry*, മാറ *habit* and ഇരുന്നു *was.* നെരം *time*, s. n. പുലരുന്നു *to dawn*, v. n. ഊണ *the act of eating rice, food*, s. n. ഉറെക്കുന്നു *to determine, to resolve*, v. n. മുത്തമ്മ *an old woman*, s. f. സന്ദെഹിക്കുന്നു *to doubt*, v. n. താന്താങ്ങൾ *they themselves, individuals.* താന്താങ്ങളുടെ കാൎയ്യം *their respective business.* വയസ്സി *an old woman*, s. f. അസ്തമാനം *Evening*, s. n. പട്ടിണി *hunger, fasting*, s. n. പട്ടിണിയായിരിക്കുന്നു *to fast*, v. n. അടിയന്തരം *business*, s. n. ഇന്ന *to day*, adv. ഭൊഷത്തി *a foolish woman*, s. f. പ്രപഞ്ചം *the world, universe*, s. n. ഉപവസിക്കുന്നു *to fast*, v. n. വഹിക്കുന്നു *to assume*, v. a. ഭാരം *a burthen*, s. n. ബുദ്ധികെട്ടവൻ *a senseless man*, s. m. ഗതി *a refuge*, s. n.

൩൨.ാം കഥ.

കല്യാണപുരം എന്ന പട്ടണത്ത ഒരു തെവിടിശ്ശി ഉണ്ടായിരുന്നു. അവൾ രാത്രി ആരെ എങ്കിലും സ്വപ്നം കണ്ടാൽ അവനൊട നൂറ വരാഹൻ വീതം വാങ്ങി വന്നിരുന്നു. ഒരു നാൾ ഒരു ദരിദ്ര ബ്രാഹ്മണനെ അവൾ കിനാവ കണ്ടു. അതിന്റെ ശെഷം അവൾ ആ ബ്രാഹ്മണന്റെ അടയാളം പറഞ്ഞ അവൻ എവിടെ ഇരിക്കുന്നു എന്ന അന്വെഷിച്ച അറിഞ്ഞ നൂറ വരാഹൻ ചൊദിച്ച വാങ്ങി കൊണ്ട വരുവിൻ എന്ന കല്പിച്ച തന്റെ വെലക്കാരികളെ അയച്ചു. അതിന്റെ ശെഷം ആ ബ്രാഹ്മണൻ തെരുവിൽ കൂടെ പൊകുമ്പൊൾ കണ്ട എടൊ ബ്രാഹ്മണാ തന്നെ ഞങ്ങളുടെ അമ്മ കിനാവ കണ്ടിരിക്കുന്നു അവര എത പുരുഷനെ സ്വപ്നം കാണുന്നുവൊ ആ പുരുഷനൊട നൂറ വരാഹൻ വീതം വാങ്ങിവരുന്നുണ്ട അതുകൊണ്ട നീ ആ വരാഹൻ തന്നിട്ട പൊ എന്ന ചൊദിച്ചു. അപ്പൊൾ ആ ബ്രാഹ്മണൻ ഒരം സംഗതി കെട്ട ബഹുവിചാരപ്പെട്ട ഞാൻ ദരിദ്രൻ വരാഹൻ തരുന്നതിന്ന വക ഇല്ലാ എന്ന പറഞ്ഞാറെ വരാഹൻ തരാതെ വിടുകയില്ലെന്ന വെച്ച അവർ അവനെ നന്നായി മുട്ടിച്ചു. അതിന്റെ ശെഷം അവൻ ആ മിക്കിലെ രാജാവിന്റെ അടുക്കൽ പൊയി അന്യായമായിട്ട വരാഹൻ കൊടുക്കെണമെന്ന വെച്ച അവർ തന്നൊട അടുത്ത കൂടിയിരിക്കുന്നു എന്ന ബൊധിപ്പിച്ചു. അപ്പൊൾ രാജാവ ആ തെവിടിശ്ശിയെ വരുത്തി അവൻ നിനക്ക വരാഹൻ തരുന്നതിന്ന കാ

രണം എന്തെന്ന അവളൊട ചൊദിച്ചു. അന്നെരം അവനെ ഞാൻ സ്വപ്നം കണ്ടിരിക്കുന്നു അതുകൊണ്ട വരാഹൻ തരുവാൻ ചൊദിക്കുന്നു എന്ന അവൾ ബൊധിപ്പിച്ചു. അതിന്റെ ശെഷം നിന്റെ പണം തരുവിക്കാം മാത്രം നെരം ക്ഷമിക്ക എന്ന രാജാവ പറഞ്ഞു. പിന്നെ വീഥിയിൽ ഒരു സ്തംഭം നാട്ടിച്ച നൂറ വരാഹൻ ഒരു ലെസിന്റെ വിളിമ്പിൽ ആക്കി ആയ്യ സ്തംഭത്തിന്റെ മുകളിൽ കെട്ടി തൂക്കിച്ച ചുവട്ടിൽ കണ്ണാടി വരുത്തി വെപ്പിച്ച ആ തെവിടിശ്ശിയെ വിളിച്ച ഇതാ നൂറ വരാഹൻ മെൽ കെട്ടി താഴത്തി ഇരിക്കുന്നത താഴെ ഉള്ള രം കണ്ണാടിയിൽ കാണുന്നു ആ പണം കണ്ണാടയിൽ കയ്യിട്ട എടുത്തൊ എന്ന കല്പിച്ചു. അപ്പൊൾ ആ വെശി ആ കണ്ണാടിയിൽ കാണുന്ന വരാഹൻ മുടിപ്പ ഇനിക്ക എങ്ങിനെ എത്തി എടുപ്പാൻ കഴിയും ആരെ എങ്കിലും ആ സ്തംഭത്തിന്റെ മുകളിൽ കെററി ആ മുടിപ്പ എടുപ്പിച്ച തരുവിക്കണം എന്ന കെൾപ്പിച്ചാറെ ആ ബ്രാഹ്മണനെ നീ സ്വപ്നം കണ്ടു അതുകൊണ്ട നീ കണ്ണാടിയിൽ കൈ ഇട്ട അതിൽ കാണുന്ന വരാഹൻ എടുത്ത കൊള്ളെണം അതല്ലാതെ ആ മുടിപ്പിനെ എടുപ്പിച്ച തരിക ഇല്ലാ എന്ന രാജാവ കല്പിച്ചു. അത കെട്ട ആ വെശ്യ ലജ്ജിച്ച തല ചായിച്ച പൊകയും ചെയ്യു. അതുകൊണ്ട ന്യായം തീക്കുന്നവര ഉപായവും ഗ്രഹിച്ചിരിക്കെണം.

കല്യാണപുരം *the name of a city.* തെവിടിശ്ശി *a whore, harlot,* s. f. സ്വപ്നം *a dream,* s. n. സ്വപ്നം കാണുന്നു *to dream, to dream of,* v. a. നൂറ *a hundred,* 100, num. വീതം *at the rate of,* adv. കിനാവ *a dream,* s. n. അടയാളം *a sign, token,* s. n. അമ്മ *a mistress, mother,* s. f. വക *means, power,* s, n. അന്യായമായിട്ട *unjustly,* adv. അടുക്കുന്നു *to approach,* v. n. വരുത്തുന്നു *to cause to come,* v. a. causal form of വരുന്നു *to come.* ക്ഷമിക്കുന്നു *to pardon, excuse,* v. a. നെരംക്ഷമിക്കുന്നു *to give time.* വീഥി *a street, road,* s. n. സ്തംഭം *a pillar,* s. n. നാട്ടിക്കുന്നു *to cause to be fixed,* v. a. ലെശ *a handkerchief,* s. n. വിളിമ്പ *the edge, rim of any thing, hem,* s. n. മുകൾ *the top,* s. n. കെട്ടുന്നു *to tie,* v. a. ചുവട *the bottom, base of any thing,* s. n. കണ്ണാടി *a mirror,* s. n. വെപ്പിക്കുന്നു *to cause to place,* v. a. താഴ്ത്തുന്നു *to lower,* v. a. ഇതാ *behold, lo, interjection.* വെശ്യ *a harlot,* s. f. മുടിപ്പ *a bag of money,* s. n. എത്തുന്നു *to reach,* v. a. കയറുന്നു *to ascend,* v. a. ചായിക്കുന്നു *to bend,* v. a. ഗ്രഹിക്കുന്നു *to understand,* v. a.

൰൩ാം കഥ.

അവന്തി പട്ടണത്ത രണ്ട കച്ചവടക്കാരുണ്ടായിരുന്നു അവരിൽ ഒരുത്തന്റെ പെർ ദുൎബ്ബുദ്ധി മററവന്റെ പെര സുബുദ്ധി. അവര രണ്ടാളും കൂടെ അന്യദെശത്ത പൊയി വളരെ ധനം സമ്പാദിച്ച കൊണ്ടുവന്ന ആ പട്ടണത്തിന സമീപം ഉള്ള ഒരു പുളിമരത്തിന്റെ കീഴെ ആരും അറിയാതെ അതിനെ കുഴിച്ചിട്ട താന്താങ്ങളുടെ വീടുകളിലെക്ക പൊയി. അതിന്റെ ശെഷം ഒരു നാൾ ദുൎബ്ബുദ്ധി എന്നവൻ തനിയെ ആ പുളിമരത്തിന്റെ അടുക്കൽ ഗൂഢമായി പൊയി ആ ധനമെല്ലാം തൊണ്ടി എടുത്ത തന്റെ വീട്ടിൽകൊണ്ടുപൊയി പിന്നെ കുറയ നാൾ കഴിഞ്ഞ അവരിരുപെരും കൂടി ആ മരത്തിങ്കലെക്ക പൊയി തൊണ്ടി നൊക്കിയപ്പൊൾ അവിടെ തങ്ങൾ മറവുചെയ്യിരുന്ന ധനം ഇല്ലായിരുന്നു. അപ്പൊൾ ദുൎബ്ബുദ്ധി സുബുദ്ധിയുടെ മടിക്കുത്തിന്ന പിടിച്ച ൟ ധനമെല്ലാം നീ ഗൊപ്യമായി എടുത്തുകൊണ്ടുപൊയി ഇപ്പൊൾ ആ സംഗതി ഒന്നും ഗ്രഹിച്ചിട്ടില്ലാത്തവനെപ്പൊലെ നടിച്ച എന്നൊട കൂടെ ഇവിടെ പണം തൊണ്ടി എടുത്തുകൊണ്ടു പൊകാമെന്ന വെച്ച വന്നിരിക്കുന്നു. എന്റെ ഓഹരിക്ക വരുവാനുള്ള വരാഹൻ തന്നിട്ട പൊ എന്ന അവനൊട മുറുകിയപ്പൊൾ താൻ ആ സംഗതി ഒന്നും അറിഞ്ഞിട്ടില്ലാ എന്ന അവൻ വളരെ പറഞ്ഞു. അത കെൾക്കാതെ അവനെ ന്യായാധിപതിയുടെ അടുക്കലെക്ക കൂട്ടികൊണ്ടുപൊയി തങ്ങൾ രണ്ടാളും കൂടി കുഴിച്ചിട്ടിരുന്ന പണം താനറിയാതെ സുബുദ്ധി തനിയെ എടുത്തു കൊണ്ടുപൊയി എന്നും ആ ധനത്തിൽ തനിക്ക വരുവാനുള്ള ഓഹരി കൊടുപ്പിക്കെണമെന്നും അവിടെ സങ്കടം ബൊധിപ്പിച്ചു. ആ ന്യായാധിപതി ദുൎബ്ബുദ്ധിയെ നൊക്കി നിങ്ങൾ ഇരുപെരും കൂടെ കുഴിച്ചിട്ടിരുന്ന പണം സുബുദ്ധി തന്നെ എടുത്തുകൊണ്ടുപൊയി എന്ന ബൊധിപ്പിച്ചുവെല്ലൊ ആയ്ത എങ്ങിനെ തെളിയിക്കും എന്ന ചൊദിച്ചപ്പൊൾ ഞങ്ങൾ ഏത മരത്തിന്റെ കീഴിൽ ധനം കുഴിച്ചുവെച്ചിരുന്നുവൊ ആ മരത്തെക്കൊണ്ട തന്നെ തെളിയിക്കാമെന്ന ബൊധിപ്പിച്ചു. പിന്നെ ന്യായാധിപതി നാളെ ആ മരത്തിന്റെ അടുക്കൽ നാം വന്ന ൟ സംഗതിയെക്കുറിച്ച വിചാരണ ചെയ്യുമെന്ന കല്പിച്ചു. അതിന്റെ ശെഷം ദുൎബ്ബുദ്ധി എന്നവൻ ആ രാത്രി തന്റെ അച്ഛനെ ഗൂഢമായി കൂട്ടികൊണ്ടുപൊയി ആ മരത്തിന്റെ പൊട്ടിൽ കെററി ഇരുത്തി ന്യായാധിപതി ൟ മരത്തിന്റെ അടുക്കൽ വന്ന ചൊ

ദിച്ചാൽ ധനമെല്ലാം സുബുദ്ധി എടുത്തുകൊണ്ടുപൊയി എന്ന പറവാൻ പറഞ്ഞു. പിറെറനാൾ ന്യായാധിപതി തന്റെ പരിചാരകന്മാരൊട കൂടെ ആ മരത്തിന്റെ അടുക്കൽ ചെന്ന ഇവിടെ കുഴിച്ചു വെച്ചിരുന്ന ധനമെല്ലാം ആര എടുത്തകൊണ്ടുപൊയി എന്ന ചൊദിച്ചു. അതിന്ന ആ പൊട്ടിൽ ഇരുന്നവൻ ആ ധനമെല്ലാം സുബുദ്ധി കിളിച്ചു എടുത്തുകൊണ്ടുപൊയി എന്ന ഉച്ചത്തിൽ വിളിച്ചു പറഞ്ഞു ആ സ്വരം കെട്ട എല്ലാവരും ആശ്ചൎയ്യപ്പെട്ടു. എന്നാറെ ന്യായാധിപതി കുറെയ നെരം ആലൊചിച്ചു ആ പൊട്ടിൽ കുറെയ വൈക്കൊൽ വെപ്പിച്ചു തീ കൊളുത്തിച്ചു. അപ്പൊൾ അതിൽ ഉണ്ടായിരുന്നവൻ ശ്വാസം മുട്ടി ചത്ത വെളിയിൽ ആയി. ഇതിനാൽ ആ ന്യായാധിപതി ദുൎബ്ബുദ്ധി ചെയ്ത കൃത്രിമം കണ്ട അവൻ തന്നെയാകുന്നു ഈ ധനമെല്ലാം കയ്ക്കൽ ആക്കിയ്തു എന്ന നിശ്ചയിച്ചു അവൻ എടുത്തുകൊണ്ടുപൊയിരുന്ന പണമെല്ലാം വരുത്തി സുബുദ്ധിക്ക കൊടുപ്പിച്ചു. ഇങ്ങിനെ ദുൎബ്ബുദ്ധി ധനവും കളഞ്ഞ അച്ഛനെയും കൊല്ലിച്ചു ബഹു വിഷാദത്തൊട കൂടെ വീട്ടിൽ പൊകയും ചെയ്തു. അതുകൊണ്ട ഒരുത്തനെ ചതിക്കെണമെന്ന ആര വിചാരിക്കുന്നുവൊ അവരെ ഈശ്വരൻ ചതിക്കും.

അവന്തി *the name of a city.* ദുൎബ്ബുദ്ധി *a proper name.* സുബുദ്ധി *proper name.* പുളിമരം *a tamarind tree*, s. n. കുഴിക്കുന്നു *to bury*, v. a. തനിയെ *alone*, the same as താനെ. ഗുഢമായി *secretly*, adv. തൊണ്ടുന്നു *to dig*, v. a. മറവ *concealment*, s. n. മറവ ചെയ്യുന്നു *to conceal.* മടിക്കുത്ത *the waist cloth*, s. n. ഗൊപ്യമായി *secretly*, adv. നടിക്കുന്നു *to pretend*, v. n. ഓഹരി *a share*, s. n. പൊട *a crevice*, *hole*, s. n. കെററുന്നു *to cause to ascend*, v. a. ഇരുത്തുന്നു *to cause to sit down*, v. a. പരിചാരകൻ *a Courtier*, s. m. കിളെക്കുന്നു *to dig up*, v. a. ഉച്ചത്തിൽ *loudly*, adv. സ്വരം *a sound*, s. n. വൈക്കൊൽ *straw*, s. n. കൊളുത്തുന്നു *to set on fire*, v. a. causal form കൊളുത്തിക്കുന്നു. ശ്വാസം *breath*, s. n. മുട്ടുന്നു *to be suffocated*, v. n. ചാകുന്നു *to die*, v. n. വെളിയിൽ *out side.* കൃത്രിമം *deceit*, s. n. കയ്ക്കലാക്കുന്നു *to take possession of*, v. a. കൊല്ലിക്കുന്നു *to cause to be killed*, causal form of കൊല്ലുന്നു *to kill.* ഈശ്വരൻ *the Deity*, s. n.

൨൭ാം കഥ.

മധുരയിൽ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നവന്ന രണ്ട

പുത്രന്മാര ഉണ്ടായിരുന്നു. അവൻ വെണ്ടുന്ന സമ്പത്ത ശെഖരിച്ച മരിച്ചു. അവൻെറ പുത്രന്മാര ഇരുവരും ആ ധനമെല്ലാം സമമായി പകുത്തെടുത്ത അവരവക്ക വന്ന ഓഹരിയെ ഓരൊ മടിശ്ശീലയിൽ ഇട്ട മുദ്രവെച്ച തങ്ങളുടെ വീട്ടിൻെറ അയലൊക്കത്തുണ്ടായിരുന്ന ഒരു മുത്തി അമ്മയുടെ കയ്യിൽ കൊടുത്ത ഞങ്ങൾ തീൎത്ഥയാത്ര പൊയി വരട്ടെ അതുവരെക്കും ൟ പണം സൂക്ഷിക്ക ഞങ്ങൾ രണ്ടാളും കൂടെ മടങ്ങി വന്ന ചൊദിക്കുമ്പൊൾ തരെണം എന്ന പറഞ്ഞ തീൎത്ഥയാത്ര പുറപ്പെട്ട കുറെയ ദൂരം പൊയ ശെഷം അനുജൻ ജ്യെഷ്ഠനെ വഞ്ചിച്ച ആ ധനമെല്ലാം തനിക്ക അപഹരിക്കെണമെന്ന കരുതി ഒരു നാൾ രാത്രി ഉറക്ക സമയത്ത എഴുനീററ ജ്യെഷ്ഠനൊട പറയാതെ പുറപ്പെട്ട തൻെറ ദിക്കിൽ എത്തി ആ മുത്തി അമ്മയുടെ അടുക്കൽ പൊയി ഞാനും ജ്യെഷ്ഠനും കൂടി തീൎത്ഥയാത്ര പൊകുമ്പൊൾ വഴിയിൽവെച്ച ജ്യെഷ്ഠനെ പുലി പിടിച്ച കൊന്നു അതുകൊണ്ട ഞാൻ മാത്രം വന്നിരിക്കുന്നു മുമ്പെ ഞങ്ങൾ രണ്ട പെരും കൂടി നിൻെറ കയ്യിൽ തന്നിരിക്കുന്ന പണം തരെണമെന്ന ചൊദിച്ചു. ആ ധനമെല്ലാം അവൻെറ പക്കൽ കൊടുക്കുന്നതിന്ന കുറെ നെരം ആ മുത്തിയമ്മ സംശയിച്ച പിന്നെ അവൻെറ ജ്യെഷ്ഠനെ അവൻ ചതിക്കയില്ലെന്നുള്ള വിശ്വാസം കൊണ്ട ആ ധനമെല്ലാം അവൻെറ കയ്യിൽ കൊടുത്തു അവൻ അയ്യ എടുത്തുകൊണ്ട മററൊരു ദെശത്തെക്ക ഗമിക്കയും ചെയ്തു. ആ ജ്യെഷ്ഠൻ തൻെറ അനുജനെ കാണാതെ വളരെ വ്യസനപ്പെട്ട മടങ്ങി തൻെറ ദിക്കിന്ന വന്ന ആ മുത്തിയമ്മയുടെ അടുക്കൽ പൊയി എൻെറ അനുജൻ എവിടെപ്പൊയൊ എന്നറിഞ്ഞുകൂടാ ഞങ്ങൾ നിൻെറ കയ്യിൽ തന്നിട്ടുള്ള പണം തരെണമെന്ന ചൊദിച്ചപ്പൊൾ നിൻെറ അനുജൻ കുറെനാൾ മുമ്പെ ഇവിടെ വന്ന നീ മരിച്ചുപൊയി എന്ന പറഞ്ഞ പണമെല്ലാം വാങ്ങിക്കൊണ്ടുപൊയി എന്ന ആ മുത്തി അമ്മ പറഞ്ഞു. അന്നെരം അവൻ അവളൊട ശണ്ഠ കൂടി അവളെ ന്യായാധിപതിയുടെ അടുക്കൽ കൂട്ടിച്ചു കൊണ്ടുപൊയി തൻെറ കാൎയ്യമെല്ലാം അവിടെ ബൊധിപ്പിച്ചാറെ ന്യായാധിപതി ഇവൻെറയും മുത്തി അമ്മയുടെയും വായ്മൊഴികൾ കെട്ട അവളെ തൊല്പിച്ചതാണെന്ന ഗ്രഹിച്ചു. പിന്നെ അവനെ വിളിച്ച ആദ്യം മുത്തിയമ്മയുടെ കയ്യിൽ പണം കൊടുത്ത സമയം നിങ്ങൾ ജ്യെഷ്ഠാനുജന്മാര രണ്ടു പെരും കൂടി വന്ന ചൊദിക്കുമ്പൊൾ തരെണമെന്നല്ലൊ പറഞ്ഞി

രിക്കുന്നത അതുകൊണ്ട നിന്റെ അനുജനെ കൂട്ടിക്കൊണ്ടുവന്നാൽ പണം തരുവിക്കാം അതല്ലാതെ നീ തനിയെ ചൊദിച്ചാൽ എങ്ങിനെ പണം തരുവിക്കും നിനക്ക പണം വെണമെങ്കിൽ നിന്റെ അനുജനെ വിളിച്ചുകൊണ്ടുവാ എന്ന കല്പിച്ചു. അതിന്ന എതും ഉത്തരം പറവാനില്ലാതെ അവൻ പൊകയും ചെയ്തു.

മധുര *the name of a city, Madura.* പുത്രൻ *a son*, s. m. സമ്പത്ത *wealth*, s. n. ശെഖരിക്കുന്നു *to collect, amass*, v. a. മരിക്കുന്നു *to die*, v. n. സമമായി *equally*, adv. പകുക്കുന്നു *to divide*, v. a. മടിശ്ശീല *a purse*, s. n. മുത്തിയമ്മ *an old woman*, s. f. തീൎത്ഥയാത്ര *a pilgrimage*, s. n. അതുവരെക്കും *until then.* അനുജൻ *a younger brother*, s. m. ജ്യെഷ്ഠൻ *an elder brother*, s. m. വഞ്ചിക്കുന്നു *to deceive*, v. a. അപഹരിക്കുന്നു *to take away, to deprive of*, v. a. കരുതുന്നു *to think, consider*, v. n. ഉറക്കം *sleep*, s. n. ഉറക്കസമയം *sleeping time*, s. n. പുലി *a tiger*, s. n. സംശയിക്കുന്നു *to doubt*, v. n. വിശ്വാസം *trust,, confidence*, s. n. ഗമിക്കുന്നു *to go*, v. n. ശണ്ഠകൂട്ടുന്നു *to quarrel.* ശണ്ഠ *a quarrel*, s. n. വായ്മൊഴി *a representation*, comp[d.] of വാ *the mouth*, and മൊഴി *a word, expression.*

൨൬ാം കഥ.

വിശാഖപട്ടണത്തിൽ രണ്ട സ്നെഹിതന്മാരുണ്ടായിരുന്നു. ഒരുവൻ ദിനംപ്രതി സന്ധ്യാവന്ദനാദി ക്രിയകൾ കഴിച്ച അമ്പലത്തിൽ പൊയി പ്രദക്ഷിണ നമസ്കാരം ചെയ്തുകൊണ്ട വന്നു. മറ്റവൻ നെരം വൈകുമ്പൊൾ തെവിടിശ്ശികളുടെ വീട്ടുകളിലെക്ക പൊയി അവരുമായി ലീലക്രീഡയിൽ കാലക്ഷെപം കഴിച്ചുകൊണ്ട വന്നു. അവരിരുപെരും അന്യൊന്യം സ്നെഹമായിരുന്നതുകൊണ്ട ക്ഷെത്രത്തിൽ പൊയവൻ തെവിടിശ്ശികളുടെ വീട്ടുകളിലെക്ക പൊയവനെയും അവൻ അവിടെ ചെയ്യുന്ന കൃതികളെയും മനസ്സിൽ ഓൎത്ത താൻ അവനൊട കൂടെ പൊയില്ലല്ലൊ എന്ന വിചാരപ്പെടുകയും തെവിടിശ്ശികളുടെ വീട്ടുകളിൽ പൊയവൻ ഇവനെ ഓൎത്ത ഇവനൊട കൂടെ താനും ക്ഷെത്രത്തിൽ പൊയില്ലല്ലൊ എന്ന വിചാരിക്കുകയും ചെയ്യുമാരുന്നു. ഇങ്ങിനെ കുറെക്കാലം കഴിഞ്ഞ ശെഷം അവര രണ്ടാളും സിദ്ധികൂടി അപ്പൊൾ തെവിടിശ്ശികളുടെ വീട്ടുകളിൽപ്പൊയിക്കൊണ്ടിരുന്നവന്ന മൊക്ഷം ലഭിച്ചു. ക്ഷെത്ര

ത്തിൽപ്പൊയി പ്രദക്ഷിണെ നമസ്കാരം ചെയ്തുകൊണ്ടവന്ന വന്ന നരകം സിദ്ധിച്ചു. ഇവൎക്കസംഭവിച്ച ഗതി നാരദമുനി കണ്ട ദെവന്റെ അടുക്കലെക്ക പൊയി സ്വാമീ എല്ലാപ്പൊഴും നിന്റെ ആലയത്തിൽ വന്ന നിന്നെ ഭജിച്ചുകൊണ്ടിരുന്നവന്ന നരകം പ്രാപ്തമായി ജീവകാലം എല്ലാം വെശ്യകളുടെ വീടുകളിൽ ഇരുന്നിട്ടുള്ളതല്ലാതെ ഒരു നിമിഷം പൊലും നിന്നെ ഓൎത്തിട്ടില്ലാത്തവനൊ എങ്കിൽ അവന്ന മൊക്ഷഗതിയായും ഇരിക്കുന്നു. സൎവ്വജ്ഞനായ നീ ഠരം വക അന്ന്യായം ചെയ്യാൽ ലൊകത്തിൽ നിന്നെ ആര ഭജിക്കും എന്ന ഉണൎത്തിച്ചപ്പൊൾ ദെവൻ ഠരം മൊഴി കെട്ട വെശ്യകളുടെ വീടുകളിൽത്തന്നെ ഇരുന്നവൻ എന്നെ സദാനെരവും ധ്യാനിച്ചുകൊണ്ടിരുന്നു അതുകൊണ്ട അവന്ന മൊക്ഷം കൊടുത്തു. നമ്മുടെ ക്ഷെത്രത്തിൽ വന്നുകൊണ്ടിരുന്നവൻ അന്ന്യസംഗതികളിൽ മനസ്സ വെച്ചുകൊണ്ടിരുന്ന നമ്മെ മറന്നകളഞ്ഞു അതിനാൽ അവന്ന നരകം ലഭിച്ചു. അതുകൊണ്ട സൽഗതി ദുൎഗ്ഗതി ഇവ സംഭവിക്കുന്നതിന കാരണം മനസ്സ തന്നെ അല്ലാതെ മറ്റൊന്നും അല്ല.

വിശാഖപട്ടണം *Vizagapatam.* സ്നെഹിതൻ *a friend*, s. m. വയ്യുന്നെരം *Evening*, s. n. സന്ധ്യാവന്ദനം *religious ceremonies performed by the Hindoos at stated periods in the course of the day* and ആദി *Et cetera* used with sanscrit words. ക്രിയ *a purificatory rite*, s. n. അമ്പലം *a temple, pagoda*, s. n. പ്രദക്ഷിണം *a reverential salutation*, s. n. നമസ്കാരം *a salutation*, s. n. വൈകുന്നു *to become late*, refl. v. n. അവരുമായി *with them.* ലീലക്രീഡാ *wanton sport*, s. n. കാലക്ഷെപം *passing time*, s. n. അന്ന്യൊന്ന്യം *mutual*, adj. ക്ഷെത്രം *a temple, pagoda*, s. n. കൃതി *an action*, s. n. മൊക്ഷം *eternal happiness*, s. n. ലഭിക്കുന്നു *to obtain*, v. a. നരകം *hell, the infernal region*, s. n. സിദ്ധിക്കുന്നു *to be accomplished, obtained*, v. n. നാരദമുനി *the name of a Penitent.* എല്ലാപ്പൊഴും *always*, adv. ആലയം *a temple, place of refuge*, s. n. ഭജിക്കുന്നു *to serve, worship*, v. a. പ്രാപ്തം *obtained*, adj. ജീവകാലം *life time*, s. n. നിമിഷം *a moment*, s. n. പൊലും *even*, adv. മൊക്ഷഗതിയായി *obtaining salvation.* സൎവ്വജ്ഞൻ *Omniscient*, adj. ലൊകം *the world*, s. n. സദാനെരവും *always, continually*, adv. ധ്യാനിക്കുന്നു *to meditate upon*, v. a. മറക്കുന്നു *to forget*, v. a. സൽഗതി *bliss, salvation.* ദുൎഗ്ഗതി *perdition*, s. n.

൩ന്നാം കഥ.

ചൊളദെശത്ത ഢിജകീൎത്തി എന്ന രാജാവിന്ന മൂന്ന പുത്രന്മാര ഉണ്ടായിരുന്നു. അവന്ന വാൎദ്ധക്യം വന്ന പൊയ്യതിനാൽ രാജ്യപരിപാലനം ചെയ്യുന്നതിന്ന ശക്തി ഇല്ലായിരുന്നു. അതുകൊണ്ട തന്റെ മൂന്ന കുമാരരിൽ പ്രഭുത്വം ചെയ്യത്തക്കവൻ ആരൊ അവന്റെ പക്കൽ രാജ്യത്തെ ഏല്പിക്കെണമെന്ന നിശ്ചയിച്ച ഓരൊരുത്തരുടെ യൊഗ്യതകൾ അറിയുന്നതിന്ന വെണ്ടി മുമ്പെ തന്നെ മൂത്ത കുമാരനെ വിളിച്ച വരുത്തി നിന്റെ മനസ്സിലെ അപെക്ഷ എന്തെന്ന പറകാ എന്ന ചൊദിച്ചപ്പൊൾ ഞാൻ എല്ലായ്പൊഴും തൎക്കം വ്യാകരണം അലങ്കാരം മുതലായ ശാസ്ത്രങ്ങളിൽ സമൎത്ഥന്മാരായുള്ള വിദ്വാന്മാരെ അടുക്കൽ വെച്ചുകൊണ്ട ഭാരതം രാമായണം മുതലായ ഗ്രന്ഥങ്ങളെ വായിച്ച കാലക്ഷെപം ചെയ്യുകൊണ്ടിരിക്കെണമെന്ന ഇനിക്ക അപെക്ഷ നന്നായ്യുണ്ടെന്ന അറിയിച്ചു. അപ്പൊൾ രാജാവ അവന്റെ ചിലവിന്ന തക്കപ്രകാരം ഏതാനും ഉഭയം ജന്മം കൊടുത്ത നിന്റെ ഇഷ്ടപ്രകാരം കഴിച്ചുകൊൾക എന്ന കല്പിച്ച രണ്ടാമത്തെ കുമാരനെ വിളിച്ച വരുത്തി നിന്റെ അഭിപ്രായം ഏതുപ്രകാരം ഇരിക്കുന്നു എന്ന ചൊദിച്ചാറെ അനവധി ദ്രവ്യം ശെഖരിച്ചുകൊണ്ട തീൎത്ഥയാത്ര പൊകെണമെന്ന ആഗ്രഹം നന്നായ്യുണ്ടെന്നറിയിച്ചു. അപ്പൊൾ രാജാവ അവന്ന ആവിശ്യം ഉള്ളെടത്തൊളം ധനം കൊടുപ്പിച്ച തീൎത്ഥയാത്രക്ക അയച്ചു. പിന്നെ മൂന്നാമത്തെ കുമാരനെ വിളിച്ച നിനക്ക എന്ത അഭിലാഷ ഇരിക്കുന്നു എന്ന ചൊദിച്ചു. ഒരു രാജ്യം കൈവശമാക്കി ഒട്ടെറ കുഞ്ചൂട്ടക്കാരെയും ചെൎത്ത എന്റെ ദെശത്തുള്ള പ്രജകളെ നന്നായി വിചാരിച്ച രാജ്യത്ത കൃഷി നന്നായി അഭിവൃദ്ധി ചെയ്യിച്ച സകല ജനങ്ങളെയും സംരക്ഷിച്ച കീൎത്തി സമ്പാദിക്കെണമെന്ന അപെക്ഷ ഇനിക്ക നന്നായ്യുണ്ടെന്ന തിരുമനസ്സിൽ അറിയിച്ചു. അന്നെരം രാജാവ അവന്റെ മൊഴിയിങ്കൽ നന്നായി സന്തൊഷിച്ച രാജ്യത്തിന്ന അൎഹൻ ഇവൻ തന്നെ എന്ന നിശ്ചയിച്ച തന്റെ രാജ്യമെല്ലാം അവനെ ഭരം ഏല്പിച്ചു. ഠരം കുട്ടിതമ്പാൻ രാജ്യാധികാരം വഹിച്ചുകൊണ്ട പ്രജകൾക്ക ന്യായം വിചാരിച്ച നടത്തിക്കയാൽ രാജ്യത്ത സുഭിക്ഷമുണ്ടായി. ആയ്യുകൊണ്ട ഓരൊരുത്തൎക്ക കൊടുക്കുന്നത ഏതുപ്രകാരമുള്ള അധികാരമായാലും അവരവരുടെ യൊഗ്യതകൾ വിചാരിച്ച കൊടുക്കെണ്ടതാകുന്നു.

ചൊളദെശം a country so called including a part of the Tamil Provinces on the coast of Coromandel. ദിജകീൎത്തി a proper name. വാൎദ്ധക്യം *old age*, s. n. പ്രഭുത്വം *sovereignty, lordship*, s. n. ചെയ്യത്തക്കവൻ *one who is fit to do.* ഏല്പിക്കുന്നു *to deliver, to entrust to*, v. a. ഓരൊരുത്തരുടെ യൊഗ്യതകൾ *the capacities of each*, comp[d.] of ഓരൊരുത്തരുടെ gen. plu. of ഓരൊരുത്തൻ *each* and യൊഗ്യത *capacity, fitness*, s. n. മൂത്ത കുമാരൻ *the eldest son*, s. m. തൎക്കം *logic*, s. n. വ്യാകരണം *Grammar*, s. n. അലങ്കാരം *Rhetoric*, s. n. വെച്ചുകൊള്ളുന്നു *to place oneself.* ഭാരതം *the great sacred Epic poem of the Hindoos regarding the war between the sons of Pāndu and Dhritarāshtra*, s. n. രാമായണം *the sacred Epic poem of the Hindoos containing the adventure of Rama the son of Dasaratha sovereign of Oude*, s. n. ഗ്രന്ഥം *a book*, s. n. തക്കപ്രകാരം *as much as is fitting*, ഉഭയം *land*, s. n. ജന്മം *proprietary right*, s. n. ഒട്ടേറ *much*, adv. കുഞ്ചൂട്ടക്കാരൻ *a soldier*, s. m. കൃഷി *cultivation*, s. n. അഭിവൃദ്ധി *increase*, s. n. തിരുമനസ്സ *the royal mind, the king.* അൎഹൻ *fit, worthy*, adj. ഭരമെല്പിക്കുന്നു *to give charge to another*, v. a. കുട്ടിതമ്പാൻ *a young prince*, s. m. വഹിക്കുന്നു *to bear*, v. a. സുഭിക്ഷം *fertility*, s. n.

൪൰ാം കഥ.

വാരണാസിയിൽ ഒരു വെളുത്തെടനുണ്ടായിരുന്നു. അവന്റെ വീട്ടിൽ ഒരു നായിനെയും കഴുതയെയും വളൎത്തിയിരുന്നു. ഒരു നാൾ രാത്രി അവൻ ഉറങ്ങിയ സമയം നൊക്കി അവന്റെ വീട്ടിൽ കെറി സൎവ്വവും കട്ടുകൊണ്ടുപൊകെണമെന്ന വെച്ചു അവന്റെ വീട കള്ളന്മാര തുരന്ന കെറി. അപ്പൊൾ ആ ശ്വാനൻ അവിടെ ഇല്ലായിരുന്നു അതുകൊണ്ട കഴുത കള്ളന്മാരെക്കണ്ട നമ്മുടെ എജമാനന്റെ വീട്ടിൽ കള്ളന്മാര കെറി എല്ലാം കട്ടുകൊണ്ട പൊകുന്നുവെല്ലൊ ഇപ്പൊൾ നായ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ ഉച്ചത്തിൽ കുരെച്ചു എജമാനനെ ഉണൎത്തുമായിരുന്നു അത എപ്പൊൾ വരുമൊ എന്തൊ അറിഞ്ഞു കൂടാ അതുവരെയും നാം അനങ്ങാതെ ഇരുന്നാൽ ഇവന്റെ വീട്ടിൽ ഉള്ളത എല്ലാം മൊഷണം പൊയിപ്പൊകുമെല്ലൊ ആപത്ത കാലത്ത എജമാനന്റെ കാൎയ്യത്തിൽ ഉപെക്ഷ ചെയ്യൂ കൂടാ നാം തന്നെ ഗൎജ്ജിച്ചിട്ടെങ്കിലും അവനെ ഉണൎത്തെണമെന്ന കരുതി ഒറക്കെ ഗൎജ്ജിച്ചു. അപ്പൊൾ ആ

വെളുത്തെടൻ കഴുത ഗൎജ്ജിക്കുന്നത കെട്ട നിദ്രഭംഗം ചെയ്യു അല്ലയൊ എന്ന വെച്ച വളരെ കൊപിച്ചുകൊണ്ട എഴുനീററ ഒരു വടി എടുത്ത ചെന്ന അതിനെ നന്നായി അടിച്ചു. പിന്നെ പൊയി കിടന്ന ഉറങ്ങുമ്പൊൾ കള്ളന്മാര വീട്ടിൽനിന്ന മൊഷ്ടിച്ചുകൊണ്ട ഇറങ്ങിപ്പൊയി. അതിന്റെ ശെഷം നായ ഖരികയാൽ അതിനെ കഴുതകണ്ട നമ്മുടെ എജമാനന്റെ വീട്ടിൽ കള്ളന്മാര തൊരക്കം വെച്ച കെറി അപ്പൊൾ നീ ഇവിടെ ഇല്ലായിരുന്നതുകൊണ്ട ആ വിവരം അവന്റെ മനസ്സിൽ ആക്കെണമെന്ന വെച്ച ഞാൻ ഗൎജ്ജിച്ചാറെ ദുൎവൃത്തുകൊണ്ട അങ്ങിനെ ഗൎജ്ജിച്ചതാകുന്നു എന്ന വെച്ച അവൻ എഴുനീററ എന്നെ തച്ചു ഇനി എങ്കിലും നീ കുരെച്ച അവനെ ഗ്രഹിപ്പിക്കെണമെന്ന പറകയാൽ നായ ഉറക്കെ കുരെച്ചു തുടങ്ങി അത ആ വെളുത്തെടൻ കെട്ട തന്റെ വീട്ടിൽ കള്ളന്മാര കെറിയൊ എന്തൊ എന്ന വെച്ച ഝടുതിയായി എഴുനീററ വീട്ടിന്റെ നാല മൂലക്കും നൊക്കുമ്പൊൾ അതിന്ന മുമ്പെ തന്നെ കള്ളന്മാര സൎവ്വവും കയ്ക്കലാക്കികൊണ്ടുപൊയി എന്നറിഞ്ഞ അത നിമിത്തം നന്നെ വ്യസനപ്പെട്ടു. ആയ്തുകൊണ്ട ഒരുത്തൻ ചെയ്യെണ്ടുന്ന പണി മറെറാരുത്തൻ ചെയ്താൽ പണി ചെയ്യുന്നവന്ന കുററം വരും പണിയും പിഴച്ചുപൊകും.

വാരണാസി proper name of a city. നായ *a Dog*, s. n. സൎവ്വസ്വം *all the property*, s. n. a sanscrit compound word. തുരക്കുന്നു *to bore a hole in a wall*, v. a. ശ്വാനൻ *a Dog*, s. n. ഉച്ചത്തിൽ *loudly*, adv. കൊരെക്കുന്നു *to bark*, v. n. ഉണൎത്തുന്നു *to awake one out of sleep*, v. a. അനങ്ങുന്നു *to move*, v. a. ഗൎജ്ജിക്കുന്നു *to bray as an ass*, v. n. ഉറക്കെ *loudly*, adv. നിദ്രഭംഗം *interruption to sleep*, s. n. വടി *a stick*, s. n. ഇറങ്ങുന്നു *to descend*, v. n. തൊരക്കം *the act of boring a hole in a wall*, s. n. ദുൎവൃത്തി *wantonness, vice*, s. n. തച്ചു *flogged*, v. a. past tense of തയ്ക്കുന്നു *to flog*. ഝടുതിയായി *quickly*, adv. മൂല *a corner*, s. n. കുററം *blame*, s. n. പിഴക്കുന്നു *to be mistaken*, v. n.

൩൭ാം കഥ.

പാഞ്ചാലദെശത്ത ഒരു രാജാവ ഉണ്ടായിരുന്നു. അദ്ദെഹത്തിന്ന ഉണ്ടായിരുന്ന ഒരു കുമാരൻ ചെറുപ്പം മുതൽക്ക ബഹു ബുദ്ധിമാൻ ആയിരുന്നു. ഒരു നാൾ അവൻ രാജാവിനെ നൊക്കി തിരുമെനീ കീൎത്തി സമ്പാദിക്കെണമെന്ന ഇനിക്ക വ

ഉരെ അപെക്ഷ ഉണ്ട ഞാൻ എങ്ങിനെയിരുന്നാൽ കീൎത്തി ഉണ്ടാകും എന്ന ചൊദിച്ചപ്പൊൾ രാജാവ കല്പിച്ചത എന്തെന്നാൽ നീ രാജ്യം പരിപാലിക്കുമ്പൊൾ പ്രജകളെ ഉപദ്രവിക്കാതെ സമ്പന്നന്മാരെയും സാധുക്കളെയും നന്നായി വിചാരിച്ച സാധുക്കൾക്ക അപ്പപ്പൊൾ അന്ന വസ്ത്രാദികൾ കൊടുത്ത സംരക്ഷണ ചെയ്യുവന്നാൽ നിനക്ക വെണ്ടെടത്തൊളം കീൎത്തി വന്നുകൂടും ഭാഗ്യപതികളായുള്ളവൎക്ക എന്ത തന്നെ കൊടുത്താലും കീൎത്തി വരികയില്ല ഇതിന്ന ഒരു ദൃഷ്ടാന്തം പറയാം അത എന്തെന്നാൽ വെള്ളം ഇല്ലാതെ കൃഷി ഒണങ്ങിപ്പൊകുമ്പൊൾ മഴ പെയ്യാൽ മെഘത്തിന്ന വളരെ കീൎത്തിയുണ്ട സമുദ്രത്തിൽ എത്ര തന്നെ മഴ പെയ്യാലും കീൎത്തി ഇല്ലെല്ലൊ എന്നരുളിചെയ്തു. അതും അല്ലാതെ ഇവൻ ബഹു ബുദ്ധിമാൻ എന്ന നിശ്ചയിച്ച തന്റെ രാജ്യത്തിൽ പാതി അവനെ ഭരമെല്പിച്ചു. അതിന്റെ ശെഷം ആ കുട്ടിതമ്പാൻ രാജ്യം സ്വാധീനമാക്കിക്കൊണ്ട പ്രജകളുടെ കാൎയ്യാദികൾ ജാഗ്രതയായി നടത്തി എളിയവരായവരെ വിചാരിച്ച അവൎക്ക അന്ന വസ്ത്രങ്ങൾ കൊടുപ്പിച്ച നന്നായി ആദരിച്ച വന്നു. അതുകൊണ്ട അവന്ന മഹാ യശസ്സ ഉണ്ടാകയും ചെയ്തു.

പാഞ്ചാലദെശം a country so called. ചെറുപ്പം *infancy*, s. n. ഉപദ്രവിക്കുന്നു *to oppress*, v. a. സമ്പന്നൻ *a rich man*, s. m. സാധു *poor*, adj. ഭാഗ്യപതി *fortunate*, adj. ഒണങ്ങുന്നു *to be scorched*, v. n. മഴ *rain*, s. n. മെഘം *a cloud*, s. n. പാതി *half*, adj. എളിയവൻ *a poor man*, s. m. ആദരിക്കുന്നു *to support, to comfort*, v. a. യശസ്സ *glory*, s. n.

൨൰ാം കഥ.

ഗാന്ധാരദെശത്ത മഹിവീരനെന്ന രാജാവ ബഹു ദ്രവ്യം ചിലവിട്ട രണ്ട പനമരത്തൊളം ആഴമായും ഒരു യൊജന അകലമായും ഉള്ള ഒരു ചെറ തൊണ്ടിച്ച ആ ചിറക്ക ചുററും വരമ്പും എടുപ്പിച്ചു. എത്ര തന്നെ മഴ പെയ്യാലും എത്ര തന്നെ വെള്ളം വന്നാലും ആ ചിറ വററിപ്പൊകുന്നതല്ലാതെ ഒട്ടും വെള്ളം നില്ക്കുക ഇല്ല. അതിനാൽ ഒരു നാൾ രാജാവ ബഹു ദ്രവ്യം പ്രയം ചെയ്യിച്ച ഉണ്ടാക്കിച്ച ചിറയിൽ വെള്ളം നില്ക്കാതെ പൊയല്ലൊ എന്ന ക്ലെശിച്ചുകൊണ്ട ആ ചിറവരമ്പിന്മെൽ ഇരിക്കുമ്പൊൾ അവിടെ ഏരുണ്ഡമുനി എന്ന ഒരു ഋഷീശ്വരൻ വ

ന്നു. അപ്പൊൾ ആ രാജാവ എഴനീററ അവന്ന ദണ്ഡനമഃസ്കാരം ചെയ്തു ആദരിച്ച ഇരുത്തി സംസാരിക്കുമ്പൊൾ ആ ഋഷി രാജാവിനെ നൊക്കി ഹെ രാജാവെ നിങ്ങൾ എന്തൊ ബഹു വിഷാദമായിരിക്കുന്ന പ്രകാരം തൊന്നുന്നു അത എന്തുകൊണ്ടെന്ന ചൊദിച്ചപ്പൊൾ സ്വാമി ഞാൻ ബഹു ദ്രവ്യം ചിലവ ചെയ്തു ൟ ചിറ തൊണ്ടിച്ചു ഇതിൽ തുള്ളി വെള്ളം പൊലും നില്ക്കുകയില്ല അതുകൊണ്ട കുണ്ഠിതനായിരിക്കുന്നു എന്ന പറഞ്ഞപ്പൊൾ ഇതിന്ന വിഷാദിക്കുന്നത എന്തിന്ന സാഹസം ഔദാര്യം മുതലായ ഗുണങ്ങളിൽ സമ്പന്നനായിരിക്കുന്ന ഒരു രാജാവിന്റെയാകട്ടെ സകല യൊഗസമ്പന്നനായിരിക്കുന്ന ഒരു ഋഷിയുടെ ആകട്ടെ കണ്ഠരക്തത്തിൽ ചൊറ കുഴെച്ച ൟ ചെറക്ക സമീപം ഉള്ള കാളിക്ക നിവെദിച്ചാൽ ൟ ചിറയിൽ വെള്ളം വററിപ്പൊകാതെ സമുദ്രം പൊലെയാകുമെന്ന പറഞ്ഞു. അതിനെ രാജാവ കെട്ട അപ്രകാരം ഉള്ള രാജാവിനെ കിട്ടുന്നത പ്രയാസം തന്നെ ൟ ഋഷീശ്വരൻ സകല യൊഗസമ്പന്നൻ അതുകൊണ്ട ഇവനെത്തന്നെ ൟ കാളിക്ക ബലികഴിക്കാമെന്ന നിശ്ചയിച്ച തന്റെ ചന്ദ്രഹാസം ഊരി അതുകൊണ്ട ആ ഋഷിയുടെ കഴുത്ത ഖണ്ഡിച്ച ആ രക്തത്തിൽ ചൊറ കുഴെച്ച ദുൎഗ്ഗക്ക നിവെദ്യം കഴിച്ചു. അപ്പൊൾ ദുൎഗ്ഗയുടെ പ്രസാദം കൊണ്ട മഴ പെയ്തു വന്ന വെള്ളമെല്ലാം ൟ ചിറയിൽ കെട്ടിനിന്ന നിറകയും ചെയ്തു. അതുകൊണ്ട പ്രഭുക്കൾക്ക ഗുണദൊഷം പറഞ്ഞ കൊടുക്കുന്നവൻ സമയൊക്തമായി പറയെണം അല്ലെങ്കിൽ പറയുന്നവന്ന തന്നെ അപായം സംഭവിക്കും.

ഗാന്ധാരദെശം the country called Candahar. മഹിവീരൻ a *proper name*. ചിലവിടുന്നു *to expend*, v. a. പനമരം *a palmyra tree*, s. n. ആഴം *depth*, s. n. യൊജന *a measure of distance equal to four Coss*, s. n. അകലം *breadth*, s. n. ചിറ *a tank*, s. n. തൊണ്ടിക്കുന്നു *to cause to be dug*, v. a. ചുററും *round* post pos. വരമ്പ *a bank*, s. n. എടുപ്പിക്കുന്നു *to cause to be raised*, v, a. causal form of എടുക്കുന്നു *to raise*. വററുന്നു *to be dried up*, v. n. നില്ക്കുന്നു *to remain*, v. n. ക്ലെശിക്കുന്നു *to be grieved*, v. n. ഏകശൃംഗമുനി proper name of a Penitent. ഋഷീശ്വരൻ the Chief of Penitents. ദണ്ഡനമഃസ്കാരം *salutation*, s. n. ആദരിക്കുന്നു *to pay respect to*. തുള്ളി *a drop*, s. n. കുണ്ഠിതനായി *sorrowful*, adj. സാഹസം *bravery*, s. n. ഔദാര്യം *liberality*, s. n.

ഗുണം *a good quality*, s. n. സമ്പന്നൻ *possessed of*, adj. സകല *all*, adj. യൊഗം *a particular function of devotion*, s. n. കണ്ഠരക്തം *the blood of the neck*, comp^d. of കണ്ഠം *a neck* and രക്തം *blood*, s. n. ചൊറ *rice*, s. n. കുഴെക്കുന്നു *to mix*, v. a. കാളി *a goddess, the wife of Sivah.* നിവെദിക്കുന്നു *to offer a sacrifice*, v. a. ബലികഴിക്കുന്നു *to perform a sacrifice*, v. a. ചന്ദ്രഹാസം *a sword*, s. n. ഊരുന്നു *to draw*, v. a. കഴുത്ത *the neck*, s. n. ഖണ്ഡിക്കുന്നു *to cut off*, v. a. ദുൎഗ്ഗ *a goddess*, another name for the wife of Sivah. നിറയുന്നു *to become full*, v. n.

൩൦ാം കഥ.

മലയാള രാജ്യത്ത നന്നനൻ എന്ന രാജാവ രാജ്യം വാണിരിക്കുമ്പൊൾ ഒരു നാൾ അവന്റെ അടുക്കൽ ഒരു മല്ലിടിക്കാരൻ വന്ന ഹെ മഹാ രാജാവെ ഞാൻ അടി തട മുതലായ വിദ്യകൾ നന്നായി അഭ്യസിച്ചിട്ടുണ്ട പെരുമ്പുലിയുമായി പൊരുന്നതിന്ന കഴിയും പൎവ്വതങ്ങളെ കൂടി തലമെൽ ചുമന്നുകൊണ്ടു പൊകുന്നതിന്ന കഴിയും. എന്റെ സാമൎത്ഥ്യത്തിന്ന തക്കപൊലെയുള്ള മാസപ്പടി തന്ന എന്നെ സംരക്ഷണെ ചെയ്യുന്നതിന്ന തങ്ങളെ അല്ലാതെ മറ്റ ആരെയും ഞാൻ കാണുന്നില്ല അതുകൊണ്ട തങ്ങളുടെ തിരുവുള്ളം സമ്പാദിച്ച ജീവനം ചെയ്യാമെന്ന വെച്ച തങ്ങളുടെ സന്നിധിയിൽ വന്നിരിക്കുന്നു എന്ന ഉണൎത്തിച്ചു. അപ്പൊൾ ആ രാജാവ അവന്റെ വാക്ക കെട്ട ഇങ്ങിനെയുള്ള പൊരാളി നമ്മുടെ അടുക്കൽ ഉള്ളത നന്നെന്ന നിശ്ചയിച്ച അവന്ന മാസം ൫൦൦ വരാഹൻ ശമ്പളം വെച്ച തന്റെ അടുക്കൽ നിൎത്തി. ഇങ്ങിനെയിരിക്കുമ്പൊൾ ആ പട്ടണത്തിന്ന സമീപം ഉള്ള ഒരു മലമെൽ ദുഷ്ട മൃഗങ്ങൾ വന്ന കൂടി പ്രജകളെ അധികമായിട്ട ഹിംസ ചെയ്യ്വ വന്നു. അതുകൊണ്ട രാജാവ ആ മല്ലികചെട്ടിയെ വിളിച്ച നീ പൎവ്വതങ്ങളെ ചുമന്നുകൊണ്ടു പൊകാമെന്ന പറഞ്ഞിട്ടുണ്ടെല്ലൊ എന്നാൽ ഇപ്പൊൾ ൦രം ദിക്കിന്ന സമീപം പൎവ്വതം ഉള്ളതിനാൽ കുടിയാന്മാൎക്ക വളരെ ഉപദ്രവമായിരിക്കുന്നു ആ പൎവ്വതത്തെ ദൂരെ എവിടെ എങ്കിലും എടുത്തുകൊണ്ടുപൊയി വെച്ച വരികാ എന്ന കല്പിച്ചാറെ നല്ലത അങ്ങിനെ തന്നെ ചെയ്യാമെന്ന അവൻ അറിയിച്ചു. പിന്നെ പിറ്റെനാൾ ഉഷസ്സിങ്കൽ ആ രാജാവ മല്ലിടിക്കാരനെ കൂട്ടിക്കൊണ്ട മന്ത്രി പുരൊഹിതൻ സെനകൾ സെവകന്മാര മുതലായവരൊട കൂടി ആ പൎവ്വതത്തി

ന്റെ അടുക്കൽ പൊയി. അപ്പൊൾ ആ മല്ലിക ചെട്ടി അര മുറുക്കി തലയിൽ തുണി കെട്ടി. അങ്ങിനെ നില്ക്കുമ്പൊൾ രാജാവ അവനെ നൊക്കി എന്താണ സംശയിക്കുന്നത പൎവ്വതം തലമെൽ എടുത്തുകൊണ്ടുപൊക എന്ന കല്പിച്ചപ്പൊൾ തിരുമെനി ഞാൻ പൎവ്വതം ചുമക്കാമെന്ന തിരുമുമ്പാകെ ബൊധിപ്പിച്ചിട്ടുള്ളതല്ലാതെ എടുത്തുകൊണ്ടുപൊകാമെന്ന ബൊധിപ്പിച്ചിട്ടില്ല അതുകൊണ്ട ആ പൎവ്വതത്തെ ഇളക്കി എടുത്ത എന്റെ തലമെൽ വെച്ച തരുന്നതിന്ന തങ്ങളുടെ സെനകൾക്ക കല്പന കൊടുക്കെണം അവര പൎവ്വതത്തെ എന്റെ തലമെൽ എടുത്തു വെച്ചാൽ പിന്നെ എവിടെ ചുമന്ന കൊണ്ടുപൊയി വെച്ച വരാൻ കല്പിക്കുന്നുവൊ അവിടെ വെച്ച വരാം എന്ന അവൻ ഉണൎത്തിച്ചു.

മലയാളം the country that lies along the South-west Coast of the Indian Peninsula, *Malabar*. നന്ദനൻ proper name. വാണിരിക്കുമ്പൊൾ *while (he) was reigning*, comp^d. of വാണ *having reigned* and ഇരിക്കുമ്പൊൾ *while (he) was.* മല്ലിടിക്കാരൻ *a wrestler*, s. m. അടി തട മുതലായ വിദ്യകൾ *the art of fencing Etc.* അഭ്യസിക്കുന്നു *to learn*, v. a. പൊരും *great, large*, adj. പൊരുന്നു the abbrev. form of പൊരുതുന്നു *to fight*, v. n. കഴിയുന്നു *to be able.* പൎവ്വതം *a hill, mountain*, s. n. തിരുവുള്ളം *royal favour*, s. n. പൊരാളി *a champion, warrior*, s. m. ശമ്പളം *pay, salary*, s. n. മല *a hill*, s. n. ദുഷ്ട മൃഗം *a wild beast*, s. n. കുടിയാൻ *a ryot, inhabitant*, s. m. ഉഷസ്സ *dawn, day break*, s. n. പുരൊഹിതൻ *a priest*, s. m. സെന *an army*, s. n. അര *the waist*, s. n. മുറുക്കുന്നു *to tighten*, v. a. തുണി *a cloth*, s. n. ഇളക്കുന്നു *to shake*, v. a.

൩൰ാം കഥ.

ബങ്കാള ദെശത്ത ഒരു രാജാവ ഉണ്ടായിരുന്നു അവൻ വലിയ്യായ ഒരു കൊട്ട കെട്ടിച്ച വിസ്താരമായി സൈന്യങ്ങളെയും ചെൎത്ത ആ കൊട്ടയിൽത്തന്നെ ഇരുന്നു. അവന്റെ നെരെ എത്രയും ബലവാന്മാരായ ശത്രുക്കൾ തന്നെ യുദ്ധം ചെയ്യാലും അവൻ ആ കൊട്ടയിൽ നിന്ന തന്നെ യുദ്ധം ചെയ്കയാൽ അവനെ ആൎക്കും ജയിച്ചുകൂടാ. ഇപ്രകാരം ഇരിക്കുമ്പൊൾ ആ രാജാവിന്ന കപ്പം കൊടുത്തുവന്ന ഒരു പാളയക്കാരൻ വല്ല ഉപായം കൊണ്ടും രാജാവിനെ കൊട്ടെക്ക വെളിയിൽ ഇറ

ക്കിപ്പിടിച്ച തടവിൽ വെച്ച അവന്റെ രാജ്യമെല്ലാം അടക്കികൊള്ളുണമെന്ന മനസ്സിൽ ഉറെച്ച ഒരുനാൾ ആ രാജാവിന്റെ അടുക്കൽ ചെന്ന തിരുമെനി എന്റെ മകന്ന നാളെ വിവാഹമാകുന്നു അതുകൊണ്ട എന്റെ മെൽ തിരുവുള്ളം ഉണ്ടായി എന്റെ വീട്ടിൽ എഴുനെള്ളി ശുഭമുഹൂൎത്തം തൃക്കണ്ണ പാൎത്ത പൊരെണമെന്ന അപെക്ഷിക്കയാൽ നല്ലത അങ്ങിനെ തന്നെ വരുന്നുണ്ടെന്ന കല്പിച്ചു. അന്നെരം ആ രാജാവിന്റെ മന്ത്രി ഠരം സംഗതി കെട്ട രാജാവിന്റെ അടുക്കൽ വന്ന തിരുമെനി തങ്ങൾ ആ പാളയക്കാരന്റെ വീട്ടിലെക്ക എഴുനെള്ളുന്നുണ്ടൊ അവൻ ബഹു ചതിയനായിരിക്കുന്നതും അല്ലാതെ സൈന്യങ്ങളും വളരെ ഉള്ളവനാകുന്നു തങ്ങൾ അവന്റെ വീട്ടിൽ എഴുനെള്ളിയാൽ തങ്ങളൊട അവൻ വല്ല ചതിയും പ്രവൃത്തിക്കും. അതുകൊണ്ട തങ്ങൾ അവന്റെ വീട്ടിൽ പൊകെണ്ടാ എന്ന ഉണൎത്തിച്ചപ്പൊൾ ആ രാജാവ മന്ത്രിയെ നൊക്കി ഹെ മന്ത്രി അവൻ ചതിയനായിരുന്നാൽ നമുക്ക എന്താണ അവൻ നമുക്ക ബഹു മമതക്കാരനാകുന്നു ഇതുവരെക്കും അവൻ നമ്മൊട യാതൊരു കൃത്രിമവും ചെയ്യിട്ടില്ല എന്നാൽ എപ്പൊൾ എങ്കിലും ചതി പ്രവൃത്തിക്കെണമെന്നുള്ള വിചാരം അവന്ന ഉണ്ടായിരുന്നാൽ നാം നമ്മുടെ കൊട്ടയിൽ ഉള്ളപ്പൊൾ എന്തുകൊണ്ട അവൻ അത പ്രവൃത്തിച്ചിട്ടില്ലാ എന്ന ചൊദിച്ചപ്പൊൾ തിരുമെനി തങ്ങൾ കൊട്ടയിൽ ഇരിക്കുമ്പൊൾ ഒരിക്കലും അവൻ തങ്ങളൊട യുദ്ധം ചെയ്യ ജയിക്ക ഇല്ല അതിനാൽ അവൻ തങ്ങളുടെ സ്നെഹം ഇഛിച്ചിരിക്കുന്നു തങ്ങൾ ഠരം കൊട്ടയിൽനിന്ന പുറപ്പെട്ട അവന്റെ വീട്ടിലെക്ക പൊയാൽ അന്യന്മാരുടെ അധീനത്തിൽ ആയിരിക്കും അപ്പൊൾ അവൻ തങ്ങളൊട അവന്റെ ശത്രുത കാട്ടും ഇപ്പൊൾ ഇരിക്കുന്ന പ്രകാരം ആ സമയം അവൻ തങ്ങൾക്ക ബന്ധുവായിരിക്കയില്ല അതിന്ന ദൃഷ്ടാന്തം എന്തെന്നാൽ താമരക്ക സൂൎയ്യൻ ബന്ധുവല്ലയൊ അത വെള്ളത്തിൽ ഇരിക്കുമ്പൊൾ ഒക്കെയും സൂൎയ്യൻ എത്ര തന്നെ ഉഷ്ണകരനായിരുന്നാലും അവരെ വിരിയിക്കുന്നു എന്നാൽ താമരയെ വെള്ളത്തിൽനിന്ന എടുത്ത കരെക്ക വെച്ചാൽ അപ്പൊൾ ആ സൂൎയ്യൻ തന്നെ അവകൾ വാട്ടുന്നതിന്ന കാരണമായി വരുന്നു അതുകൊണ്ട തങ്ങൾ അവന്റെ വീട്ടിലെക്ക പൊയിക്കൂടാ എന്ന മന്ത്രി ഉണൎത്തിക്കയാൽ അതിനെ കെട്ട രാജാവ സന്തൊഷിച്ച ആ പാളയക്കാരന്റെ വീട്ടിലെക്കുള്ള പൊക്ക മുടക്കുകയും ചെയ്യു.

ബങ്കാളദെശം *Bengal.* കൊട്ട *a fort*, s. n. കെട്ടിക്കുന്നു *to cause to build*, v. a. ബലവാൻ *powerful*, adj. ജയിക്കുന്നു *to conquer*, v. a. കപ്പം *tribute*, s. n. പാളയക്കാരൻ *a Paligar*, s. m. എറക്കുന്നു *to cause to descend*, causal form of എറങ്ങുന്നു *to descend*, v. n, ഒതുക്കുന്നു *to subdue*, v. a. ഉറെക്കുന്നു *to be determined*, v. n. നാളെ *to-morrow*, adv. എഴുന്നെള്ളുന്നു *to go.* v. n. this term is exclusively applied to Rajahs. ശുഭമുഹൂൎത്തം *lucky occasion, auspicious ceremony*, s. n. തൃക്കണ്ണ *royal eye*, s. n. പാൎക്കുന്നു *to look*, lit. *to remain, to dwell*, v. n. ചതിയൻ *a treacherous person*, s. m. പ്രവൃത്തിക്കുന്നു *to perform, enact*, v. a. കാത്തിരിക്കുന്നു *to wait, watch*, v. n. ഇഛിക്കുന്നു *to desire, wish for.* അന്ന്യൻ *another person*, അധീനം *possession, power*, s. n. അന്ന്യന്മാരുടെ സ്വാധീനത്തിലായിരിക്കും *you will be in the power of other people.* ശത്രുത *enmity*, s. n. കാട്ടുന്നു *to shew*, v. a. താമര *a lotus*, s. n. സൂൎയ്യൻ *the sun*, s. m. ഉഷ്ണകരൻ *causing heat, heating*, adj. വിരിയിക്കുന്നു *to cause to expand*, v. a. വാട്ടുന്നു *to wither*, v. n. മുടക്കുന്നു *to stop*, v. a.

൰൨൰ാം കഥ.

ബൃന്ദാവനത്തിൽ ഒരു അരയാലിന്മെൽ എറിയ കാക്കകൾ കൂട കൂട്ടി അവയിൽ തങ്ങളുടെ കുഞ്ഞങ്ങളൊട കൂടെ സുഖമായി വാസം ചെയ്തുകൊണ്ടിരുന്നു. അവിടെ സമീപത്ത ഒരു പെരാലിന്മെൽ മയില്കൾ ഉണ്ടായിരുന്നു. ആ കാക്കകളിൽ ഒന്ന തന്റെ ജാതിയായ കാക്കകളെയും മയില്കളെയും നൊക്കി തന്റെ ജാതിയെക്കാൾ മയില്കൾ ശ്രെഷ്ഠതയുള്ള പക്ഷികളെന്നും താനും മയില്കളെപ്പൊലെ ആകെണമെന്നും നിശ്ചയിച്ച തന്റെ ജാതിയെ ധിക്കരിച്ച ആ മരത്തിന്റെ താഴെ കൊഴിഞ്ഞ കിടപ്പുള്ള മയിൽപ്പീലികളെ കൊത്തി എടുത്ത തന്റെ തൂവലുകളിൽ പറ്റിച്ചുകൊണ്ട താനും ഒരു മയിൽ എന്ന പൊലെ ആ മയിൽകൂട്ടത്തിൽ പ്രവെശിച്ച കുറയ ദിവസം അവിടെ ഇരുന്നു. ഒരു ദിവസം മയില്കൾ ഇതിന്റെ സ്വരം കെട്ട ഇത മയിൽ അല്ല കാക്കയാണ തങ്ങളെ ചതിച്ച തങ്ങളൊട കൂടി ചെൎന്നിരിക്കുന്ന എന്നറിഞ്ഞ അതിന്റെ മെയ്ക്കിട്ട വീണ ചുണ്ട കൊണ്ടും കാൽനഖങ്ങൾകൊണ്ടും ദെഹം എല്ലാം മുറിച്ച അതിനെ കൂട്ടം വിട്ട പുറപ്പെടീയിച്ചു. അതിന്റെ ശെഷം ആ കാക്ക നന്നെ വിഷാദിച്ച തന്റെ ജാതിയായ കാക്കകളുടെ അടുക്കൽ മടങ്ങി വന്നപ്പൊൾ ഇവൻ മുമ്പെ നമ്മെ ദൂഷിച്ച

മയിലുകളെ ശ്ലാഘിച്ച അവയൊട കൂടെ ഏതാനും ദിവസം സഹവാസം ചെയ്യു ശെഷം മയിലുകൾ നന്നായി പൂജ കൊടുക്കയാൽ തങ്ങടെ അടുക്കലെക്ക മടങ്ങിവന്നിരിക്കുന്ന വിവരമെല്ലാം അവററിന്ന വെണ്ടുംവണ്ണം മനസ്സിലായി. അതുകൊണ്ട ആ കാക്കകൾ ഇതിനെ നൊക്കി എടൊ ഞങ്ങൾ അല്പന്മാരെന്ന വെച്ച ഞങ്ങളെല്ലാവരെയും നിരാകരിച്ച ഞങ്ങളെക്കാൾ മൊടിയായിരിക്കെണമെന്നുള്ള ഭാവത്തൊട കൂടെ നീ മയിലിന്റെ അടുക്കൽ പൊയെല്ലൊ ഇപ്പൊഴും നീ അവിടെക്ക തന്നെ പൊയി ആ പക്ഷികളൊട കൂടെയിരിക്കയാകുന്നു വെണ്ടത. അതല്ലാതെ ഞങ്ങളുടെ അടുക്കൽ നിനക്ക എന്ത കാൎയ്യം പൊ എന്ന പറഞ്ഞ കാക്കകൾ അതിനെ തങ്ങടെ കൂട്ടത്തിൽ ചെൎക്കാതെ ആട്ടി ഓടിച്ചു. അതുകൊണ്ട ആര തന്നെ ആയാലും സ്വജാതിയെ ധിക്കരിച്ച അന്യജാതിയിൽ ചെന്നാൽ അവൻ ഒന്നിന്നും യൊഗ്യനല്ലാതെ വഷളൻ ആയിപ്പൊകും.

ബൃന്ദാവനം the name of a forest. അരയാൽ *the holy fig tree,* (ficus religiosa) s. n. ഏറിയ *many,* adj. കാക്ക *a crow,* s. n. കൂട *a nest,* s. n. കൂട്ടുന്നു *to join, pile up,* v. a. കൂട കൂട്ടുന്നു *to build a nest.* വാസംചെയ്യുന്നു *to inhabit,* v. a. സമീപത്ത *near, in the neighbourhood of,* post pos. പെരാൽ *the Indian fig tree,* ficus Indica, s. n. മയിൽ *a Peacock,* s. n. ജാതി *a caste, tribe,* s. n. ശ്രെഷ്ഠത *excellence, superiority,* s. n. ധിക്കരിക്കുന്നു *to slight, to disregard,* v. a. താഴെ *beneath,* post pos. കൊഴിയുന്നു *to fall down, to drop down as leaves from a tree,* v. n. കിടപ്പുള്ള *which were lying down,* comp^d. of കിടപ്പ *the state of lying down,* s. n. from കിടക്കുന്നു *to lie down,* v. n. and ഉള്ള past verbal part. of the defective verb ഉണ്ട *to be.* മയിൽപ്പീലി *a Peacock's feather,* s. n. കൊത്തുന്നു *to pick up with the beak, to grub up,* v. a. തൂവൽ *a feather,* s. n. എന്നപൊലെ *like.* vide Grammar para. 178. പ്രവെശിക്കുന്നു *to enter,* v. n. സ്വരം *sound, voice,* s. n. ആണ abbrev. form of ആകുന്നു *is,* 3d. p. pres. tense of ആകുന്നു *to be, to become.* മെയ്ക്കിട്ട *towards the body, upon.* ചുണ്ട *the beak of a bird,* s. n. നഖം *a claw,* s. n. മുറിക്കുന്നു *to wound,* v. a. ദുഷിക്കുന്നു *to revile, abuse,* v. a. ശ്ലാഘിക്കുന്നു *to praise, to eulogise,* v. a. നിരാകരിക്കുന്നു *to disregard,* v. a. മൊടി *grandeur,* s. n. മൊടിയായ *one who is great.* ആട്ടുന്നു *to drive out, expel,* v. a. ഒന്നിന്നും യൊഗ്യമല്ലാതെ *not fit for any business.*

൬൩ാം കഥ.

കാവെരിതീരത്ത ജയസ്ഥലമെന്ന ഗ്രാമത്തിങ്കൽ ദുർഗ്ഗതൻ എന്ന ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അവന്ന കഴിച്ചിലിന്ന വകയില്ലായിരുന്നതിനാൽ ദിവസന്തൊറും നാല ദിക്കുകളിലും സഞ്ചരിച്ച ഭിക്ഷ എടുത്ത ഏകദെശം തിരിഞ്ഞ അഞ്ചുടി സമയത്ത വീട്ടിൽ വന്ന വെപ്പും ഊണും കഴിച്ചുകൊണ്ട വന്നിരുന്നു. ഇപ്രകാരം കുറെയ ദിവസം കഴിഞ്ഞശെഷം ഒരു നാൾ ൟ ബ്രാഹ്മണൻ ഭിക്ഷ എടുത്ത വെയിൽകൊണ്ട കുഴങ്ങി വീട്ടിലെക്ക പൊകുമ്പൊൾ ആകാശമാർഗ്ഗത്തിൽ കൂടി പാർവ്വതിയും പരമെശ്വരനും പൊയിരുന്നു. അതുകൊണ്ട പാർവ്വതി ൟ ബ്രാഹ്മണൻ പെടുന്ന കഷ്ടത്തെക്കണ്ട നന്നായി മനസ്സിൽ അലിവുതൊന്നി ഇവന്ന ഭാഗ്യം നൽകെണമെന്ന തന്റെ പുരുഷനായ പരമെശ്വരനൊട പറഞ്ഞാറെ ഇവന്ന ഭാഗ്യം വരത്തക്കവണ്ണം ബ്രഹ്മാവ ഇവന്റെ ശിരസ്സിൽ എഴുതീട്ടില്ല ഇവൻ മരിക്കുന്നവരെയും ഇങ്ങിനെ ഭിക്ഷ എടുക്കെണ്ടതാണ എന്ന പരമെശ്വരൻ പറഞ്ഞു. ആ വാക്കകെട്ട പാർവ്വതി ഇവന്ന ഭാഗ്യം ഏതുപ്രകാരമാകുന്നു വരാതെയിരിക്കുന്നത കാണെണമെന്ന വെച്ച ൟ ബ്രാഹ്മണൻ പൊകുന്ന നെരത്ത വഴിയിന്മെൽ ആയിരം വരാഹൻ കുമിച്ചിട്ടു. എന്നാറെ ആ ബ്രാഹ്മണൻ ആ വരാഹൻകൂമ്പലിന്ന പത്ത മാറ ദൂരെ വന്ന കുരുടൻ നടക്കുന്നത പൊലെ ഇനിക്ക നടക്കാമൊ വഹിയയൊ നൊക്കണം എന്ന വെച്ച അവിടെനിന്ന തന്റെ വീട വരെയും കണ്ണ മൂടിക്കൊണ്ട നടന്ന ആ വരാഹകൂമ്പൽ കടന്ന തന്റെ വീട്ടിൽ പൊയി ചെന്നു. അതുകൊണ്ട ബ്രഹ്മാവ തലയിൽ എഴുതിയിരിക്കുന്നതിനെ മാററുന്നതിന്ന യാതൊരുത്തരാലും കഴിയുന്നതല്ല.

കാവെരി *the river Cavery.* ജയസ്ഥലം the name of a Village. ദുർഗ്ഗതൻ the name of a man. കഴിച്ചിൽ *livelihood, the means of living,* s. n. ദിവസന്തൊറും *every day, daily.* ദിക്ക *a Village,* s. n. സഞ്ചരിക്കുന്നു *to wander about, to travel,* v. n. ഭിക്ഷ *alms,* s. n. തിരിഞ്ഞ അഞ്ചുടി *two o'clock in the afternoon,* lit. *five Indian hours after the turn of noon.* വെപ്പ *the act of cooking,* s. n. ഊണ *the act of eating rice,* v. n. വെയിൽ *the heat of the sun,* s. n. കുഴങ്ങുന്നു *to be fatigued,* v. n. അലിവ *compassion,* s. n. നൽകുന്നു *to give, bestow,* v. a. പാർവ്വതി *the wife of Sivah.* ശിരസ്സ *the head,* s. n. ആയിരം *one thousand,*

num. കുമിക്കുന്നു *to heap up*, v. a. മാറ *a fathom*, s. n. കുരുടൻ *a blind man*, s. m. മൂടുന്നു *to shut*, v. a. കടക്കുന്നു *to pass by*. v. a. മാററുന്നു *to alter, to reverse*, v. a.

൫൰ാം കഥ.

താമ്രവൎണ്ണി തീരത്ത ശ്രീരാമ പുരം എന്ന അഗ്രഹാരത്തിൽ വസന്തയാജീഎന്ന ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അവൻ യാഗം ചെയ്യെണമെന്ന വിചാരിച്ച അതിന്ന ആട വെണമെന്ന വെച്ച അവിടെക്ക സമീപം ഉള്ള മറെറാരു ദെശത്തെക്ക പൊയി നല്ലതായി നാല അഞ്ച ആടുകളെ മെടിച്ച അവയുടെ കഴുത്തിൽ കയറകെട്ടി ആട്ടിക്കൊണ്ടുവരുമ്പൊൾ വഴിയിൽ നാല ശൂദ്രർ കണ്ട ആയാടുകളെ തങ്ങൾക്ക കയ്ക്കലാക്കെണമെന്ന തമ്മിൽ പറഞ്ഞ ബൊധിച്ച അവരിൽ ഒരുത്തൻ ആ ബ്രാഹ്മണന്റെ എതിരെ ചെന്നു അങ്ങുന്നെ നിങ്ങൾ ആര എന്തിന്ന പെനായ്ക്കളെ കൊണ്ടുപൊകുന്നു എന്ന ചൊദിച്ചു. ആ മൊഴി കെട്ട ഇവൻ ഭ്രാന്തൻ ആടുകളെക്കണ്ട പെനായ്ക്കൾ എന്ന പറയുന്നു എന്ന ഓൎത്തു കൊണ്ട പിന്നെയും കുറയ ദൂരെ പൊയപ്പൊൾ ആ ശൂദ്രരിൽ മറെറാരുത്തൻ വഴിയിൽ എതിരിൽ ചെന്ന അങ്ങുന്നെ നിങ്ങൾ ആര നിങ്ങൾ കൊണ്ടുപൊകുന്നത പെനായ്ക്കളാണ സൂക്ഷിച്ച പൊവിൻ ംരം നായ്ക്കൾ ചാടി വീണ കടിക്കുമെന്ന പറഞ്ഞു. ആ വാക്കുകൾ കെട്ട ംരം ബ്രാഹ്മണന്ന അല്പം സംശയം തൊന്നി പിന്നെയും കുറെ ദൂരെ പൊകുമ്പൊഴെക്ക ആ ശൂദ്രരിൽ മറെറാരുവൻ ആയാടുകളുടെ അരികെ വന്ന എന്ത അങ്ങുന്നെ പെനായ്ക്കളെ കൊണ്ടുവന്ന വഴിക്കാരുടെ നെക്ക വിടുന്നു എന്ന ദെഷ്യപ്പെട്ടു. അത കെട്ട ഇവ പെനായ്ക്കൾ തന്നെ എന്ന നിശ്ചയിച്ച അവററിനെ വിട്ടുകളയെണമെന്ന വെച്ച കഴുത്തിലെ കയറ അഴിപ്പാൻ പൊകുമ്പൊൾ അങ്ങുന്നെ കഴുത്തിലെ കയറ അഴിച്ചാൽ അവകൾ ചാടി വീണ കടിക്കും അവയെ മരത്തിൽ കെട്ടിപ്പൊവിനെന്ന ആ ശൂദ്രൻ പറഞ്ഞു. അതിന്റെ ശെഷം ആ ബ്രാഹ്മണൻ അവയെ ഒരു മരത്തിന്മെൽ കെട്ടിപ്പൊകയും ചെയ്തു. എന്നാറെ ആ ശൂദ്രര ആടുകളെ അഴിച്ചുകൊണ്ട തങ്ങടെ വീടുകളിലെക്ക പൊയി. ആയ്തുകൊണ്ട നാല ആളുകൾ ഒരുമിച്ച കൂടിയാൽ ഏത ബുദ്ധിമാനും അപജയപ്പെട്ട പൊകും.

താമ്രവൎണ്ണി the name of a river in the district of Tinnevelly. ശ്രീരാമപുരം the name of a Village. വസന്തയാജി the name of a man. യാഗം *a sacrifice*, s. n. ആട *a sheep*, s. n. മെടിക്കുന്നു *to buy*, v. a. കഴുത്ത *the neck*, s. n. കയറ *a rope*, s. n. എതിരെ *opposite, to meet*, adv. പെനായ *a mad Dog*, s. n. ഭ്രാന്തൻ *a fool*, s. m. ചാടുന്നു *to leap*, v. n. കടിക്കുന്നു *to bite*, v. a. നെക്ക *towards, upon*, adv. അഴിക്കുന്നു *to untie*, v. a. ഒരുമിക്കുന്നു *to join together*, v. n. അപജയപ്പെടുന്നു *to be defeated*, v. n.

൨൨ാം കഥ.

യാചവരം എന്ന ദിക്കിൽ മണൽത്തക്കിടിയൻ എന്ന ഒരു ശൂദ്രനുണ്ടായിരുന്നു. അവൻ ഒരു ദിവസം മറ്റൊരു ദിക്കിന്ന പൊകെണമെന്ന വെച്ച പുറപ്പെട്ട ഇടങ്ങഴി മണൽ മുണ്ടിന്റെ അറ്റത്ത പൊതിയായിട്ട കെട്ടിക്കൊണ്ടുപൊയി. ആ ദിക്കിന്ന സമീപം ഉള്ള മാചവരം എന്ന ഒരു ദെശത്ത ചാണകത്തക്കിടിയൻ എന്ന ഒരു ശൂദ്രൻ ഉണ്ടായിരുന്നു. അവനും മറ്റൊരു തറയിലെക്ക പൊകെണമെന്ന വെച്ച ഒരു റാത്തൽ ചാണകം ഒരു തുണിയുടെ അറ്റത്ത പൊതിയായി കെട്ടിക്കൊണ്ട പുറപ്പെട്ടു. എന്നാറെ ഇവര രണ്ടാളും വൈകുന്നെരം എദൃശ്ചയായി ഒരു തറയിൽത്തന്നെ കയറി അവിടെ ഒരു വഴി അമ്പലത്തിൽ ഇരുന്നു. അപ്പൊൾ ആ മണൽത്തക്കിടിയൻ ചാണകത്തക്കിടിയന്റെ കയ്യിലുള്ള പൊതി കണ്ട ചൊറ എന്ന ഭ്രമിച്ച ഇവനെ ചതിച്ച ചൊറ കൊണ്ടുപൊകെണം എന്ന വിചാരിച്ച എടൊ നിന്റെ പൊതിയിൽ എന്തെന്ന ചൊദിച്ചപ്പൊൾ ചാണകത്തക്കിടിയൻ അതിന്ന മുമ്പെ തന്നെ മണൽത്തക്കിടിയന്റെ പൊതി കണ്ട അരിയെന്ന നിശ്ചയിച്ച ആ പൊതി കയ്യിലാക്കെണമെന്ന വിചാരിച്ചിരുന്നവനാകകൊണ്ട എന്റെ പൊതിയിൽ ചൊറാണ നിന്റെ പൊതിയിൽ എന്തെന്ന ചൊദിച്ചു. എന്റെ പൊതിയിൽ അരിയാണ ഞാനും നിന്നെപ്പൊലെ ചൊറ കെട്ടിക്കൊണ്ടുവരാതെ പൊയി ഇപ്പൊൾ വിശക്കുന്നു എന്ത ചെയ്യെണ്ടു എന്ന മണൽത്തക്കിടിയൻ വിഷാദപ്പെട്ടിരിക്കുമ്പൊൾ എടൊ ഇനിക്കിപ്പൊൾ വിശപ്പില്ല എന്റെ പൊതിച്ചൊറ നീ എടുത്തൊ നിന്റെ അരിപ്പൊതി ഇനിക്ക താ എന്ന ചാണകത്തക്കിടിയൻ പറഞ്ഞു. നല്ലത എന്ന ഇവര രണ്ടാളും സമ്മതിച്ച പൊതി തമ്മിൽ മാറി പിന്നെ അന്യൊന്യം പെടിയുള്ളതാകകൊണ്ട അവിടെ

നില്ക്കാതെ അവരിരുപെരും വെളിയിൽ ഇറങ്ങി അസാരം അകലെ പൊയി പൊതി അഴിച്ചു നൊക്കിയാറെ ആശ്ചൎയ്യപ്പെട്ടുകയും ചെയ്തു. അതുകൊണ്ടു ഒരുവനെ ചതിക്കെണമെന്നു നാം വിചാരിച്ചാൽ നമ്മെ ൟശ്വരൻ ചതിക്കും.

യാചവരം the name of a Village. മണൽത്തക്കിടിയൻ the name of a man. ഇടങ്ങഴി *a measure of quantity*, s. n. മണൽ *sand*, s. n. മുണ്ടു *a cloth*, s. n. അററം *the end of any thing*, s. n. പൊതി *a bundle*, s. n. പൊതിയായിട്ടു *in a bundle*. മാചവരം *the name of a Village*. ചാണകത്തക്കിടിയൻ the name of a man. റാത്തൽ *a pound-weight*, s. n. ചാണകം *Cow dung*, s. n. വൈകുന്നെരം *evening*, s. n. എദൃഛയായി *unexpectedly*, adv. തറ *a Village*. അരി *unboiled rice*, s. n. വിശക്കുന്നു *to be hungry*, v. n. പെടി *fear*, s. n. അസാരം *a little*. അകലെ *at a distance*, adv.

൩ാം കഥ.

വിമലാപതി എന്ന തടാകത്തിൽ നാനാവിധമായുള്ള മത്സ്യങ്ങൾ ഏറെക്കാലമായിട്ടു വസിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അവിടെ ഒരു കൊക്കു വന്നു ൟ ജലജന്തുക്കളെക്കണ്ടു എങ്ങിനെ എങ്കിലും ഇവയെ താൻ ഇരിക്കുന്ന സ്ഥലത്തു കൊണ്ടുപൊയി ദിവസം പ്രതിയും കുറെശ്ശ ഭക്ഷിക്കെണമെന്നു മനസ്സിൽ ഉറെച്ചു വെള്ളത്തിന്റെ ഇറമ്പിൽ ഇരുന്നു. ൟ മത്സ്യം മുതലായ ജലപ്രാണികൾ തന്നെക്കണ്ടു പെടിച്ചു അകലെപ്പൊകുന്നതു അറിഞ്ഞു അവയൊടു പറഞ്ഞതു എന്തെന്നാൽ നിങ്ങളൊക്കെയും എന്നെക്കണ്ടു എന്റെ ജാതിക്കു നിങ്ങൾ ആഹാര സാധനം ആകകൊണ്ടു ഞാൻ നിങ്ങളെ ഭക്ഷിച്ചു കളയുമെന്നു വെച്ചു എന്റെ അടുക്കൽ വരാതെ ഭയപ്പെട്ടു അകന്നു പൊകുന്നു അല്ലയൊ എന്നാൽ നിങ്ങളെ തിന്നെണമെന്നുള്ള താല്പൎയ്യത്തൊടെ കൂടി ഞാൻ ഇവിടെ വന്നിട്ടില്ല ഇതുവരെയും ഞാൻ എന്റെ ജാതിയിലുള്ള പക്ഷികളൊടു കൂടിക്കൊണ്ടു വളരെ പ്രാണികളെ ഹിംസ ചെയ്തുപൊയി ഇപ്പൊൾ ഞാൻ വയസ്സനായിരിക്കുന്നു ഇനി മെലാൽ ജീവഹിംസം ചെയ്യരുതെന്നു ഞാൻ വൈരാഗ്യം ഉറെച്ചു ൟ തടാകത്തിങ്കൽ വന്നു തപസ്സു ചെയ്യുയാണ എന്നെക്കൊണ്ടു നിങ്ങൾക്കു ആക്കും ഏതും ഭയം വെണ്ട നിങ്ങൾ നിൎഭയമായി സഞ്ചരിച്ചു കൊൾവിൻ എന്നു ആ മത്സ്യങ്ങൾക്കു വിശ്വാസം വരത്തക്ക അനെകം വാ

ക്കുകൾ പറകയാൽ ആ മത്സ്യങ്ങൾ നെരെന്ന വിശ്വസിച്ചു. എന്നാൽ ൟ കൊക്ക ആ മത്സ്യങ്ങൾ തന്റെ അടുക്കൽ വന്നാൽ അവയൊട യാതൊരു ജൊലിക്കും പൊകാതെ സ്വസ്ഥമായിരുന്നു. ഇങ്ങിനെ എതാനും ദിവസങ്ങൾ കഴിഞ്ഞ ശെഷം ഒരു ദിവസം ആ കൊക്ക ബഹു വിഷാദത്തൊടെ ഇരിക്കയാൽ ആ മത്സ്യങ്ങൾ അതിന്റെ അടുക്കൽ വന്ന കൊക്കെ ഇന്ന നീ എന്താണ വളരെ വിചാരമായിരിക്കുന്നത ഹെതുവെന്തെന്ന ചൊദിച്ചപ്പൊൾ ഞാൻ എന്തു പറയെണ്ടു മെലിൽ ലൊകത്തിങ്കൽ പന്തിരണ്ട വൎഷത്തെക്ക ക്ഷാമവും മഴ ഇല്ലായ്മയും വരും അപ്പൊൾ ൟ ചിറ തീരെ വററിപ്പൊകും ൟ അവസ്ഥ ഞാൻ ജ്ഞാനദൃഷ്ടികൊണ്ട അറിഞ്ഞിരിക്കുന്നു നിങ്ങൾ ഇനിക്ക സ്നെഹിതന്മാരാകകൊണ്ട ൟ തടാകത്തിൽ വെള്ളം വററിപ്പൊകുമ്പൊൾ നിങ്ങൾ എല്ലാം ചത്തുപൊകുമെല്ലൊ എന്ന വിചാരിച്ച ഞാൻ നന്നെ വിഷാദിക്കുന്നു എന്ന കൊക്ക പറഞ്ഞു. അപ്പൊൾ കൊക്കിന്ന തങ്ങളുടെ പെരിൽ എത്രെയും പ്രിയം ഉണ്ടെന്ന വെച്ച മത്സ്യങ്ങൾ വളരെ സന്തൊഷിച്ച അങ്ങിനെ മഴ ഇല്ലാതെ വന്നാൽ ഞങ്ങൾ എങ്ങിനെ ജീവിക്കും അതിന്ന നീ തന്നെ എതെങ്കിലും ഉപായം ഉണ്ടാക്കി ഞങ്ങളെ രക്ഷിക്കെണമെന്ന കൊക്കിനൊട അപെക്ഷിക്കയാൽ ആ കൊക്ക മത്സ്യങ്ങളെ നൊക്കി ഇവിടെനിന്ന നാലനാഴിക ദൂരത്ത ഒരു പൊയ്ക ഉണ്ട ആ പൊയ്കയിൽ വെള്ളം അധികം ഉണ്ട ഒരിക്കലും വററിപ്പൊകയില്ല ആ സ്ഥലത്ത നിങ്ങൾക്ക സൌഖ്യമായിരിക്കാമെന്ന പറഞ്ഞു. അപ്പൊൾ ആ മത്സ്യങ്ങൾ തങ്ങളെ എടുത്തുകൊണ്ടുപൊയി ആ പൊയ്കയിൽ വിടെണമെന്ന പറഞ്ഞാറെ വെണ്ടതില്ലെന്ന പറഞ്ഞ ഓരൊരൊ മത്സ്യത്തെ എടുത്തുകൊണ്ടുപൊയി ഒരു മലയുടെ മുകളിൽ വെയിലത്ത വെച്ച ദിവസം തൊറും തനിക്ക വെണ്ടെടത്തൊളം മീനുകളെ തിന്ന വരികയും ചെയ്തു. അതുകൊണ്ട ശത്രുക്കൾ എത്ര തന്നെ വിശ്വാസമായുള്ള വാക്കുകൾ പറഞ്ഞാലും പ്രമാണിച്ചു കൂടാ.

വിമലാപതി the name of a tank. തടാകം *a tank*, s. n. മത്സ്യം *a fish*, s. n. വസിക്കുന്നു *to dwell*, v. a. ജലജന്തു *an aquatic animal*, s. n. എങ്ങിനെ എങ്കിലും *in some way or other.* കുറെശ്ശ *little by little*, adv. ഇറമ്പ *the edge of a place*, s. n. ആഹാരസാധനം *an article of food*, s. n. compd. of ആഹാരം *food* and സാധനം *a thing*,

article, s. n. അകന്ന *separated*, past part. of അകലുന്ന *to be separated*, v. n. തപസ്സ *penance*, s. n. നെര *true*, adj. കൊക്ക *a crane*, s. n. പന്തിരണ്ട *twelve*, num. ക്ഷാമം *a famine*, s. n. മഴ *rain.* മഴയില്ലായ്ക *drought*, s. n. ചിറ *a pond, pool*, s. n. തീരെ *altogether*, adv. ജ്ഞാനദൃഷ്ടി *foreknowledge*, s. n. നാഴിക *an Indian mile*, s. n. പൊയ്ക *a pond*, s. n. വെണ്ടതില്ല *very well, It is of no consequence*, a mode of expressing consent to comply with a request.

൩൰ാം കഥ.

ഗന്നപരമെന്ന ദെശത്ത ദെവശമ്മൻ എന്ന ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അവൻ ബഹു എരപ്പാളി ദിവസവും ആ ദെശത്ത പതുപ്പത്ത വീടുകളിൽപ്പൊയി ഉപാദാനം എടുത്ത അതിനാൽ കാലക്ഷെപം കഴിഞ്ഞുവന്നു. ഒരു ദിവസം അവൻ ആ ദെശത്തിന്ന സമീപം ഉള്ള കാട്ടിൽ സമിത്തിന്ന വെണ്ടിപ്പൊയി അവിടെ ഒരു മരത്തിന്റെ ചുവട്ടിൽ ഒരു പുലിയെക്കണ്ട ഏററവും ഭയപ്പെട്ട ഠരം പുലി എന്നെ എന്തു ചെയ്യുമൊ ഞാൻ എങ്ങിനെ വീട്ടിലെക്ക മടങ്ങിപ്പൊകും എന്തു ചെയ്യെണ്ടു എന്ന വിചാരിച്ച കിടകിട വിറെച്ച കൊണ്ടിരുന്നു. അപ്പൊൾ ആ പുലിയുടെ അടുക്കൽ രണ്ട മൂന്ന മാനുകൾ ഉണ്ടായിരുന്നു. അവ ഠരം ബ്രാഹ്മണനെക്കണ്ട ഇവൻ ഇവിടെക്ക അറിയാതെ വന്നിരിക്കുന്നു ഇവനെ പുലി കണ്ടാൽ കൊന്നുകളെയും അതുകൊണ്ട നാം മുമ്പിൽ കൂട്ടി ജാഗ്രത ചെയ്തു ഇവന്റെ പ്രാണനെ രക്ഷിക്കെണമെന്ന നിശ്ചയിച്ച പുലിയെ നൊക്കി ഹെ വ്യാഘ്രരാജാ നീ ബഹു ധമ്മാത്മാവ നിന്റെ കീത്തി ഏതു ദിക്കിലും പരവിയിരിക്കുന്നു അതുകൊണ്ട ഇവിടെ ഒരു ബ്രാഹ്മണൻ തിരുമുഖം കാണുന്നതിന്ന വന്ന കാത്തിരിക്കുന്നു എന്ന ബൊധിപ്പിച്ചപ്പൊൾ പുലി സന്തൊഷിച്ച നല്ലത അവനെ ഇവിടെക്ക വിളിച്ച കൊണ്ടുവരുവിൻ എന്ന പറഞ്ഞു. അതിന്റെ ശെഷം ആ മാനുകൾ ആ ബ്രാഹ്മണന്റെ അരികെ വന്ന പെടിക്കണ്ടാ എന്ന പറഞ്ഞ ഞെടുക്കം തീത്ത അവനെ കടുവായയുടെ അടുക്കൽ കൂട്ടിക്കൊണ്ടുപൊയപ്പൊൾ ആ കടുവായ അവന്റെ മെൽ വളരെ പ്രീതിയായി താൻ മുമ്പെ കൊന്നിട്ടുള്ള ആളുകളുടെ ആഭരണങ്ങളിൽ ഏതാനും അവന്ന കൊടുത്തു. അന്നെരം ആ ബ്രാഹ്മണൻ സന്തൊഷിച്ച തന്റെ ദിക്കിന്ന പൊയി ആഭരണമെല്ലാം വിററ

ജീവനം കഴിച്ചുകൊണ്ടിരുന്നു. പിന്നെ ചില നാൾ കഴിഞ്ഞാറെ അവന്റെ അയലൊക്കത്തെ ബ്രാഹ്മണൻ ൟ വൎത്തമാനം കെട്ട നാമും ആ പുലിയുടെ അടുക്കൽപ്പോയാൽ ആഭരണങ്ങൾ കൊണ്ടുവരാമെന്ന വെച്ച കാട്ടിലെക്ക പൊയപ്പൊൾ ആ ദിവസം ആ പുലിയുടെ അടുക്കൽ നായ്ക്കൾ കുറുക്കന്മാർ ഇവ ഉണ്ടായിരുന്നു. അതുകൊണ്ട അവ ൟ ബ്രാഹ്മണനെക്കണ്ട നാം പുലിയൊട പറഞ്ഞ ഇവനെ കൊല്ലിച്ചാൽ നമുക്കും ആഹാരം കിട്ടുമെന്ന വിചാരിച്ച ആ പുലിയെ നൊക്കി അതാ മനുഷ്യൻ വരുന്നു അവനെ കണെക്കിലാക്കിയാൽ ൟ നെരത്തെക്ക ഭക്ഷണം ആകുമെന്ന പറകയാൽ ആ വ്യാഘ്രം ഝടുതിയിൽ എഴുനീററ അവനെ പിടിച്ച കൊന്നുകളെകയും ചെയ്യു. അതുകൊണ്ട പ്രഭുക്കന്മാരുടെ അടുക്കൽ ദുൎജ്ജനങ്ങൾ ഉള്ളപ്പൊൾ പൊയാൽ വലിയ്യായ ആപത്ത സംഭവിക്കും.

ഗന്നവരം *Gunnavaram* a Village in the Northern Circars. ദെവശൎമ്മൻ a proper name. എരപ്പാളി *a poor man*, s. m. ഉപാദാനം *alms*, s. n. സമിത്ത *fuel*, s. n. ചുവട *the bottom of any thing*, s. n. ഏററവും *much*, adv. കിടകിട *tremblingly*, adv. വിറെക്കുന്നു *to tremble*, v. n. മാന *a deer*, s. n. ധൎമ്മാത്മാവ *one possessing a virtuous mind, a virtuous person.* കീൎത്തി *renoun*, s. n. പരവുന്നു *to extend*, v. n. തിരുമുഖം *holy face*, s. n. തിരു *holy* and മുഖം *the face*, an honorific appellation applied to Rajahs in Malabar. കടുവായ *a tiger*, s. n. ആഭരണം *an Ornament*, s. n. വൎത്തമാനം *news, intelligence, circumstance*, s. n. ഝടുതിയായി *quickly*, adv. വലിയ്യായ *great*, adj.

൩൨ാം കഥ.

അനന്തപുരമെന്ന പട്ടണത്തിൽ കുന്തിഭൊജൻ എന്ന രാജാവ രാജ്യം വാണുകൊണ്ടിരുന്നു. ഒരു ദിവസം മന്ത്രിപുരൊഹിതന്മാരൊട കൂടെ സഭാമദ്ധ്യത്തിങ്കൽ അവൻ സിംഹാസനത്തിൽ എഴുനെള്ളിയിരിക്കുമ്പൊൾ ഒരു ക്ഷത്രിയൻ ആയുധം ധരിച്ച അവിടെ ചെന്ന രാജാവിനെ തൊഴുത തിരുമെനി ഞാൻ വില്ലെയിത്ത നന്നായി അഭ്യസിച്ചിരിക്കുന്നവനാകുന്നു എന്നാൽ കഴിച്ചിലിന്ന വക ഇല്ലാതെ നന്നെ കൊഴങ്ങുന്നുണ്ട അതുകൊണ്ട തിരുമുമ്പാകെ വന്നിരിക്കുന്നു എന്ന അറിയിക്കയാൽ രാജാവ അവന്ന മാസം ൧൦൦ ഉറുപ്പിക മാസപ്പ

ടി വെച്ച അവനെ തന്റെ കൂടെ നിൎത്തി. അന്നമുതൽക്ക അ
വൻ രാവും പകലും കൊവിൽ അകത്ത കാവൽ കാത്തുകൊ
ണ്ടിരുന്നു. ഒരു ദിവസം രാത്രി സമയത്ത രാജാവ മാളികയിൽ
പള്ളിക്കുറുപ്പ കൊള്ളുമ്പൊൾ ഒരു സ്ത്രീ കരയുന്നപൊലെ ഒരു
സ്വരം കെട്ട എഴുനീററ ആ ക്ഷത്രിയനെ വിളിച്ച ഇപ്പൊൾ
ഞാനൊരു പ്രലാപസ്വരം കെട്ടത എന്താണെന്ന ചൊദിച്ച
പ്പൊൾ തിരുമെനീ ൟ സ്വരം ഞാനും ഇപ്പൊൾ പത്ത ദിവ
സമായിട്ട കെൾക്കുന്നുണ്ട എന്നാൽ അതെന്തെന്ന അറിഞ്ഞി
ട്ടില്ല ഇപ്പൊൾ കല്പിച്ച അനുവദിച്ചാൽ ഞാൻ പൊയി ആ
സംഗതി അറിഞ്ഞ വരാമെന്ന ഉണൎത്തിച്ചപ്പൊൾ നല്ലത
പൊയി അറിഞ്ഞ വരികാ എന്ന കല്പിച്ച അവനെ അയച്ചു.
അവൻ എവിടെപ്പൊകുന്നു എന്ന കാണണമെന്ന വിചാരി
ച്ച കരിമ്പടംകൊണ്ട മൂടി അവൻ അറിയാതെ അവന്റെ പി
ന്നാലെ രാജാവും പൊയി. അതിന്റെ ശെഷം അവൻ പട്ട
ണത്തിന്റെ പുറത്തെക്ക പൊയി അവിടെ ഒരു സ്ത്രീ തലമുടി
അഴിച്ചിട്ടുംകൊണ്ട ഒരു ഭഗവതി ക്ഷെത്രത്തിന്റെ അരികെ
ഇരുന്ന കരയുന്നതിനെക്കണ്ട നീ ആര എന്തിന്ന കരയുന്നു
എന്ന ചൊദിച്ചപ്പൊൾ ഞാൻ കുന്തിഭൊജന്റെ രാജ്യത്തെ ല
ക്ഷ്മിയാകുന്നു ൟ രാജാവ ഇനി മൂന്ന ദിവസത്തിൽ അകത്ത തീ
പ്പെട്ടും അതുകൊണ്ട ഇനി ഞാൻ ആരുടെ അടുക്കൽ പൊകെ
ണ്ടു എന്നെ ആര രക്ഷിക്കുമെന്ന വെച്ച കരയുന്നു എന്ന പറ
ഞ്ഞു. ഇരിക്കട്ടെ രാജാവ തീപ്പെടാതെ രക്ഷപ്പെടുന്നതിന്ന ഏ
തെങ്കിലും ഉപായം ഉണ്ടൊ എന്ന ആ ക്ഷത്രിയൻ ചൊദിച്ചാ
റെ നിന്റെ മകനെ ഭഗവതിക്ക ബലി കൊടുത്താൽ ൟ രാജാ
വ ഇനി ഏറെക്കാലം ജീവിച്ചിരിക്കുമെന്ന ആ സ്ത്രീ പറഞ്ഞു.
അങ്ങിനെ തന്നെ ഞാൻ വീട്ടിൽപ്പൊയി എന്റെ മകനെ കൂ
ട്ടിക്കൊണ്ടുവന്ന അപ്രകാരം തന്നെ ബലിതരാമെന്ന പറഞ്ഞ
തന്റെ വീട്ടിലെക്ക പൊയി മകനൊട ൟ വൎത്തമാനം പറ
ഞ്ഞാറെ അവൻ അച്ശനെ നൊക്കി ൟ ക്ഷണം തന്നെ എ
ന്നെ കൂട്ടിക്കൊണ്ടുപൊയി ഭഗവതിക്ക ബലികഴിച്ച രാജാവി
ന്റെ പ്രാണനെ രക്ഷിക്കെണം അദ്ദെഹം ജീവിച്ചിരുന്നാൽ
വളരെ ആളുകൾ കഴിഞ്ഞ കൂടിപ്പൊകും എന്ന പറഞ്ഞു. അ
പ്പൊൾ അവൻ തന്റെ കുമാരനെ ഭഗവതി അമ്പലത്തിലെ
ക്ക കൂട്ടിക്കൊണ്ടുപൊയി വാള ഊരി തല വെട്ടുവാൻ ഭാവിച്ചു.
അന്നെരം ആ ഭഗവതി പ്രത്യക്ഷമായി അവന്റെ കയ്യുംപി
ടിച്ചുകൊണ്ട നിന്റെ സാഹസ നിമിത്തം ഞാൻ എത്രയും

പ്രസാദിച്ചിരിക്കുന്നു നിന്റെ മകനെ കൊല്ലെണ്ടാ നീ അപെക്ഷിക്കുന്ന വരത്തെ നല്കുന്നുണ്ടെന്ന കല്പിച്ചാറെ ൟ പട്ടണത്തെ രാജാവായിരിക്കുന്ന കുന്തിഭൊജന്ന വന്നിരിക്കുന്ന അപമൃത്യു നീങ്ങി അദ്ദെഹം ഇനിയും ബഹു കാലം രാജ്യപരിപാലനം ചെയ്തു സുഖമായിരിക്കത്തക്ക വരം തരെണമെന്ന അവൻ ഭഗവതിയെ അപെക്ഷിച്ചു. അങ്ങിനെ തന്നെ രാജാവ സുഖമായിരിക്കുമെന്ന വരവും കൊടുത്ത പിന്നെ ഭഗവതി മറെഞ്ഞ പൊകയും ചെയ്തു. അപ്പൊൾ അവൻ എത്രയും സന്തൊഷിച്ച തന്റെ മകനെ വീട്ടിലെക്കയച്ച താൻ കൊവിലകത്തെക്ക പൊയി. ഇവൻ ചെയ്ത പ്രവൃത്തിയെല്ലാം രാജാവ കണ്ട അവൻ അറിയാതെ തിരിയെ കൊവിലകത്തെക്ക വന്ന മാളികമെൽ എഴുന്നെള്ളിയിരുന്നു. അപ്പൊൾ അവൻ മാളികയിൽപ്പൊയി രാജാവിനെക്കണ്ട തിരുമെനീ ആരൊ ഒരു സ്ത്രീ തന്റെ പുരുഷനുമായി കലഹിച്ച വന്നിരുന്ന കരയുന്നു ഞാൻ സമാധാനം ചെയ്തു അവളെ വീട്ടിലെക്ക പൊവാൻ പറഞ്ഞുകൊണ്ട ഞാൻ വന്നിരിക്കുന്നു എന്ന ഉണൎത്തിച്ചാറെ അവൻ തനിക്ക ചെയ്ത ഉപകാരത്തെ കുറിച്ച രാജാവ എത്രയൊ സന്തൊഷിച്ച അവനെ തന്റെ അടുക്കൽ സെനാപതിയായി നിശ്ചയിക്കുകയും ചെയ്തു. അതുകൊണ്ട യൊഗ്യന്മാരായ സെവകന്മാർ തങ്ങടെ എജമാനന്മാൎക്ക വരുന്ന ഉപദ്രവങ്ങളെ നിവാരണം ചെയ്യുന്നതിന്ന വെണ്ടി തങ്ങളുടെ പ്രാണനെത്തന്നെയും ഗണ്യമാക്കുമാറില്ല.

അനന്തപുരം *a city so called.* കുന്തിഭൊജൻ *the name of a king.* പുരൊഹിതൻ *a priest*, s. m. സഭാമദ്ധ്യത്തിങ്കൽ *in the midst of the Court*, comp^d. of സഭാ *a Court* and മദ്ധ്യം *the middle.* സിംഹാസനം *a throne*, s. n. എഴുനീല്ക്കുന്നു *to ascend, to rise*, v. n. ക്ഷത്രിയൻ *a man of the military tribe, a Chetriyan*, s. m. ആയുധം *a weapon armour*, s. n. ധരിക്കുന്നു *to put on, to wear*, s. n. തൊഴുന്നു *to worship, to pay reverence*, v. a. കുഴങ്ങുന്നു *to be distressed*, v. n. അന്നു മുതൽക്ക *from that time* comp^d. of അന്ന *that day* and മുതൽക്ക *from, beginning from.* രാവും പകലും *night and day.* കാവൽ കാക്കുന്നു *to keep guard* v. n. കാവൽ *a guard.* കാക്കുന്നു *to watch, to wait*, v. n. മാളിക *a Palace, an upper room*, s. n. പള്ളിക്കുറിപ്പുകൊള്ളുന്നു *to sleep*, v. n. This term is only used in reference to Rajahs. കരയുന്നു *to cry aloud*, v. n. ഒരു സ്ത്രീ കരയുന്ന പൊലെ *as if a woman were crying out.*

പ്രലാപം *lamentation*, s. n. അനുവദിക്കുന്നു *to permit, to give leave*, v. a. കരിമ്പടം *an Indian blanket, a Cambly*, s. n. മൂടുന്നു *to cover*, v. a. പിന്നാലെ *after*, post pos. പുറത്തെക്ക *to the outside* inflected form of പുറത്ത *outside*, adv. മുടി *the hair* of the head, s. n. മുടി അഴിക്കുന്നു *to loosen the hair.* ഭഗവതി *a Goddess, the Goddess Parvati.* ക്ഷെത്രം *A temple*, s. n. ലക്ഷ്മി *the Goddess of prosperity.* മകൻ *a son*, s. m. ബലികഴിക്കുന്നു *to sacrifice.* വാള *a sword*, s. n. ഊരുന്നു *to draw*, v. a. ഭാവിക്കുന്നു *to intend*, v. n. പ്രത്യക്ഷമായി *becoming visible*, from പ്രത്യക്ഷം *evident to the senses, present*, and ആകുന്നു *to become.* പ്രസാദിക്കുന്നു *to be pleased*, v. n. വരം *a boon*, s. n. അപമൃത്യു *an untimely death*, s. n. നീങ്ങുന്നു *to be removed* v. n. മറയുന്നു *to disappear, vanish*, v. n. ആരൊ ഒരു സ്ത്രീ *some woman or other* (I know not who.) സെനാപതി *a Commander of an army*, s. m. ഗണ്യമാക്കുമാറില്ല *will not make account of, will not spare*, from ഗണ്യം *an account* ആക്കുമാറ *ready to make*, vide Grammar para. 89: for the use of the particle മാറ also para. 110. Section V.

൩ൻാം കഥ.

മന്ദാരപുരമെന്ന പട്ടണത്തിൽ നാല ആൾ സ്നെഹിതന്മാരുണ്ടായിരുന്നു. അവർ ബഹു ദരിദ്രന്മാരാകകൊണ്ട അന്ന വസ്ത്രങ്ങൾക്കവകയില്ലാതെ നന്നെ കഷ്ടസ്ഥിതിയിലായിരുന്നു. ഒരു ദിവസം അവര നാലാളും ഒരു സ്ഥലത്ത കൂടി നാം എത്ര നാളെക്ക ഇരം ദരിദ്ര ദശ അനുഭവിക്കെണ്ടു സൌഖ്യം ഉണ്ടാകെണ്ടതിന്ന ഏതെങ്കിലും ഒരു പ്രയത്നം ചെയ്യെണമെന്ന നിശ്ചയിച്ച ആ ദെശത്തുള്ള മുക്കാൽ വട്ടത്ത പൊയി ഭദ്രകാളിയെ നൊക്കി ഘൊരമായ തപസ്സ ചെയ്കയാൽ ആ ദെവി അവരുടെ തപസ്സിങ്കൽ പ്രസാദിച്ച അവൎക്ക പ്രത്യക്ഷമായി നിങ്ങൾക്ക എന്ത വരം വെണമെന്ന ചൊദിച്ചു. ഞങ്ങൾ ഭാഗ്യവാന്മാരായി സൌഖ്യത്തൊടെ ഇരിക്കെണ്ടതിന്ന അനുഗ്രഹിക്കെണമെന്ന അവര പ്രാൎത്ഥിച്ചപ്പൊൾ ആ ദുൎഗ്ഗ ആ നാലു പെൎക്ക നാല കുടുക്ക കൊടുത്ത നിങ്ങൾ ഇരം കുടുക്കകൾ തലയിൽ വെച്ചുംകൊണ്ട വടക്കെ ദിക്ക നൊക്കിപ്പൊവിൻ ഇവ എവിടെ വിഴുന്നുവൊ അവിടെ കുഴിച്ചുനൊക്കിയാൽ നിങ്ങടെ അദൃഷ്ടം പൊലെ കിട്ടുമെന്ന കല്പനയായി. അവര ആ കുടുക്കകളെ തലയിൽ വെച്ചുംകൊണ്ട പൊയിരിക്കുമ്പൊൾ ഒരുത്തന്റെ കുടുക്ക താഴെ വീണു അവിടെ തൊണ്ടി നൊക്കിയാറെ വളരെ

ചെമ്പ കിട്ടി. അവൻ മറെറ മൂന്നാളെയ്യും നൊക്കി ഇനിക്ക ചെമ്പ മതി ഞാൻ ഇവിടെ നില്ക്കുന്നെയ്യുള്ളൂ എന്ന പറഞ്ഞ ആ ചെമ്പ കാളപ്പുറത്ത കയററിക്കൊണ്ടുപൊയി. മറെറ മൂന്നപെർ കുറെയ കൂടി മുമ്പൊട്ട പൊയപ്പൊൾ രണ്ടാമത്തവൻെറ കുടുക്ക താഴെ വീണു അവിടെ കിളെച്ച നൊക്കിയാറെ വളരെ വെള്ളി കിട്ടി. അവൻ തൻെറ ചങ്ങാതിമാരെ നൊക്കി തനിക്കഠരം വെള്ളി മതി താനിവിടെ നില്ക്കുന്നതെയ്യുള്ളൂ എന്ന പറഞ്ഞ ആ വെള്ളി ഒക്കയ്യും എടുപ്പിച്ചുകൊണ്ടുപൊയി. പിന്നെ മറെറ രണ്ട പെരും കുറഞ്ഞൊന്ന കൂടി അപ്പുറം പൊയപ്പൊൾ മൂന്നാമത്തവൻെറ കുടുക്ക നിലത്ത വീണു അവിടെ തൊണ്ടി നൊക്കിയാറെ വളരെ സ്വൎണ്ണം കിട്ടി. അന്നെരം തൻെറ ചങ്ങാതിയായ നാലാമത്തവനെ നൊക്കി നാം രണ്ടാളും ഠരം സ്വൎണ്ണം കൊണ്ടുപൊയി സുഖമായിരിക്കാം നീ ഏകനായിട്ട പൊയി എന്തിന്ന കഷ്ടപ്പെടുന്നു ഇവിടെ നില്ക്ക എന്ന പറഞ്ഞാറെ അവൻെറ വാക്ക കെൾക്കാതെ പിന്നെയ്യും കുറയ ദൂരം മുമ്പൊട്ട പൊയപ്പൊൾ അവൻെറ തലയിലെ കുടുക്കയ്യും താഴത്ത വീണു അവിടെ തൊണ്ടി നൊക്കിയാറെ ഇരിമ്പ കിട്ടി. അപ്പൊൾ അവൻ ബഹു വ്യസനാക്രാന്തനായി സ്നെഹിതൻെറ വാക്ക കെൾക്കാതെ ഞാൻ പൊന്നുവല്ലൊ മതി ഇനി എങ്കിലും അവൻെറ അടുക്കലെക്ക പൊയി അവൻ തരുന്നെടത്തൊളം പൊന്ന വാങ്ങി അതുകൊണ്ട സുഖമായിരുന്നുകൊള്ളാമെന്ന വിചാരിച്ച അവനെ തെടിപ്പൊയാറെ അവനെ കണ്ടുകിട്ടിയില്ല. അതുകൊണ്ട തന്നെ വിഷാദിച്ച തനിക്ക പ്രാപ്തമായ ഇരിമ്പെങ്കിലും വിററ കാലം കഴിക്കാമെന്ന വെച്ച ആ സ്ഥലം തെടിപ്പൊയാറെ അതും കണ്ടില്ല. എന്നാറെ നന്നെ വിചാരപ്പെട്ട മടങ്ങി പട്ടണത്തിൽ വന്ന എരന്ന കാലം കഴിച്ച വന്നു. ആകയാൽ ആപ്തന്മാരായവർ പറയുന്ന ബുദ്ധി കെൾക്കാത്തവൻ വൃദ്ധിയാകയില്ല.

മന്ദാരപുരം Mandharapooram a city so called. അന്ന വസ്ത്രങ്ങൾക്ക വകയില്ലാതെ *being without the means of obtaining food and clothes.* അന്നം *rice* and വസ്ത്രം *a garment*, these are both sanscrit terms commonly used in the Hindoo Languages of southern India. കഷ്ടസ്ഥിതി *a state of distress.* കഷ്ടം *distress difficulty*, and സ്ഥിതി *state*, s. n. ദരിദ്രദശ *a state of poverty*, s. n. അനുഭവിക്കുന്നു *to experience*, v. a. അനുഭവിക്കെണ്ടു *must experience*, comp[d]. of അനുഭവിക്ക the

root of the verb അനുഭവിക്കുന്നു and വെണ്ടു a form of the affirmative defective verb വെണം to be necessary, vide Grammar para. 125. ഏതെങ്കിലും *some thing or other.* ഏതെങ്കിലും ഒരു പ്രയത്നം *an endeavour of some kind or other.* മുക്കാൽവട്ടം *a Pagoda*, s. n. ഭദ്രകാളി *the Goddess Doorga.* ഭാഗ്യവാൻ *fortunate, prosperous*, adj. വടക്കെ *North*, adj. ദിക്ക *a point of the compass, region*, s. n. കുഴിക്കുന്നു *to dig a hole*, v. a. അദൃഷ്ടം *fate, fortune*, s. n. ചെമ്പ *copper*, s. n. കാള *Bullock*, s. n. കാളപ്പുറത്ത *on the back of a Bullock.* ചങ്ങാതി *a companion*, s. m. കിളെക്കുന്നു *to dig*, v. a. കുറഞ്ഞൊന്ന *a little.* സ്വൎണ്ണം *Gold*, s. n. ഇരിമ്പ *Iron*, s. n. തെടുന്നു *to search*, v. a. പ്രാപ്തം *obtained.* വൃദ്ധിയാകയില്ല *will not be prosperous*, comp[d]. of വൃദ്ധി increase, prosperity, and ആകയില്ല the negative aorist of ആകുന്നു to become.

൬൦ാം കഥ.

പണ്ടത്തെ കാലത്ത തെക്കെ ദിക്കിൽ ഉണക്കം ഉണ്ടായി ചിറകളിലും പുഴകളിലും വെള്ളമില്ലാതെ പൊയ്യകൊണ്ട ആ പ്രദെശത്തുള്ള ആനകൾക്ക കുടിക്കുന്നതിന്ന വെള്ളം കിട്ടാതെ നന്നായി ദാഹിച്ച വെള്ളം വിസ്താരമായുള്ള സ്ഥലത്ത പൊകാമെന്ന വിചാരിച്ച അവയെല്ലാം പുറപ്പെട്ട പൊകുമ്പൊൾ വഴിയിൽ ചന്ദ്രപുഷ്കരണി എന്ന ഒരു തടാകം കണ്ടു. അതിൽ വെണ്ടെടത്തൊളം വെള്ളം ഉണ്ടായിരുന്നതുകൊണ്ട അവിടെ നിന്ന ദാഹം തീൎത്ത മെലാൽ മഴ പെയ്യ രാജ്യം സുഭിക്ഷമാകുന്ന വരെയും അവിടെത്തന്നെ താമസിക്കെണമെന്ന വിചാരിച്ച അവിടെക്ക സമീപമായുള്ള വനത്തിൽ വാസം ചെയ്യ ദിവസം പ്രതിയും ആ തടാകത്തിൽ ചെന്ന വെള്ളം കുടിച്ചുകൊണ്ട വന്നിരുന്നു. ൟയാനകൾ പൊകുന്ന വഴിക്ക അനവധി മുയലുകൾ ഉണ്ടായിരുന്നു അവയിൽ ചിലത ആനകളുടെ കാലുകളുടെ ഇടയിൽ അകപ്പെട്ട ചത്തുപൊയി. അതിന്റെ ശെഷം മറ്റ മുയലുകൾ എല്ലാമൊന്നിച്ച കൂടി ൟയാനകൾ ഇവിടെയുള്ളതുകൊണ്ട ദിവസം തൊറും ൟ കൊളത്തിലെക്ക വെള്ളത്തിന്ന വെണ്ടി വരികയും അവ നടക്കുമ്പൊൾ നാം അവയുടെ കാലുകളുടെ ഇടയിൽപ്പെട്ട ചത്തുപൊകയും ചെയ്യുന്നുവല്ലൊ അതുകൊണ്ട ഇതിന്ന നാം എന്തു ചെയ്യെണമെന്ന വിചാരിച്ചുകൊണ്ടിരിക്കുമ്പൊൾ അവയിൽ ഒന്ന മറ്റെ മുയലുകളെ നൊക്കി നിങ്ങൾ എന്തിന്ന ഇങ്ങിനെ വിചാ

രപ്പെട്ടുന്നു ഞാനൊരുപായമുണ്ടാക്കി ൟയാനകളെ ഇവിടെ നിന്ന ഓടിച്ച നിങ്ങളുടെ ഭയത്തിന്ന ഒഴിച്ചിലുണ്ടാക്കാമെന്ന പറഞ്ഞ ഒരു രാത്രി നിലാവ കായ്യുമ്പൊൾ ആ തടാകത്തിൻെറ സമീപത്തുള്ള ഒരു മലമെൽ കെറിയിരുന്ന ആനകളെ നൊക്കി എടൊ ആനകളെ/ൟ തടാകത്തിന്ന അധിപതിയായ ചന്ദ്രൻ നിങ്ങളൊട ഒരു കാൎയ്യം പറഞ്ഞ വരുവാനായിട്ട എന്നെ അയച്ചിരിക്കുന്നു. ആയ്യ എന്തെന്നാൽ പൂൎവ്വകാലത്തിൽ അദ്ദെഹം ചിറ തൊണ്ടിച്ച ഇത തനിക്കുള്ളത എന്ന എല്ലാവരും അറിഞ്ഞിരിപ്പാനായിട്ട ഇതിന്ന ചന്ദ്ര പുഷ്കരണി എന്ന പെരിട്ട ദിവസെന രാത്രി കാലത്ത ദെവസ്ത്രീകളൊട കൂടെ ഇവിടെ വന്ന നീരാടി വിനൊദിച്ച വരുന്നുണ്ട ഇപ്രകാരമിരിക്കുമ്പൊൾ കുറയ ദിവസമായിട്ട നിങ്ങളെല്ലാവരും ൟ തടാകത്തിൽ വന്ന വെള്ളമൊക്കെയും കലക്കി വളരെ അസഹ്യം ചെയ്യ വരികകൊണ്ട അദ്ദെഹം ഇവിടെ വരുന്നതിന്ന വിരൊധമായിരിക്കുന്നു ആകയാൽ അദ്ദെഹം നിങ്ങടെ നെരെ നന്നെ മുഷിച്ചിലായിരിക്കകൊണ്ട ൟ ക്ഷണം നിങ്ങളൊക്കെയും ഇവിടംവിട്ട മററ എവിടെ എങ്കിലും പൊയില്ലെങ്കിൽ നിങ്ങളെ ൟ രാത്രി തന്നെ വധം ചെയ്യുമെന്ന നിങ്ങളെ അറിയിപ്പാൻ കല്പിച്ചിരിക്കുന്നു. അദ്ദെഹത്തിന്ന മുഷിച്ചിൽ ഉണ്ടായിരിക്കുന്ന സംഗതി നിങ്ങൾക്ക അറിയെണമെന്നുണ്ടെങ്കിൽ ൟ പുഷ്കരിണിയിൽ നൊക്കുവിൻ നിങ്ങൾക്ക തന്നെ പ്രത്യക്ഷമായി കാണാമെന്ന പറഞ്ഞു. അപ്പൊൾ ആയാനകളെല്ലാം എത്രയും ആശ്ചൎയ്യപ്പെട്ട തടാകത്തിൽ നൊക്കിയപ്പൊൾ ആ വെള്ളത്തിൽ പ്രതിഫലിക്കുന്ന ചന്ദ്രബിംബം കാററിൽ ഇളകുന്നത കണ്ട ചന്ദ്രൻ തങ്ങളൊട കൊപിച്ചിരിക്കുന്നത സൂക്ഷ്മം തന്നെ എന്ന ഗ്രഹിച്ച ആനകളൊക്കെയും ചന്ദ്രന്ന നമഃസ്കാരം ചെയ്യ ൟ ചിറ തങ്ങളുടെതെന്നറിയാതെ ഞങ്ങൾ ഇവിടെ വന്ന ചെയ്യ കുററത്തെ ക്ഷമിച്ച രക്ഷിക്കെണം ഞങ്ങൾ ഇനിയിവിടെ നില്ക്കയില്ലെന്ന എത്രയൊ പ്രാൎത്ഥിച്ച ൟ സംഗതി ചന്ദ്രനെ ബൊധിപ്പിച്ച ഞങ്ങളൊട അദ്ദെഹത്തിന്ന കൊപമില്ലാതെ ആക്കി തീക്കെണമെന്ന ആ മുയലിനെ അപെക്ഷിച്ചു. പിന്നെ അവിടെനിന്ന പുറപ്പെട്ട മററൊരെടത്ത പൊകയും ചെയ്യു. അതിൻെറ ശെഷം മുയലുകൾ അവിടെ വസിക്കയും ചെയ്യു. അതുകൊണ്ട കൌശലം ഉണ്ടെങ്കിൽ ഏതവെലയും സാധിക്കാവുന്നതാകുന്നു.

പണ്ടത്തെ കാലത്ത *In former times.* പണ്ടത്തെ the inflected form of പണ്ട *formerly.* തെക്ക *the South,* ഒണക്കം *drought, the want of rain,* s. n. ചിറ *a pond or pool,* s. n. പുഴ *a river,* s. n. ദാഹിക്കുന്നു *to be thirsty,* v. n. ചന്ദ്രപുഷ്കരണി the name of a tank, meaning *the tank of the moon.* തടാകം *a tank,* s. n. കുടിക്കുന്നു *to drink,* v. a. അനവധി *innumerable,* adj. മുയൽ *a hare,* s. n. ചിലത *some part,* s. n. അവയിൽ ചിലത *several of them.* ആന *an Elephant,* s. n. കൊളം *a tank,* s. n. ഓടിക്കുന്നു *to cause to run,* v a. നിലാവ *Moon-light,* s. n. കായുന്നു *to shine,* v. n. തൊണ്ടിക്കുന്നു *to cause to be dug,* v. a. നീരാടുന്നു *to bathe,* v. n. വിനൊദിക്കുന്നു *to amuse one's self,* v. n. കലക്കുന്നു *to stir up, to make turbid as water,* v. a. മുഷിച്ചിൽ *displeasure,* s. n. മുഷിച്ചിൽ ആകുന്നു *to be displeased,* v. a. വധ ചെയ്യുന്നു *to slaughter,* v. a. വധം *slaughter,* s. n. പ്രതിഫലിക്കുന്നു *to reflect back as a figure,* v. a. ചന്ദ്രബിംബം *the disk of the moon,* s. n. കാററ *the wind.* ഇളക്കുന്നു *to shake,* v. n. സൂക്ഷ്മം *a sign,* s. n. കൌശലം *cleverness,* s. n. സാധിക്കാവുന്നത *the power of succeeding,* comp[d.] of സാധിക്കുന്നു *to succeed, prosper,* v. a. and ആവുന്നത the verbal noun of the defective verb ആവു *to be able,* vide Grammar para. 125.

൩൰ാം കഥ.

ഒരു പുഴയിൽ ആഴം ഉള്ള ഒരു കയം ഉണ്ടായിരുന്നു. ആ കയത്തിൽ മൂന്ന മത്സ്യങ്ങൾ കിടന്നിരുന്നു അവയിൽ ഒന്ന ബുദ്ധിമാനാകയാൽ അപ്പപ്പൊൾ ഉള്ള കാലരീതി നൊക്കി മെലിൽ ആ കയത്തിൽ വെള്ളം വററിപ്പൊകുന്നതറിഞ്ഞ മറെറ രണ്ട മീനുകളെയും വിളിച്ച ഇനി വെനൽ കാലം ഈ കയത്തിൽ വെള്ളം വററിപ്പൊകും അപ്പൊൾ മുക്കുവര വലയിട്ട നമ്മളെപ്പിടിച്ച കൊന്നുകളയും നാം ഇപ്പൊൾ ഈ ഒഴുക്കൊട കൂടി സമുദ്രത്തിൽ എങ്കിലും വെറെ ഒരു വലിയ കയത്തിൽ എങ്കിലും പതുക്കെപ്പൊയി ചെന്നാൽ നമ്മുടെ ജീവന്ന അപായം കൂടാതെയിരിക്കും അല്ലാതെ ഇവിടെത്തന്നെ ഇരുന്നാൽ നമുക്ക അധികം തരക്കെടായി തീരും എന്ന പറഞ്ഞാറെ ആ വൎത്തമാനം കെട്ട മറെറ രണ്ട മീനുകളും ഹാസ്യം ചെയ്തു. ആ മീൻ താൻ തന്നെ ആ കയം വിട്ട ഒഴുക്കൊട കൂടി മറെറാരെടത്ത പൊയി ചെന്നു. പിന്നെ കുറെ ദിവസം കഴിഞ്ഞാറെ വെനൽക്കാലം വരികയാൽ കയത്തിലെ വെള്ളം വററിപ്പൊയി.

അപ്പൊൾ ഒരു മുക്കുവൻ അവിടെക്ക വന്ന വലയിട്ട ആ രണ്ട മത്സ്യങ്ങളെയും പിടിച്ച കരക്കിട്ടു. അതിൽ ഒന്നിന്ന അല്പം ബുദ്ധിയുണ്ടാകകൊണ്ട ചത്തുപൊയപൊലെ അനക്കംകൂടാതെ കിടന്നു. മറെറാന്ന സ്വസ്ഥമായിരിക്കാതെ തുള്ളി വീഴകയാൽ അതിനെ ആ മുക്കുവൻ നിലത്ത ചാടി കാൽകൊണ്ട ചവിട്ടികൊന്നു. മററെ മീന പിന്നെ അവൻ അങ്ങെ ഭാഗത്തെക്ക പൊയ്യ കണ്ട പതുക്കെ വെള്ളത്തിൻെറ അരികെ പൊയി.

ആഴം *deep*, adj. കയം *a deep hole in a river*, s. n. വററിപ്പൊകുന്നു *to be dried up*, v. n. മുക്കുവൻ *a Fisherman*, s. m. വല *a net*, s. n. ഒഴുക്ക *a current or stream of water*, s. n. പതുക്കെ *slowly, gently*, adv. അപായംകൂടാതെയിരിക്കും *will be saved*, lit. *will be without suffering misfortune, destruction*, s. n. കര *a bank, shore*, s. n. അനക്കം *motion*, s. n. സ്വസ്ഥം *quiet, at rest*, adj. തുള്ളുന്നു *to jump*, v. n. വീഴുന്നു *to fall*, v. n. തുള്ളി വീഴുന്നു *to jump down*. അങ്ങെഭാഗം *the other side.*

൩൨.ാം കഥ.

നിഷധദെശത്തിൽ ശിബിചക്രവൎത്തി എന്ന പറയപ്പെട്ട ഒരു രാജാവ ഉണ്ടായിരുന്നു. അവൻ ബഹു ധൎമ്മിഷ്ഠനും പ്രജകളുടെ സൌഖ്യത്തെക്കുറിച്ച ഇഛിക്കുന്നവനും വാശത്തെ അഴിക്കാത്തവനും തന്നിൽ അഭയം പ്രാപിക്കുന്നവരെ രക്ഷിപ്പാൻ വെണ്ടി തൻെറ പ്രാണനെപ്പൊലും കൊടുക്കുന്നവനും ആയിരുന്നു. ഇപ്രകാരം അവൻ രാജ്യം വാണുകൊണ്ടിരിക്കുമ്പൊൾ ഒരുനാൾ ദെവലൊകത്തിൽ ഗന്ധൎവ്വന്മാര അവൻെറ ഗുണങ്ങളെ സ്തൊത്രം ചെയ്യുന്നത ദെവെന്ദ്രൻ കെട്ടു ൟ രാജാവിൻെറ ഗുണങ്ങളെ പരീക്ഷിക്കെണമെന്ന വിചാരിച്ച താൻ രാജാളി പക്ഷിയുടെ വെഷം ധരിച്ച തൻെറ സ്നെഹിതനായ അഗ്നിയെ ഒരു മാട പ്രാവ എന്ന പറഞ്ഞ താൻ ആ പ്രാവിനെ ഓട്ടിക്കൊണ്ട ഭൂമിയിൽ ഇറങ്ങിയപ്പൊൾ ആ പ്രാവ ശിബിചക്രവൎത്തിയുടെ അടുക്കൽ വന്ന ഹെ മഹാ രാജാവെ ഇതാ ൟ രാജാളി പക്ഷി എന്നെ കൊൽവാൻ വരുന്നുണ്ട നിങ്ങളെന്നെ രക്ഷിക്കെണമെന്ന അവനിൽ ശരണം പ്രാപിച്ചു. അപ്പൊൾ രാജാളി പക്ഷിയായ ദെവെന്ദ്രൻ അവൻെറ അടുക്കൽ എത്തി ഹെ തിരുമെനി ഇനിക്ക ആഹാരമായിരിക്കുന്ന പ്രാവിനെ രക്ഷിക്കെണമെന്ന നിങ്ങൾ വിചാരിച്ചാൽ ഞാൻ മരിച്ചുപൊകും അതുകൊണ്ട എൻെറ പ്രാ

വിനെ നിങ്ങളുടെ അടുക്കൽ ചെക്കേണ്ടാ എന്ന പറഞ്ഞതിന്റെ ശെഷം ആ രാജാവ രാജാളിപക്ഷിയെക്കണ്ട ഈ പ്രാവൊളം ഉള്ള മാംസം എന്റെ ദെഹത്തിൽനിന്ന ഞാനറുത്ത തരാം ഈ പ്രാവിനെ വിടെണം എന്ന പറഞ്ഞു. ആ വാക്ക കെട്ട ഈ പ്രാവൊളം ഉള്ള മാംസം ത്രാസ കൊണ്ട തൂക്കി നിൎത്തി തരിൻ എന്ന അപെക്ഷിച്ചു. ആ രാജാവ നല്ലതെന്ന പറഞ്ഞ ത്രാസ വരുത്തി അതിന്റെ ഒരു പടിയിൽ പ്രാവിനെയിട്ട മററതിൽ തന്റെ മാംസം അറുത്ത വെച്ചപ്പൊൾ എത്ര തന്നെ മാംസം അവൻ വെച്ചാലും അത പ്രാവിന്ന ശരിയായി തൂങ്ങായ്കകൊണ്ട രാജാവ താൻ തന്നെ ഒരു പടിയിൽ കുത്തിരുന്നു അതിന്റെ ശെഷം ത്രാസ ശരിയായി തൂങ്ങി. അപ്പൊൾ അഗ്നിയും ദെവെന്ദ്രനും രാജാവിന്റെ ഗുണങ്ങളിങ്കൽ സന്തൊഷിച്ച താന്താങ്ങളുടെ സാക്ഷാലുള്ള സ്വരൂപങ്ങളെ വഹിച്ച എതിരെ വന്ന നിന്ന രാജാവിനെ ശ്ലാഘിച്ച അവൻ അപെക്ഷിച്ച വരങ്ങളെ നൽകി തങ്ങളുടെ ലൊകങ്ങളിലെക്ക പൊയി. അതുകൊണ്ട യൊഗ്യന്മാര തങ്ങളെ വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ വെണ്ടി തങ്ങളുടെ പ്രാണനെപ്പൊലും ലക്ഷ്യമാക്കുകയില്ല.

നിഷധദെശം a Country in the South East division of India. ശിബിചക്രവൎത്തി a King famous in Hindoo History, s. m. ധൎമ്മിഷ്ടൻ *a charitable person*, s. m. ഇഛിക്കുന്നു *to wish, desire*, v. a. വാഗ്ദത്തം *a promise*, lit. *that which is given by word, or giving one's word*, s. n. അഴിക്കുന്നു *to undo, unloose*, v. a. വാഗ്ദത്തത്തെ അഴിക്കുന്നു *to break a promise.* അഭയം lit. fearlessness. അഭയം പ്രാപിക്കുന്നു *to take refuge under the protection of another.* ദെവലൊകം *Paradise* from ദെവ *a deity*, and ലൊകം *a World, the habitation of the Deities.* ഗന്ധൎവ്വൻ "*a Gundharva*" *or celestial musician*, s. m. ദെവെന്ദ്രൻ a name of Indra, s. m. രാജാളിപക്ഷി *a hawk*, s. n. മാടപ്രാവ *a pigeon*, s. n. അഗ്നി *fire, the God of fire.* ശരണം *refuge*, s. n. തിരുമെനി Sir, an honorific appellation applied to Rajahs. ഈ പ്രാവൊളം മാംസം എന്റെ ദെഹത്തിൽനിന്ന ഞാൻ അറുത്ത തരാം *I will cut off and give you as much flesh from my body as is equal to this pigeon.* പ്രാവൊളം Comp[d] of പ്രാവ and ഓളം *until, as much as.* ത്രാസ *a pair of scales*, s. n. തൂക്കുന്നു *to weigh, to hung*, v. a. പടി *one of a pair of scales*, s. n. തൂങ്ങുന്നു *to hung, to be suspended*, v. n.

ത്രാസ ശരിയായി തൂങ്ങി *the scales hung even.* സാക്ഷാൽ *in reality.* സാക്ഷാൽ ഉള്ള സ്വരൂപങ്ങളെ *their real forms.* ശ്ലാഘിക്കുന്നു *to praise,* v. a. നൽകുന്നു *to give, bestow,* v. a.

൩ാം കഥ.

ഒരു കുളത്തിന്റെ കരയിൽ ഉണ്ടായിരുന്ന ഒരു പുളിമരത്തിന്മെൽ ഒരു ബകം വാസം ചെയ്തുകൊണ്ടിരുന്നു. അത ബഹു വൃദ്ധനായിരുന്നതിനാൽ ആ സ്ഥലം വിട്ട മറ്റൊരു സ്ഥലത്തെക്ക പൊയി ആഹാരം സമ്പാദിക്കെണ്ടതിന്ന ശക്തിയില്ലായ്കയാൽ ആ കുളത്തിലുള്ള മീനുകളെ ഭക്ഷിച്ചുകൊണ്ട ആ മരത്തിന്മെൽത്തന്നെ ഇരുന്ന ദിവസം പ്രതി ആ മാൎഗ്ഗമായി വരുന്ന പക്ഷികളെ വിളിച്ച ഇന്ന നിങ്ങൾ ഇവിടെയിരുന്ന എന്നൊട കൂടി ൟ കുളത്തിലുള്ള മത്സ്യങ്ങളെത്തിന്ന നാളെ പ്പൊവിനെന്ന ഏററവും വിനയമായി പറഞ്ഞുകൊണ്ടിരുന്നു. ആ പക്ഷികൾ അതിനെ നൊക്കി നീ വൃദ്ധനാകുന്നു ഞങ്ങൾ ഇവിടെ താമസിച്ച ൟ കുളത്തിലെ ജലജന്തുക്കളെ ഭക്ഷിച്ച പൊയാൽ പിറെറനാൾ നിനക്ക ആഹാരമില്ലാതെ നീ മരിച്ചു പൊകും അതുകൊണ്ട ഞങ്ങൾ ഇവിടെ താമസിക്കയില്ലാ എന്ന പറഞ്ഞു പൊയിക്കൊണ്ടിരുന്നു. ഇങ്ങിനെയിരിക്കുമ്പൊൾ ദൈവവശാൽ ഭൂമിയിൽ വലിയ്യായ ഒരു ക്ഷാമം ഉണ്ടായി. എവിടെയും വെള്ളം ഇല്ലാതെ വരികയാൽ പക്ഷികളെല്ലാം ബഹു വിഷാദപ്പെട്ട എവിടെ എങ്കിലും അധികം വെള്ളം ഉള്ള സ്ഥലത്തെക്ക പൊയി ൟ ക്ഷാമകാലം താട്ടെണമെന്ന വിചാരിച്ച സംഘം കൂടി നിലവിളി കൂട്ടി അമ്പുകൾ പൊലെ പറന്ന അസംഖ്യമായി ഒരിക്കലെ എല്ലാം കൂടി നാനാമൂലയായി ആ വൃദ്ധനായ ബകം ഇരിക്കുന്ന മരത്തിന്റെ സമീപം വന്ന അതിനെ നൊക്കി ഇപ്പൊൾ ക്ഷാമം വന്നിരിക്കുന്നു ൟ കുളത്തിലെ വെള്ളം ഒരു സംവത്സരത്തിന്നകത്ത വററിപ്പൊകും അതിന്റെ ശെഷം നിനക്ക ആഹാരം ഇല്ലാതെ നീ ചത്തുപൊകും അതുകൊണ്ട ഇപ്പൊൾ ഞങ്ങളൊട കൂടെ വന്നാൽ സൌഖ്യമായിരിക്കാം വാ എന്ന വിളിച്ചപ്പൊൾ ആ ബകത്തിന്ന പൊകുന്നതിന്ന ശക്തിയില്ലായ്കയാൽ തനിക്ക വരാൻ കഴികയില്ലെന്ന പറഞ്ഞ ആ ബകങ്ങളെല്ലാം അവിടെ ഒരു ദിവസം താമസിച്ച പൊവിനെന്ന നിൎബ്ബന്ധിച്ചു. അപ്പൊൾ ഞങ്ങൾ ഇവിടെ താമസിച്ചാൽ ഒരു ദിവസം കൊണ്ട നിന്റെ കുളത്തിലുള്ള ജലജന്തുക്കളെല്ലാം തിന്നുപൊകും നീ വൃ

ധനാകകൊണ്ട മറെറാരു സ്ഥലത്തെക്ക പൊവാൻ കഴികയില്ല അതുകൊണ്ട നിനക്ക ആഹാരമില്ലാതെ ചത്തുപൊകും എന്ന അവര എത്ര തന്നെ പറഞ്ഞാലും അവൻ കെൾക്കാതെ അവയെ താമസിപ്പിൻ എന്ന വളരെ നിബ്ബന്ധിച്ചു. അപ്പൊൾ ആ പക്ഷികൾ അവിടെ തങ്ങി ആക്കുളത്തിലെക്ക പ്രവെശിച്ചു മത്സ്യങ്ങളെയെല്ലാം ഭക്ഷിച്ച വയസ്സനായ ആ ബകത്തിനൊട യാത്ര പറഞ്ഞ പൊകയും ചെയ്തു. അപ്പൊൾ ആ കുളത്തിലെ വെള്ളം കുറഞ്ഞിരുന്നതിനാൽ ആ പക്ഷികൾ വെള്ളത്തിൽ ചവിട്ടി വെള്ളം കലങ്ങി രണ്ട മൂന്ന ദിവസം കൊണ്ട വെള്ളം മുഴുവനും വററിപ്പൊയി. ആ ബകം ആ സ്ഥലം വിട്ട മറെറാരു സ്ഥലത്തെക്ക പൊകുന്നതിന്ന കഴിയാതെ അവിടെ ആഹാരം ഇല്ലായ്കയാൽ ചത്തുപൊകയും ചെയ്തു. അതുകൊണ്ട അധികം ഔദാൎയ്യം ഉണ്ടാകയും അരുത.

പുളിമരം *a Tamarind tree*, s. n. ബകം *a crane*, s. n. വൃദ്ധൻ *old*, *aged*, adj. ഏററവും വിനയമായി *with much civility.* വിനയം *respect*, *civility*, given an adverbial sense by the addition of the particle ആയി. ജലജന്തു *a fish, or any aquatic animal*, s. n. പിറെറനാൾ *next day.* ക്ഷാമം *a famine*, s. n. സംഘംകൂടുന്നു *to assemble in crowds*, v. n. നിലവിളികൂട്ടുന്നു *to raise a disturbance.* നിലവിളി *a cry*, *crying out*, s. n. അമ്പ *an arrow*, s. n. തങ്ങുന്നു *to stay*, *to tarry*, v. n. വയസ്സൻ *an old man.* വയസ്സനായ *old* adj. യാത്രപറയുന്നു *to take leave of*, v. n. ചവിട്ടുന്നു *to tread down*, v. a. കലങ്ങുന്നു *to be stirred up*, *to become turbid as water*, v. n. ഔദാൎയ്യം *generosity*, s. n.

൩൰ാം കഥ.

മഹിലാപുരമെന്ന പട്ടണത്തിൽ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അവന്നുണ്ടായിരുന്ന ചന്ദ്രമുഖി എന്ന പെരായ ഒരു ഭാൎയ്യക്ക സുമതി എന്ന ഒരു പുത്രൻ ജനിച്ചു. ആ കുമാരന്ന അഞ്ചു വയസ്സ പ്രായമായപ്പൊൾ ആ കച്ചവടക്കാരൻ മരിച്ചുപൊയി. എന്നാറെ അവന്റെ ഭാൎയ്യയെയും മകനെയും സംരക്ഷിക്കെണ്ടതിന്ന ആരും ഇല്ലായ്കകൊണ്ട ആ സ്ത്രീ തന്റെ മകനെ വിളിച്ച കൂട്ടിക്കൊണ്ട തന്റെ ഭൎത്താവിന്ന സ്നെഹിതനായ വെറെ ഒരു കച്ചവടക്കാരന്റെ അടുക്കൽ ചെന്ന അവനൊട തന്റെ വൎത്തമാനങ്ങളെ ഒക്കെയും അറിയിച്ചു ശെഷം അവൻ അവരെ ആശ്വസിപ്പിച്ച തന്റെ വീട്ടിൽ പാ

ല്പിച്ചുകൊണ്ട അന്ന വസ്ത്രങ്ങൾ കൊടുത്ത സംരക്ഷിച്ച വന്നു. ആ ബാലകൻ കുറെയ ദിവസം കൊണ്ട എഴുത്തിലും വായനയിലും കണക്കിലും എത്രയും സമൎത്ഥനായി. അപ്പൊൾ അവന്റെ അമ്മ അവനെ നൊക്കി നീ സകല വിദ്യകളിലും വിദഗ്ദ്ധനായെല്ലൊ ഇനിമെൽ നീ ഏതെങ്കിലും ഒരു ഉദ്യൊഗം ചെയ്യ കഴിയെണം എന്നാൽ ഠരം കച്ചവടക്കാരന്റെ വീട്ടിൽ പാൎക്കുന്നത യുക്തമല്ല നമ്മുടെ പൂൎവ്വന്മാര ബഹു കാലം കച്ചവടം കൊണ്ട ജീവനം കഴിച്ച വന്നിരുന്നു അതുകൊണ്ട നീയും അങ്ങിനെ ചെയ്യാൽ നല്ലതാകുന്നു അതിന്നായിട്ട നീ ചെയ്യെണ്ടുന്ന കാൎയ്യം എന്തെന്ന നീ ചൊദിച്ചാൽ ഞാൻ പറയാം. ഇവിടെക്ക സമീപം കുണ്ണിന പുരമെന്ന പട്ടണത്തിൽ ധൎമ്മപാലനെന്ന ഒരു വൎത്തകനുണ്ട. അവൻ തന്റെ ജാതിയിൽ ആരെങ്കിലും ദരിദ്രനായി തന്റെ അടുക്കൽ വന്നാൽ ആ വൎത്തകൻ അവനെ ആദരിച്ച അവന്ന കച്ചവടം ചെയ്വാൻ വെണ്ടുന്ന ദ്രവ്യം കൊടുക്കുമാറുണ്ട. അതുകൊണ്ട നീ അവന്റെ അടുക്കൽ പൊയി അവനെ ആശ്രയിച്ചാൽ സുഖപ്പെടുമെന്ന പറഞ്ഞപ്പൊൾ അവൻ അമ്മയൊട അനുവാദം വാങ്ങി അവിടെനിന്ന പുറപ്പെട്ട ആ കച്ചവടക്കാരന്റെ വീട്ടിലെക്ക പൊയി. അന്നെരം ആ കച്ചവടക്കാരൻ അതിന്ന മുമ്പെ തന്നൊട അനെകം പ്രാവിശ്യം വളരെ ദ്രവ്യം വാങ്ങിക്കൊണ്ടു പൊയി അതൊക്കെയും നശിപ്പിച്ച പിന്നെയും കുറെയ ദ്രവ്യം തരെണമെന്ന ചൊദിപ്പാൻ വന്ന ഒരു കൊമിട്ടിയെ നൊക്കി എടൊ നീ ചൊദിച്ചപ്പൊൾ ഒക്കെയും ഞാൻ നിനക്ക പണം തന്നു നീ അല്പം പൊലും ലാഭം ഉണ്ടാക്കാതെ അതിനെ ഒക്കയും വ്യയം ചെയ്യ ഇനിയും പണം തരെണമെന്ന ചൊദിപ്പാൻ വന്നിരിക്കുന്നു ബുദ്ധിമാനായവൻ ചത്ത കൊററിയെക്കൂടി പൂൎവ്വധനമായി വെച്ചുകൊണ്ട അതിനാൽ ഐശ്വൎയ്യം സമ്പാദിക്കും നീ അയൊഗ്യൻ നിനക്ക ദ്രവ്യം തരികയില്ല എന്ന അവനൊട ദുഷിച്ചുകൊണ്ടിരുന്നു. അപ്പൊൾ ആ ബാലകൻ ആ വാക്കുകൾ കെട്ട അവന്റെ അടുക്കൽ പൊയി തനിക്ക ആ കൊററിയെത്തരെണമെന്ന ചൊദിച്ചാറെ അവൻ തന്നെ പരിഹാസം ചെയ്വാൻ വന്നു എന്ന കൊപിച്ചുകൊണ്ട ഒരു ചത്തുപൊയ കൊററിയെ അവന്റെ കയ്യിൽ കൊടുത്ത പൊകെണമെന്ന പറഞ്ഞ ശെഷം ആ ബാലൻ ആ കൊററിയെ എടുത്തുകൊണ്ടുപൊയി അങ്ങാടിയിൽ വെച്ച കുത്തിരിക്കുമ്പൊൾ ഒരുത്തൻ താൻ വളൎത്തികൊണ്ടിരുന്ന പൂച്ച

കുട്ടിക്ക ആഹാരത്തിന്നായി കരുതിയിരുന്ന ഒരു പിടി കടല ആ ബാലന്ന കൊടുത്ത ആക്കൊററിയെ വാങ്ങിക്കൊണ്ടു പൊയി. അതിൻെറ ശെഷം ആ ബാലൻ ആ കടലയും ഒരു കുടം വെള്ളവും എടുത്തുംകൊണ്ട ഒരു ദെശത്തിന്ന സമീപം ഉള്ള ഒരു മരത്തിൻ കീഴെ കുത്തിരുന്ന ആ മാൎഗ്ഗമായി വെറക എടുത്തുംകൊണ്ട വലഞ്ഞ വന്നവൎക്ക അതിൽനിന്ന കുറെയ കടലയും വെള്ളവും കൊടുത്തവന്നു. അവര ആ കടല തിന്ന വെള്ളം കുടിച്ച ദാഹം തീൎത്ത അവന്ന ഓരൊരൊ വെറകകൊടുത്ത പൊയി. അന്ന കിട്ടിയ വെറക ഒക്കെയും വിററ ഉണ്ടായ പണംകൊണ്ട കടല വാങ്ങി ആ മരത്തിൻെറ കീഴെ വന്ന വെറക കൊണ്ടുവരുന്നവൎക്ക കൊടുത്തു അവന്ന അവർ ഓരൊരുത്തൻ ഓരൊ വെറക വീതം കൊടുത്ത പൊയിക്കൊണ്ട വന്നു. ഇങ്ങിനെ കുറയക്കാലം കഴിഞ്ഞ ശെഷം അവൻ വിസ്താരമായി വെറകുകൾ ചെൎത്ത കൂട്ടി അതൊക്കെയും വിററ കിട്ടിയ പണം എടുത്തുകൊണ്ട അവിടെയുള്ള വെറകുകളൊക്കെയും വാങ്ങി തൻെറ വീട്ടിലെക്ക കൊണ്ടുപൊയി വെച്ചു. എന്നാറെ ആ ദിവസം മുതൽ ൨ ദിവസം വരെ മഴകൊണ്ട ആ പട്ടണത്തിൽ എങ്ങും വെറക കിട്ടാതെ അവിടെയുള്ളവര ആ ബാലൻെറ അടുക്കൽ വന്നു. അവൻ ചെൎത്ത വെച്ചിരുന്ന വെറക ഒക്കെയും അധിക വിലക്ക വിററ വളരെ ദ്രവ്യം സമ്പാദിച്ചു. അതുകൊണ്ട ബുദ്ധിശാലിയായയവൻ വല്ല മുഖാന്തരവും സുഖപ്പെടും.

മഹിലാപുരം a city so called. ചന്ദ്രമുഖി the name of a Woman, signifying "*moon faced.*" സുമതി the name of a man, signifying "*well disposed.*" അഞ്ച വയസ്സ പ്രായമായപ്പൊൾ *when he became five years old.* ആശ്വസിപ്പിക്കുന്നു *to comfort, to treat kindly*, v. a. പാൎപ്പിക്കുന്നു *to cause to dwell*, causal form of പാൎക്കുന്നു *to dwell.* ബാലൻ *a child*, s. m. എഴുത്ത *the art of writing*, s. n. from എഴുതുന്നു *to write.* വായിപ്പ *the art of reading*, from വായിക്കുന്നു *to read.* കണക്ക *an account*, s. n. വിദഗ്ധൻ *a learned man*, s. m. കുണ്ഡിനപുരം *a city so called.* ധൎമ്മപാലൻ *the name of a man.* വൎത്തകൻ *a merchant*, s. m. അനുവാദം വാങ്ങുന്നു *to take leave.* നശിപ്പിക്കുന്നു *to destroy, to waste*, v. a. കൊമട്ടി *a Komaty.* അല്പംപൊലും *even a little.* ചത്തകൊററി *a dead bandy coot.* ചത്ത *dead*, past rel. part. of ചാകുന്നു *to die* and കൊററി *bandy coot*, s. n. പൂച്ചക്കുട്ടി *a Kitten.*

കരുതിയിരിക്കുന്നു *to be intended, purposed.* പിടി *an handful*, s. n. കടല *Bengal gram*, s. n. കൊടം *a pot*, s. n. ദെശം *a hamlet*, s. n. വെറക *firewood*, s. n. വലയുന്നു *to be wearied*, v. n. എങ്ങും *any where*, adv. ചെക്കുന്നു *to collect*, v. a. വല്ലമുഖാന്തരവും *by any means*, adv.

൩൫ാം കഥ.

പൂൎവ്വകാലത്തിങ്കൽ ഹിരണ്യകശിപു എന്ന ഒരു അസുരൻ രാജ്യപരിപാലനം ചെയ്തു വന്നിരുന്നു. അവൻ ദെവത്വം ലഭിക്കെണമെന്നുള്ള വിചാരത്താൽ ബ്രഹ്മാവിനെ കുറിച്ചു ഏറിയ സഹസ്ര വൎഷം തപസ്സു ചെയ്താറെ ബ്രഹ്മാവു അവന്നു പ്രത്യക്ഷമായി നിനക്കു ഏതു വരം വെണമെന്നു ചൊദിക്ക എന്നു കല്പിച്ചപ്പൊൾ ആ അസുരൻ ആ ദെവനെ നൊക്കി സ്വാമി ദെവകളാലും മനുഷ്യരാലും മൃഗങ്ങളാലും ഇനിക്കു മരണം സംഭവിക്കാതെയിരിപ്പാൻ തക്കവണ്ണം അനുഗ്രഹിക്കെണമെന്നു അപെക്ഷിച്ചാറെ അങ്ങിനെ തന്നെ എന്നു അനുഗ്രഹിച്ചു ബ്രഹ്മാവു തന്റെ ലൊകത്തിലെക്കു പൊകയും ചെയ്തു. അതിന്റെ ശെഷം ആ രാക്ഷസൻ രാജ്യത്തുള്ള പ്രജകളെ ഒക്കയും വരുത്തി തന്നെ ഒഴികെ മററ ആരെയും പൂജിക്കരുതെന്നു നിൎബ്ബന്ധിച്ചു ദിവസം പ്രതി അവരാൽ താൻ പൂജിക്കപ്പെട്ടു ദെവബ്രാഹ്മണരെ ഹിംസിപ്പിച്ചും വിഷ്ണുഭക്തന്മാരെ പീഡിപ്പിച്ചും വരുമ്പൊൾ അവന്നു നാലു പുത്രന്മാരുണ്ടായി. അവരിൽ പ്രഹ്ലാദനെന്നവൻ രാവും പകലും വിഷ്ണുവിനെ പൂജിച്ചുകൊണ്ടു വന്നു. അതുകൊണ്ടു ആ രാക്ഷസൻ തന്റെ മകനെ അടുക്കൽ വിളിച്ചു തനിക്കു വൈരിയായിരിക്കുന്ന വിഷ്ണുവിനെ പൂജിക്കെണ്ടാ എന്നു നയമായിട്ടും ഭയമായിട്ടും എത്ര തന്നെ പറഞ്ഞിട്ടും കെൾക്കാതെ ലൊകെശ്വരനായ വിഷ്ണുവിനെ പൂജിക്കുകയല്ലാതെ മററ ആരെയും പൂജിക്കുകയില്ലെന്നു പറഞ്ഞ പുത്രനൊടു കൊപിച്ചു എടൊ നിനക്കു ഇപ്രകാരമുള്ള ദുൎബ്ബുദ്ധികൾ പഠിപ്പിച്ചു തന്ന വിഷ്ണു എവിടെ വസിക്കുന്നുവൊ അതു പറഞ്ഞാൽ ൧ രം ക്ഷണത്തിൽ തന്നെ അവനെ പിടിച്ചു കൊന്നുകളയാമെന്നു പറഞ്ഞു ആ അസുരൻ അട്ടഹാസം ചെയ്തപ്പൊൾ അങ്ങുന്നെ വിഷ്ണു വസിക്കുന്ന സ്ഥലം വിചാരിപ്പാൻ കഴിയുമൊ അവൻ എല്ലാ എടത്തും ഉണ്ടെന്നു പറഞ്ഞു. അന്നെരം ആ സഭാമദ്ധ്യത്തിങ്കൽ നവരത്ന ഖചിതമായിട്ടുള്ള തൂണിനെ കാണിച്ചു ഇതിൽ ഉണ്ടൊ എന്നു ഹി

രണ്യകശിപു ചൊദിച്ചാറെ ഉണ്ടെന്ന പ്രഹ്ലാദൻ പറഞ്ഞു. അതിന്റെ ശെഷം അവൻ എത്രയും ദ്വെഷ്യത്തൊടെ കണ്ണുകൾ ചുവപ്പിച്ച പല്ലുകൾ ഞെരിച്ച ആ സ്തംഭത്തിന്മെൽ ഉള്ളം കൈകൊണ്ട അടിച്ചപ്പൊൾ സ്തംഭം പിളൎന്ന അതിൽനിന്ന സിംഹമുഖവും മനുഷ്യശരീരവുമായിട്ട വിഷ്ണു ശത്രുഭയങ്കരനായിട്ട പുറത്ത വന്ന ആ ദുഷ്ടരാക്ഷസനെ പിടിച്ച വയറ കീറി ചൊര അത്രയും കുടുകുടുക്കനെ കുടിച്ച അവനെ കൊന്ന തന്റെ ഭക്തനായ പ്രഹ്ലാദനെ രക്ഷിച്ചു. അതുകൊണ്ട വിഷ്ണുവിനെ വിശ്വസിച്ചവൎക്ക ഒരുനാളും കുറവ വരികയില്ല.

ഹിരണ്യകശിപു the name of a Giant. അസുരൻ a Giant or demon of Hindoo Mythology. ദെവത്വം *Divinity, the divine nature*, s. n. ബ്രഹ്മാവ *Brahma.* ഏറിയ *many*, adv. സഹസ്രം *thousand.* num. വൎഷം *a year*, s. n. തപസ്സ ചെയ്യുന്നു *to perform penance.* പൂജിക്കുന്നു *to worship*, v. a. വിഷ്ണുഭക്തൻ *a worshipper of Vishnoo*, s. m. പീഡിപ്പിക്കുന്നു *to oppress, torment*, v. a. പ്രഹ്ലാദൻ *the name of a man.* രാവും പകലും *night and day.* വൈരി *an enemy*, s. m. നയമായിട്ട *with kindness*, adv. ലൊകെശ്വരൻ *the lord of the world*, s. m. അട്ടഹാസം *defiance*, s. n. വിവരിക്കുന്നു *to describe*, v. a. ഖജിതം *inlaid*, adj. തൂണ *a Pillar*, s. n. ചുവപ്പിക്കുന്നു *to make red*, v. a. ഞെരിക്കുന്നു *to crush, to quash.* ഉള്ളംകൈ *the bottom of the hand*, s. n. പിളരുന്നു *to be split*, v. n. കീറുന്നു *to tear*, v. a. കുടുകുടുക്കുന്നു *to make gargling noise.* അത്രയും *altogether*, adv. കുറവ *disgrace, degradation*, s. n.

൩൩ാം കഥ.

വിന്ധ്യപൎവ്വതത്തിന്ന സമീപം ഒരു പെരാല വൃക്ഷത്തിന്മെൽ ഒരു പെൺകിളിയും ഒരു ആൺകിളിയും വാസം ചെയ്തുകൊണ്ടിരുന്നു. ആ രണ്ടിന്നും രാമക്കിളിയെന്നും ലക്ഷ്മണകിളിയെന്നും രണ്ട കുട്ടികൾ ഉണ്ടായി. അവിടെ ഒരു വെടൻ വന്ന വലയിട്ട ആ രണ്ട കുട്ടികളെയും പിടിച്ചുകൊണ്ടുപൊയി ഗൊദാപുരി തീരത്തിങ്കൽ ഒരു ബ്രാഹ്മണന്ന രാമക്കിളിയെ വിറ്റു ഒരു കശാപ്പുകാരന്ന ലക്ഷ്മണകിളിയെ വിറ്റു. അവരിരുവെരും ആ കിളിക്കുട്ടികളെ തങ്ങളുടെ വീടുകളിലെക്ക കൊണ്ടുപൊയി അവൎക്ക വാക്കുകൾ പഠിപ്പിച്ച ബഹു പ്രിയമായി വളൎത്തുകൊണ്ടിരുന്നു. അപ്പൊൾ അവയുടെ മാതാപിതാക്കളായ

വൃദ്ധക്കിളികൾ തങ്ങടെ കുട്ടികളെ കാണാതെ വ്യസനപ്പെട്ട ഒന്നും തൊന്നാതെ കുറെ ദിവസങ്ങൾ കഴിച്ചുവന്നു. പിന്നെ തങ്ങടെ കുട്ടികളെ തിരയെണമെന്ന ആരംഭിച്ച തങ്ങൾ വാസം ചെയ്യുന്ന സ്ഥലം മുതൽക്കൊണ്ട മലകളിലും കാടുകളിലും വൃക്ഷങ്ങളിലും കൊളങ്ങളിലും തറകളിലും കിണറുകളിലും ഇറങ്ങത്തക്ക കിണറുകളിലും ചെറകളിലും പുഴകളിലും തൊട്ടങ്ങളിലും തൊടികളിലും വീടുകളിലും ക്ഷെത്രങ്ങളിലും മാളികകളിലും മെടകളിലും ഇങ്ങിനെ തിരഞ്ഞ കുറയക്കാലം കൊണ്ട ഗൊദാപുരി തീരത്തിങ്കലെക്ക എത്തി. അവിടെ ബ്രാഹ്മണൻെറയും കശാപ്പുകാരൻെറയും അടുക്കൽ കൌതുകമായ വാക്കുകൾ സംസാരിച്ചുകൊണ്ട കൂടുകളിലിരിക്കുന്ന കുട്ടികളെ കണ്ട മനസ്സിന്ന ആനന്ദം തൊന്നി ആ ബ്രാഹ്മണൻെറ അടുക്കൽ പൊയി അദ്ദെഹത്തിൻെറ പാദത്തിന്മെൽ വീണ അത തങ്ങടെ കുട്ടി എന്നുള്ള അൎത്ഥത്തെ അദ്ദെഹത്തിന്ന അറിയിച്ചു. അതിൻെറ ശെഷം ആ ബ്രാഹ്മണൻ ആ വൃദ്ധകിളികളെ ആദരിച്ച തൻെറ അടുക്കൽ കുറെയ ദിവസം പാൎപ്പിച്ച താൻ വളൎക്കുന്ന രാമകിളിയെയും ആ കശാപ്പുകാരന്ന ഏതാനും മുതൽ കൊടുത്ത വാങ്ങി ആ ലക്ഷ്മണക്കിളിയെയും രണ്ടും അവൎക്ക കൊടുത്തു. അതിൻെറ ശെഷം ആ വൃദ്ധക്കിളികൾ കുഞ്ഞങ്ങളൊട കൂടെ തങ്ങടെ വാസസ്ഥലത്തിലെക്ക എത്തി കുറയക്കാലം സന്തൊഷമായിരുന്ന മരണം പ്രാപിച്ചു. അതിൻെറ ശെഷം രാമക്കിളിക്കും ലക്ഷ്മണക്കിളിക്കും ഏകസ്ഥലത്തിൽ വാസം ചെയ്യുന്നതിന്ന ചെൎച്ചയില്ലാതെ വരികയാൽ രാമക്കിളി ആ സ്ഥലം വിട്ട കാതം വഴി അപ്പുറം ഉള്ള ഒരു മാവ വൃക്ഷത്തിന്മെൽ കൂട കെട്ടി വസിച്ചുകൊണ്ടിരിക്കുമ്പൊൾ ഗംഗാസ്നാനത്തിന്നായി പൊകുന്ന ഒരു ബ്രാഹ്മണൻ വെയിൽകൊണ്ട വലെഞ്ഞ ആ ലക്ഷ്മണക്കിളിയിരിക്കുന്ന മരത്തിൻെറ താഴെ ആശ്വസിപ്പാനായി വന്നവനെക്കണ്ട ലക്ഷ്മണക്കിളി മററുള്ള പക്ഷികളെ വിളിച്ച ഇതാ മനുഷ്യൻ വന്നിരിക്കുന്നു അവൻെറ കണ്ണുകൾ കൊത്തിപറിപ്പിൻ കഴുത്ത ഒടിപ്പിൻ ഭക്ഷിക്കാമെന്ന നിലവിളിച്ചു. ആ നിലവിളി കെട്ട ആ ബ്രാഹ്മണൻ അവിടെയിരിപ്പാൻ ഭയപ്പെട്ട ഓടി രാമക്കിളിയിരിക്കുന്ന വൃക്ഷത്തിൻെറ ചുവട്ടിൽ വന്നു. അവനെക്കണ്ട ആ കിളി മററുള്ള കിളികളെ വിളിച്ച ബ്രാഹ്മണൻ വലഞ്ഞ വരുന്നുണ്ട ഇളം കൊഴുന്തുകൾ ഒടിച്ച ഇടിൻ തണുപ്പായി കുത്തിരിക്കട്ടെ പഴങ്ങൾ പറിച്ചിടിൻ തിന്നട്ടെ എന്ന നിലവിളിച്ചത

കെട്ട ആ ബ്രാഹ്മണൻ സന്തൊഷിച്ച മുമ്പെ ഒരു കിളി കൊല്ലുവാൻ നിലവിളിച്ചു നീയിങ്ങിനെ നിലവിളിക്കുന്നത എന്തുകൊണ്ടെന്ന ചൊദിച്ചപ്പൊൾ ആക്കിളിയും ഞാനും ജ്യെഷ്ഠാനുജന്മാരാകുന്നു. എന്നാൽ ഞാൻ ബ്രാഹ്മണന്റെ ഗ്രഹത്തിൽ വളൎന്നു അവിടെ ബ്രാഹ്മണൻ നിത്യവും അതിഥി പൂജകൾ ചെയ്യുന്നത കണ്ടിരിക്കുന്നവനാണെ അതുകൊണ്ട എന്റെ ബുദ്ധിയിങ്ങിനെ പ്രവെശിച്ചു. മറ്റെക്കിളി കശാപ്പുകാരന്റെ അടുക്കൽ വളൎന്നു അവൻ ആടുകളെയും പശുക്കളെയും കൊല്ലുന്നവനാണെ അത കണ്ട വന്നിരുന്നതിനാൽ അതിന്റെ ബുദ്ധി അങ്ങിനെ പ്രവെശിച്ചു എന്ന രാമക്കിളി പറഞ്ഞു. അതുകൊണ്ട ദുൎമ്മാൎഗ്ഗികളായവൎക്ക ചെറുപ്പത്തിൽ ഉണ്ടായ ദുൎബ്ബുദ്ധി തന്നെ എന്നെന്നെക്കും നില്ക്കുന്നതല്ലാതെ അവര വലിയ്യായ ശെഷം ആ ദുൎബ്ബുദ്ധി മാറി നല്ല ബുദ്ധി ഉണ്ടാകയില്ല.

വിന്ധ്യപൎവ്വതം The Vindhya Mountain. പെരാല വൃക്ഷം *a banian tree*, s. n. പെണ്കിളി *a female parrot*, s. f. ആണ്കിളി *a male parrot*, s. m. വെടൻ *a hunter*, s. m. കശാപ്പുകാരൻ *a butcher*, s. m. ഒന്നും തൊന്നാതെ *without knowing what to think*, lit. *without any thing seeming to them*. തിരയുന്നു *to search*. v. a. സ്ഥലം മുതൽ ക്കൊണ്ട *beginning form the place*, s. n. തറ *a mound at the bottom of a tree*, s. n. ഇറങ്ങത്തക്ക കിണറ *a well with steps down to it*, lit. *a descending well*. തൊടി *compound of a house*, s. n. മാളിക *a mansion, a palace*, s. n. കൌതുകമായ *prattling*, adj. ചെൎച്ച *agreement*. ഏകസ്ഥലത്തിൽ വാസം ചെയ്യുന്നതിന്ന ചെൎച്ചയില്ലാതെ *not being suited to live together*. കാതം *a Malabar league between five and six English miles*, s. n. കൊത്തുന്നു *to peck as a bird*, v. a. പറിക്കുന്നു *to pluck out*, v. a. കഴുത്ത *the neck*, s. n. ഒടിക്കുന്നു *to break*, v. a. ചുവട *the bottom*, s. n. ഇളം *young*, adj. കൊഴുന്ത *a tender leaf*, s. n. തണ്ണപ്പായി *coolly*, adv. കുത്തിരിക്കുന്നു *to sit down*, v. n. ജ്യെഷ്ഠാനുജൻ *elder and younger brothers*. ജ്യെഷ്ഠൻ *an elder brother*, s. m. അനുജൻ *a younger brother*, s. m. അതിഥി പൂജ *entertaining of guests, hospitality*, s. n. എന്നെന്നെക്കം *for ever and ever*, adv.

൩൭ാം കഥ.

വീരമഹെന്ദ്രനെന്ന രാജാവിന്റെ അടുക്കൽ ഉണ്ടായിരുന്ന ഏറിയ വിദ്വാന്മാരിൽ ഭൎജ്ജുനനെന്നവൻ തൎക്ക വ്യാകര

ന്നാദി ശാസ്ത്രങ്ങൾ പഠിച്ചിട്ടുള്ളവനെന്ന വരികിലും അവന്ന ലൌകികം നന്നായി അറിഞ്ഞുകൂടാ. മററുള്ള വിദ്വാന്മാര ഒക്കയും ശാസ്ത്രങ്ങൾ നന്നായി പഠിച്ചിട്ടില്ലെന്ന വരികിലും ലൌകികം നന്നായി ഗ്രഹിച്ചിരിക്കുന്നവരാകകൊണ്ട ശാസ്ത്രങ്ങൾ പഠിച്ചവരെപ്പോലെ സദാനെരവും രാജാവിനൊട സംസാരിച്ചുകൊണ്ടിരിക്കും. ഭജ്ഞൂനനെന്നവൻ ബഹു സാത്വീകനാകകൊണ്ട രാജാവ ചൊദിച്ചതിന്ന ഉത്തരം പറകയല്ലാതെ വൃഥാവാക്കുകൾ പറകയില്ല. രാജാവ എല്ലാ ശാസ്ത്രങ്ങളും വായിച്ചിരിക്കുന്നവനാകകൊണ്ട ഭജ്ഞൂനനെന്നവൻ എല്ലാവരിലും ശ്രെഷ്ഠനെന്നറിഞ്ഞ അവനെ പ്രിയമായി നടത്തി വന്നിരുന്നു. അത കണ്ട ശെഷം ഉള്ള വിദ്വാന്മാര അസൂയപ്പെട്ട രാജാവിനൊട ഭജ്ഞൂനന്റെ മെൽ ദൂറ പറഞ്ഞ തുടങ്ങി. രാജാവ വിവെകിയാകകൊണ്ട അവര എത്ര തന്നെ ദൂറ പറഞ്ഞാലും കെൾക്കാതെ ഭജ്ഞൂനനെ ബഹു ഗണ്യമായി നടത്തി വന്നു. അതിന്റെ ശെഷം ആ വിദ്വാന്മര എല്ലാവരും കൂടി ആലൊചിച്ച രാജാവിന്റെ കൊവിലകത്ത പടിവാതുക്കൽ ഉള്ള ദ്വാരപാലകന്മാൎക്ക കൊഴ കൊടുത്ത ഭജ്ഞൂനന്ന കൊവിലകത്തിന്റെ ഉള്ളിലെക്ക പൊകുന്നതിന്ന പാടില്ലാതെയാക്കി. ഇപ്രകാരം നാലഞ്ച ദിവസം കഴിഞ്ഞാറെ രാജാവ വിദ്വാന്മാരെ നൊക്കി ഭജ്ഞൂനൻ നാലഞ്ച ദിവസമായിട്ട എന്തുകൊണ്ട വരുന്നില്ലാ എന്ന ചൊദിച്ചതിന്ന ആ സംഗതി ഞങ്ങൾക്കും അറിഞ്ഞുകൂടാ നാളെ അറിഞ്ഞ വന്ന ഉണൎത്തിക്കാമെന്ന പറഞ്ഞ പിറെറ ദിവസം രാജാവിനെ നൊക്കി തിരുമെനീ ഭജ്ഞൂനന്ന ശരീര സൌഖ്യമില്ല. പനി വന്നിരിക്കുന്നു എന്ന പറഞ്ഞപ്പൊൾ രാജാവ തന്റെ അടുക്കലുള്ള വൈദ്യരെ വിളിച്ച ഭജ്ഞൂവിന്ന പനി വന്നിരിക്കുന്നുപൊൽ നിങ്ങൾ പൊയി നൊക്കി ഔഷധം കൊടുത്ത വരികാ എന്ന കല്പിച്ചയച്ചു. ആ വിദ്വാന്മാര ആ വൈദ്യൎക്കും കയ്ക്കൂലി കൊടുത്ത തങ്ങടെ കൂട്ടത്തിൽ ചെൎത്തു. അതിന്റെ ശെഷം ആ വൈദ്യന്മാര ദിവസം പ്രതി രാജാവിന്റെ അടുക്കൽ വന്ന ഭജ്ഞൂനന്ന ഒരു ദിവസം ദീനം ഭെദം ഉണ്ടെന്നും മറെറാരു ദിവസം ഭെദമില്ലെന്നും പിന്നെയൊരു ദിവസം ദീനം കടുപ്പമായിരിക്കുന്നു എന്നും പറഞ്ഞുകൊണ്ടു വന്നു. ഇപ്രകാരം ഏറിയ ദിവസം കഴിഞ്ഞശെഷം ഒരുനാൾ രാജാവ ഭജ്ഞൂനനെക്കണ്ട വരെണമെന്ന വെച്ച പല്ലക്കിൽ കെറി പുറപ്പെട്ടുമ്പൊൾ ആ വിദ്വാന്മാരിൽ ചിലര വളരെ വിഷാദത്തൊടെ രാജാവിന്റെ അടുക്കൽ വന്ന തിരുമെനീ ഭ

ജ്ജൂനൻ ഇപ്പൊൾത്തന്നെ മരിച്ചുപൊയി എന്ന പറഞ്ഞപ്പൊൾ രാജാവ നന്നെ വ്യസനാക്രാന്തനായി മരിച്ചുപൊയ ഭജ്ജൂനനെ എങ്കിലും നൊക്കിവരെണമെന്ന വെച്ചപുറപ്പെട്ടപ്പൊൾ തിരുമെനീ രാജ്യപരിപാലനം ചെയ്യുന്ന തങ്ങൾ മരിച്ചുപൊയവരെക്കാണുന്നത യുക്തമല്ലെന്ന വിദ്വാന്മാര പറഞ്ഞു. അവരുടെ വാക്ക തള്ളുന്നതിന്ന പാടില്ലാതെ രാജാവ തന്റെ കൊവിലകത്തെക്ക പൊയി ഭജ്ജൂനന്റെ മരണത്തെക്കുറിച്ച വളരെ ദുഃഖിച്ച വന്നു. ആ വിദ്വാന്മാര ക്രമെണ രാജാവിന്റെ മനസ്സിലുള്ള വിഷാദത്തെ പൊക്കിയ ശെഷം ഭജ്ജൂനൻ വിദ്വാന്മാര എല്ലാവരും തന്നൊട ചെയ്യിരിക്കുന്ന കൃത്രിമങ്ങൾ അത്രയും അറിഞ്ഞ ഒരു ദിവസം രാജാവ പട്ടണത്തിന്ന പുറത്ത വന്ന സമയം നൊക്കി ആരും അറിയാതെ വഴിയിൽ ഒരു ഇത്തിമരത്തിന്മെൽ കുത്തിരുന്നു. അതിന്റെ ശെഷം ആ രാജാവ ആ മരത്തിന്റെ സമീപം വന്നാറെ ഹെ മഹാരാജാവെ ഈ വിദ്വാന്മാര എല്ലാവരും എന്നൊട ദ്വെഷം കൊണ്ട ഇനിക്ക തങ്ങടെ തിരുമുമ്പാകെ വരുന്നതിന്ന പാടില്ലാതെ ആക്കി ഞാൻ മരിച്ചുപൊയി എന്ന തങ്ങളൊട വ്യാജമായി ഉണൎത്തിച്ചു എന്നെ രക്ഷിക്കെണമെ എന്ന ഉറക്കെ നിലവിളിച്ചു. അപ്പൊൾ വിദ്വാന്മാര അടുക്കൽ ഉണ്ടായിരിക്കകൊണ്ട അവന്റെ വാക്കുകൾ രാജാവ കെൾക്കാതെയിരിപ്പാനായി തങ്ങൾ എന്തൊ അവനെ ആശീൎവ്വദിക്കുന്നവരെപ്പൊലെ ഉച്ചത്തിൽ മന്ത്രങ്ങൾ പറഞ്ഞ തുടങ്ങി. രാജാവ ആ വാക്കുകൾ കെട്ട ഇത ഭജ്ജൂവിന്റെ വാക്കുകൾ പൊലെയിരിക്കുന്നു എന്തെന്ന അന്വെഷിച്ചപ്പൊൾ പിന്നെയും ഭജ്ജൂ രാജാവിനെ വിളിച്ച തന്റെ വൎത്തമാനങ്ങൾ പറഞ്ഞു. അപ്പൊൾ ആ വിദ്വാന്മാര രാജാവിനെ നൊക്കി ഹെ മഹാരാജാവെ ഭജ്ജൂനൻ മരിച്ച പിശാചായി ഈ ഇത്തിമരത്തിന്മെൽ വന്നിരിക്കുന്നു അവന്റെ വാക്കുകൾ കെൾക്കെണ്ടാ എന്ന പറഞ്ഞ പിശാചസംഭാഷണപീഡാപരിഹാരാൎത്ഥമായി അദ്ദെഹത്തിന്ന ഭസ്മം ജപിച്ച കൊടുത്തു. അതിന്റെ ശെഷം ഭജ്ജൂനന്ന രാജാവിനൊട സംസാരിക്കെണ്ടതിന്ന സമയം കിട്ടാതെ പൊയി. അതുകൊണ്ട രാജാക്കന്മാരുടെ അടുക്കൽ അല്പമായി വിദ്വാന്മാരുണ്ടായിരുന്നാൽ പ്രാപ്തിയുള്ള വിദ്വാന്മാരെ ചെരുവാൻ അയക്കയില്ല.

വീരമഹെന്ദ്രൻ and ഭജ്ജൂനൻ are proper names. തൎക്കവ്യാകരണാദിശാസ്ത്രങ്ങൾ *Logic, grammar, and the other sciences.* തൎക്കം *logic,*

s. n. വ്യാകരണം Grammar, s. n. ആദി etc. for the use of this term vide Grammar para. 33. പരികിലും *although.* ലൌകീകം *worldly knowledge,* s. n. സാത്വീകൻ *sincere,* adj. വൃഥാ *vain,* adj. ഗണ്യമായി നടത്തുന്നു *to treat with respect and esteem,* v. a. ദ്വാരപാലകൻ *a porter,* s. m. കൊഴ *a bribe,* s. n. പൊൽ an indeclinable particle signifying "it is said" "it is reported." കൈക്കൂലി *a bribe,* s. n. ദീനം *sickness,* s. n. ഭെദം *difference, an alteration for the better.* ദീനം ഭെദം ഉണ്ട *he is some what convalescent.* കടുപ്പം *severe,* adj. തള്ളുന്നു *to confute* v. a. ആരും അറിയാതെ *without the knowledge of any one.* ഇത്തിമരം *a banian tree,* s. n. ആശിൎവദിക്കുന്നു *to bless,* v. a. ഉച്ചത്തിൽ *loudly,* adv. മന്ത്രം *a mantram, an incantation, s. n.* പിശാച *the devil, a demon,* s. n. സംഭാഷണം *conversation,* s. n. പീഡ *pain, anguish,* s. n. പരിഹാരം *a remedy, a means of averting,* s. n. അൎത്ഥമായി *for the sake of,* adv. used with sanscrit nouns. ഭസ്മം *ashes,* s. n. ജപിക്കുന്നു *to mutter prayers,* v. a.

൯൭ാം കഥ.

സുഭദ്രപുരമെന്ന പട്ടണത്തിൽ മൂന്നുറ ഭവനങ്ങൾ ഉണ്ട. ആ ഭവനങ്ങളിൽ കുടിയിരിക്കുന്നവര എല്ലാവരും ബഹു ഭാഗ്യവാന്മാരാകകൊണ്ട മാളികകളും മെടകളും കെട്ടി എല്ലാ ദിവസവും അതിഥി പൂജകൾ ചെയ്യുംകൊണ്ട സുഖമായിരുന്നു. അയല്പക്കത്ത അസലൊഷ്ടൻ എന്ന ഒരു ബ്രാഹ്മണനുണ്ടായിരുന്നവൻ വളരെ ദരിദ്രൻ. അവന്ന പുത്രന്മാരും മരുമക്കളും പൌത്രന്മാരും പുത്രികളും അനെകം ഉണ്ടായിരുന്നു. അവൻ ദിവസംപ്രതി ആ മൂന്നുറ വീടുകളിലെക്ക പൊയി ഭിക്ഷയെടുത്തുകൊണ്ട മൂന്നാം യാമത്തിൽ വീട്ടിൽ വന്ന ഭക്ഷണം കഴിക്കും. ഇപ്രകാരമിരിക്കുമ്പൊൾ ഒരു ദിവസം പാൎവ്വതിദെവിയും പരമെശ്വരനും ആകാശമാൎഗ്ഗെ സഞ്ചരിച്ച ആ ഗ്രാമത്തിന്ന ശരിയായി വന്ന നിന്ന അവിടെ ആ മൂന്നുറ ഗൃഹക്കാരും ഭാഗ്യവാന്മാരായിരിക്കെ ഒരു ഗൃഹക്കാരൻ മാത്രം ദരിദ്രനായി അന്ന വസ്ത്രത്തിന്നില്ലാതെ കഷ്ടപ്പെടുന്നത കണ്ട ആ ബ്രാഹ്മണന്ന ഭാഗ്യം കൊടുക്കെണമെന്ന പാൎവ്വതിദെവി പരമെശ്വരനൊട പറഞ്ഞാറെ അദ്ദെഹം ചിരിച്ച ൟ ബ്രാഹ്മണൻ ബഹു ദുഷ്ടൻ ഇവന്ന നാം ഭാഗ്യം കൊടുത്തു എങ്കിൽ ഇവൻ സന്തൊഷിക്കയില്ല ൟ പട്ടണത്തിലുള്ള പ്രജകൾക്ക ഇവനാൽ കെട ഭവിക്കുമെന്ന പറഞ്ഞു. ആ വാക്കുകൾ കെട്ട അ

വന്ന ഏതുപ്രകാരമെങ്കിലും ഭാഗ്യം കൊടുക്കെണമെന്ന പാൎവ്വതിദെവി അധികമായി നിൎബ്ബന്ധിച്ചപ്പൊൾ പരമെശ്വരൻ നല്ലതെന്ന പറഞ്ഞ പാൎവ്വതിദെവിയൊട കൂടെ ഭൂമിയിൽ ഇറങ്ങി. അപ്പൊൾ ആ ബ്രാഹ്മണൻ അവിടെ ഭിക്ഷയെടുത്തും കൊണ്ട അരിയും പയറും ഉഴുന്നും തുവരയും ഉപ്പും മുളകും പുളിയും കുരുമുളകും കടുകും ചീരകവും വെന്തയവും കായ്ക്കറികളും ഇവയെല്ലാം തുണിയുടെ തലക്കൽ ചെറിയ ചെറിയ കിഴിയായി കെട്ടി ചുമലിൽ ഇട്ടുകൊണ്ട പൊരിയുന്ന വെയിലിൽ കാൽ ചുട്ട കഠിനമായി വിയൎത്ത ദീൎഘശ്വാസം വിട്ടും കൊണ്ട വന്നാറെ പരമെശ്വരൻ അവനെ വിളിച്ച ഹെ നീ എന്തിനായിട്ട ഇങ്ങിനെ കഷ്ടപ്പെടുന്നു ഞാൻ നിനക്ക ഒരു രത്നം തരാം നീ ആ രത്നത്തെ പൂജിച്ചുവെങ്കിൽ നിന്റെ അഭീഷ്ടങ്ങളൊക്കെയും സിദ്ധിക്കും അതുകൊണ്ട നിനക്ക സിദ്ധിക്കുന്നതിനെക്കാൾ അധികം രണ്ടിരട്ടി ഒരൊ മുന്നൂറ ഗ്രഹക്കാൎക്കും സിദ്ധിക്കുമെന്ന പറഞ്ഞ അവന്റെ കയ്യിൽ ഒരു രത്നം കൊടുത്ത അന്തൎദ്ധാനമായി. ആ ബ്രാഹ്മണൻ ആ രത്നത്തെ വാങ്ങിക്കൊണ്ട വീട്ടിലെക്ക വന്ന സ്നാനം ചെയ്തു അതിനെ പൂജിച്ച തനിക്ക നൂറ പറ നെല്ലും പത്ത പറ പയറും നൂറ പശുക്കളും സ്വൎണ്ണമാളികയും വെണമെന്ന പ്രാൎത്ഥിച്ചു അന്ന രാത്രി അവൻ പ്രാൎത്ഥിച്ചതൊക്കെയും സിദ്ധിച്ചു. അയല്പക്ക ഗ്രഹക്കാര എല്ലാവൎക്കും അവന സിദ്ധിച്ചതെക്കാൾ അധികം രണ്ടിരട്ടി ഉണ്ടായ്യ കണ്ട ഒരൊ ബ്രാഹ്മണന്ന അസൂയ വന്ന തനിക്ക ഭാഗ്യം വന്നതിനെ കുറിച്ച സന്തൊഷമില്ലാതെ അയലൊക്കക്കാൎക്ക മുമ്പെത്തെക്കാൾ അധികം ഭാഗ്യം വന്നു എന്ന വെച്ച നന്നെ വിഷാദിച്ച പിന്നെയും ആ രത്നത്തെ പൂജിച്ച തനിക്ക തലെ ദിവസം സിദ്ധിച്ചതൊക്കെയും തീ എരിഞ്ഞുപൊകെണമെന്ന പ്രാൎത്ഥിച്ചു. അപ്രകാരം തന്നെ അവന്റെ വസ്തുക്കളെല്ലാം തീപ്പിടിച്ചുപൊയി അപ്പൊൾ അവന്റെ അയലൊക്കകാരുടെ ഗ്രഹങ്ങളും മാളിക മുതലായവ ഒക്കെയും എരിഞ്ഞ അവകളിലുള്ള പ്രജകളെല്ലാം മരിച്ചാറെ ആ ബ്രാഹ്മണന്റെ ഹൃദയം കുളുൎന്നു. പിന്നെ കുറയ ദിവസം കഴിഞ്ഞ രണ്ടാമതും പാൎവ്വതിയും പരമെശ്വരനും അവിടെക്ക വന്ന ആ ബ്രാഹ്മണന്റെ ഹെതുവാൽ പ്രജകൾക്ക സംഭവിച്ച നഷ്ടത്തെ അറിഞ്ഞ അവന്റെ വശം ഉണ്ടായിരുന്ന രത്നത്തെ തിരിയെ വാങ്ങി ആ മുന്നൂറ ഗ്രഹക്കാരെയും ജീവിപ്പിച്ച മുമ്പെത്തെ പ്രകാരം സുഖമായിരിക്കത്തക്കവണ്ണം ആക്കിപ്പൊകയും ചെയ്തു. ആ

ബ്രാഹ്മണൻ എപ്പൊഴത്തെപൊലെ ഭിക്ഷയെടുത്തുംകൊണ്ടിരുന്നു. അതുകൊണ്ട ഒരുത്തന്റെ സുഖത്തെ സഹിക്കാത്തവര ഒരുനാളും വൃദ്ധിയാകയില്ല.

സുഭദ്രപുരം the name of a city. മുന്നൂറ *three hundred.* ഭവനം *a house,* s. n. അസലൊഷ്ഠൻ the name of a man. യാമം *the eighth part of a day, a watch,* s. n. ഭക്ഷണം കഴിക്കും fut. tense of കഴിക്കുന്നു used in an aorist sense. പാൎവ്വതി the Goddess Parvati, s. f. പരമെശ്വരൻ a name of Shiva. ഇരിക്കെ when it was, this term is frequently used instead of ഇരിക്കുമ്പൊൾ അരി *unboiled rice,* s. n. പയറ *peas,* s. n. ഉഴുന്ന *pulse,* s. n. തൊവര *Dholl gram,* s. n. മുളക *chillies,* s. n. പുളി *tamarind fruit.* കുരുമുളക *pepper,* s. n. കടുക *mustard,* s. n. ചീരകം *Cumin,* s. n. വെന്തയം *an article used in making curry,* s. n. കായ്കറികൾ *Vegetables,* s. n. കിഴി *any thing tied up in a cloth,* s. n. ഇവയെല്ലാം തുണിയുടെ തലക്കൽ ചെറിയ ചെറിയ കിഴിയായി കെട്ടി *having tied up all these things in small parcels in the end of his cloth.* ചുമൽ *shoulder,* s. n. പൊരിയുന്നു *to be panted,* v. n. ചുടുന്നു *to burn, to boil,* v. a. വിയൎക്കുന്നു *to perspire,* v. n. ദീഘശ്വാസം *a long breath,* s. n. രത്നം a gem, s. n. അഭീഷ്ടം *a wish,* s. n. രണ്ടെരട്ടി *twice as much.* അന്തൎദ്ധാനമാകുന്നു *to become invisible,* v. n. പറ *a parah, a measure in use in Malabar.* നെല്ലു *rice in the husk,* s. n. തലെ ദിവസം *the previous day.* തീ *fire,* s. n. എരിയുന്നു *to burn,* v. n. കുളിരുന്നു *to be cool,* v. n. വൃദ്ധിയാകുന്നു *to be increased, to prosper,* v. n.

൨൯ാം കഥ.

വിശാലപുരമെന്ന പട്ടണത്തിൽ ഒരു രാജാവ നീതി തെറ്റാതെയും വാക്ക തെറ്റാതെയും രാജ്യഭാരം ചെയ്തുകൊണ്ട വരുമ്പൊൾ അവന്റെ ശത്രുക്കളായ രാജാക്കന്മാര അവനൊട യുദ്ധത്തിന്ന വന്ന പട്ടണം വളഞ്ഞു. അവരെ പൊരുതു ജയിക്കുന്നതിന്ന ശക്തിയില്ലാതെ ആ രാജാവ മന്ത്രിയൊടകൂടെ പട്ടണം വിട്ട പുറപ്പെട്ട കാട്ടിൽ പൊയി ചെന്നു. ശത്രുക്കളുടെ ഭയം കൊണ്ട ഒരെടത്തും നില്ക്കാതെയും മുള്ളുകളിലും കല്ലുകളിലും നടക്കുന്നതിന്ന വഹിയാതെയും വിശപ്പ ദാഹം ഇവകളാൽ വലഞ്ഞ ഏതും തൊന്നാതെയും വ്യസനാക്രാന്തനായി ഒരു തടാക തീരത്തിങ്കൽ കുറയ നെരം ഇരുന്ന ഇത്ര കഷ്ടകാലത്തിങ്കൽ

കൂടി തന്നെ പിരിയാതെ ഒരുമിച്ച വന്നുകൊണ്ടിരിക്കുന്നമന്ത്രി യെ നൊക്കി കണ്ണുനീരുകൾ ഒലിപ്പിച്ചും കൊണ്ട പറഞ്ഞത എന്തെന്നാൽ ഹെ മന്ത്രി നമ്മുടെ രാജ്യം പൊയി കുതിരകൾ ആനകൾ ഇവയില്ല രഥങ്ങൾ പൊയി പല്ലക്കുകൾ പൊയി ഇത്ര കഷ്ടങ്ങൾ സംഭവിച്ചതിനാൽ ഇനി ജീവിച്ചിരിക്കുന്നതി നെക്കാൾ വെള്ളത്തിൽ വീണൊ മലയുടെ മുകളിൽനിന്ന താഴ ത്തെക്ക ചാടിയൊ അഗ്നിയിൽ ചാടിയൊ മരിക്കുന്നത നല്ലത എന്ന വിചാരിക്കുന്നു എന്ന വ്യസനപ്പെട്ടപ്പൊൾ അത കെട്ട ആ മന്ത്രി രാജാവിനെ നൊക്കി അങ്ങുന്നെ കാലദൊഷത്താൽ നമ്മുടെ രാജ്യം പൊയി എന്ന വെച്ച നാം ഇപ്പൊൾ പ്രാണ നാശം ചെയ്യുന്നത കൊണ്ട സാധിക്കുന്നത ഒന്നും ഇല്ല നമു ക്ക ശത്രുക്കളായ രാജാക്കന്മാൎക്ക വിരൊധികൾ ഉണ്ട അവരൊ ട നാം സ്നെഹിച്ച സൈന്യം ചെൎത്ത വന്ന ഇനിയും യുദ്ധം ചെയ്തു ശത്രുക്കളെ അമൎത്ത നമ്മുടെ രാജ്യം വാങ്ങിക്കൊള്ളാം പൊയ രാജ്യം മടങ്ങി വരികയില്ലെന്ന എന്താകുന്നു നിശ്ചയം കറുത്ത വാവിൻ ദിവസം കലകൾ അത്രയും പൊയി ചന്ദ്രൻ ക്ഷയിക്കുന്നുവെല്ലൊ പിന്നെ വെളുത്ത പക്ഷത്തിൽ ആ ച ന്ദ്രൻ വൃദ്ധിയാകുന്നില്ലെ എന്നതുപൊലെ നമുക്ക നല്ല കാലം വ രുമ്പൊൾ ദൈവസഹായത്താൽ എല്ലാ കാൎയ്യങ്ങളും നന്നായി വരു മെന്ന പറഞ്ഞ ൟ വക വാക്കുകളാൽ രാജാവിന്റെ വ്യസനം കളഞ്ഞതിനാൽ അദ്ദെഹം സ്വസ്ഥ ചിത്തനായി ചെയ്യാനുള്ള പ്രയത്നങ്ങൾ ചെയ്തു അധികമായി സൈന്യങ്ങളെ ചെൎത്ത രണ്ടാമതും ശത്രുക്കളൊട യുദ്ധം ചെയ്തു അവരെ ഓട്ടിക്കളഞ്ഞ രാജ്യം സ്വീകരിച്ച പട്ടാഭിഷെകം ചെയ്തു മന്ത്രിയൊട കൂടെ സു ഖമായിട്ട രാജ്യം വാണുകൊണ്ട വന്നു. അതുകൊണ്ട രാജാക്ക ന്മാരുടെ അടുക്കൽ ബുദ്ധിമാന്മാരായ മന്ത്രികൾ ഉണ്ടായിരു ന്നാൽ രാജാക്കന്മാൎക്ക എത്ര ആപത്തുകൾ സംഭവിച്ചാലും അ തിന്ന തക്കതായ ഉപായങ്ങൾ വിചാരിച്ച ആ വക ആപത്തു കളെ നിവൃത്തിക്കും.

വിശാലപുരം *the name of a city*, s. n. വളയുന്നു *to surround*, v. a. മുള്ള *a thorn*, s. n. വിശപ്പ *hunger*, s. n. വലയുന്നു *to be wearied* v. n. വ്യസനാക്രാന്തനായി *seized with distress, overcome with distress.* പിരിയുന്നു *to separate from*, v. n. ഒലിപ്പിക്കുന്നു *to cause to flow*, v. a. രഥം *a chariot*. s. n. പല്ലക്ക *palanqueen*, s. n. മുകൾ *the upper part, ridge*, s. n. മലയുടെ മുകൾ *the ridge of a Hill.* അമൎക്കുന്നു *to*

put down, subdue, v. a. പൊയ രാജ്യം മടങ്ങിവരികയില്ലെന്ന എന്താകുന്നു നിശ്ചയം *what certainity is there that the kingdom which has been lost* (lit. *which has gone*) *will not be restored* (lit. *will not return.*) കറുത്ത വാവ *new moon*, comp^d. of കറുത്ത *black* and വാവ the change of the moon. Full moon is termed വെളുത്ത വാവ for the divisions of Malayalam time, vide Grammar paras. 206 to 213. കല *a digit of the moon's Diameter*, s. n. വെളുത്ത പക്ഷം *the light part of the month.* എന്നതുപൊലെ *thus, in this manner.* സ്വസ്ഥചിത്തൻ *of a happy mind*, adj. സ്വീകരിക്കുന്നു *to get under one's own possession*, v. a. പട്ടാഭിഷെകം *the coronation of a king*, s. n. നിവൃത്തിക്കുന്നു *to ward off*, v. a.

൭൦ാം കഥ.

കൃഷ്ണതീരത്തിങ്കൽ ഒരു പൂള വൃക്ഷത്തിന്മെൽ ഒരു കൊററി വാസം ചെയ്തുകൊണ്ടിരിക്കുമ്പൊൾ ആ വഴിയെ ഒരു ഹംസം പൊകുന്നതിനെ ആ കൊററി കണ്ടു ആ ഹംസത്തെ വിളിച്ചു നിന്റെ ശരീരമത്രയും എന്റെ ശരീരത്തെപ്പൊലെ വെളുത്തിരിക്കുന്നു കാൽകളും മൂക്കും മാത്രം ചുവന്നിരിക്കുന്നു ഞാൻ ഇതുവരെയും നിന്നെപ്പൊലെയുള്ള പക്ഷിയെ എവിടെയും കണ്ടിട്ടില്ല നീ ആര എവിടെനിന്ന വരുന്നു എന്ന ചൊദിച്ചപ്പൊൾ ഞാൻ ഹംസമാകുന്നു ബ്രഹ്മാവിന്റെ മാനസപൊയ്കയിൽ പാക്കുന്നു ഞാനവിടെ നിന്ന വരുന്നു എന്ന ഹംസം പറഞ്ഞു. അതിന്റെ ശെഷം അവിടെ എന്തെല്ലാം വസ്തുക്കൾ ഉണ്ടു അതിൽ എന്തെല്ലാമാകുന്നു നിനക്ക ആഹാരമെന്ന ആ കൊററി ചൊദിച്ചാറെ ഹംസം പറഞ്ഞത എന്തെന്നാൽ അവിടെയുള്ള വസ്തുക്കളെല്ലാം ദെയ്വനിമ്മിതമാകകൊണ്ടു അവിടുത്തെ വിശെഷങ്ങളെ വണ്ണിപ്പാൻ കഴികയില്ല എങ്കിലും അവിടെയുള്ള മുഖ്യ വസ്തുക്കളെ പറയുന്നു കെൾക്ക ആ പ്രദെശത്ത എവിടെ നൊക്കിയാലും സ്വൎണ്ണമയമായ ഭൂമികളും അമൃതിന്ന സമമായ വെള്ളവും സ്വൎണ്ണതാമര പൂക്കളും മുത്തുകളുടെ മണൽ കുമ്പൽകളും ആഗ്രഹിച്ചതിനെ സാധിപ്പിച്ചു കൊടുക്കുന്ന കല്പക വൃക്ഷങ്ങളും ഇപ്രകാരം ഉള്ള വിചിത്ര വസ്തുക്കൾ അനെകം ഉണ്ടു അവകളിൽ ഞങ്ങൾ സ്വൎണ്ണതാമരക്കിഴങ്ങുകൾ തിന്നുന്നവരാണെന്ന പറഞ്ഞപ്പൊൾ അവിടെ നത്ത കൂടുകൾ ഉണ്ടൊ എന്ന രണ്ടാമതും കൊററി ചൊദിച്ചാറെ ഇല്ലെന്ന ഹംസം പറഞ്ഞു. എന്നാറെ ആ കൊററി

ഹാ ഹാ എന്ന ചിരിച്ച മാനസസരസ്സു ബഹു രമണീയമാ യ സ്ഥലമെന്ന വളരെ സ്തോത്രം ചെയ്യുന്ന നത്ത കൂട്ടക ളില്ലാത്ത സ്ഥലം എന്ത സാരസ്യം ഉണ്ടാകും നിനക്ക അതി ന്റെ സാരസ്യം അറിയായ്കകൊണ്ട അവിടത്തെ വസ്തുക്കൾ ബഹു ശ്രെഷ്ഠമെന്ന നീ പറയുന്ന എന്ന പരിഹസിച്ചു. അ തുകൊണ്ട ആരായാലും തങ്ങൾക്ക ഇഷ്ടമായ വസ്തുക്കൾ എത്ര നികൃഷ്ടമായിരുന്നാലും ബഹു ഉൽകൃഷ്ടമായി വിചാരിക്കും ത ങ്ങൾക്ക ഇഷ്ടമല്ലാത്തത വളരെ ഉൽകൃഷ്ടവസ്തുക്കളായാലും നി കൃഷ്ടമായിട്ട തന്നെ വിചാരിക്കും.

ക്രിഷ്ണ *the river Kistna*, s. n. പട്ടുവൃക്ഷം *the silk cloth tree*, s. n. കൊറ്റി *a stork*, s. n. ഹംസം *a swan*, s. n. ചുവന്ന *red*, adj. മാനസ പൊയ്ക *the lake manas in the Himalaya mountains*, s. n. ദൈവനിർമ്മിതം *made by the deities*, adj. അവിട്ടത്തെ *of that place*, inflected form of അവിടം *that place*. വൎണ്ണിക്കുന്ന *to describe*, v. a. സ്വൎണ്ണമയമായ *made of gold*, adj. അമൃത *nectar*, s. n. താമരപ്പൂവ *the lotus flower*, s. n. കൂമ്പൽ *a heap*, s. n. കല്പകവൃക്ഷം *a fabulous tree in Indra's paradise, which is said to yield whatever is desired*, s. n. കിഴങ്ങ *bulbous root*, s. n. തിന്നുന്നവരാണ *we are in the habit of eating*, lit. *we are people who eat*, comp[d.] of തിന്നുന്ന pres. rel. part. of തിന്നുന്നു *to eat*. അവര *they* and ആണ *are* abbreviated form of ആകുന്നു *we are*. നത്ത *shell fish*, s. n. സാരസ്യം *sweetness, pleasantness*, s. n. നികൃഷ്ടം *base, vile*, adj. ഉൽകൃഷ്ടം *of great value*, adj.

ഹജ്ജികൾ കല്പനകൾ

മുതലായവ.

൧.

മലയാം പ്രവിശ്യയിൽ മഹാ രാജ ശ്രീ കലെക്കട്ടർ
സായ്പു അവർകളുടെ സന്നിധാനത്തിങ്കലെക്ക,
പാലക്കാട താലൂക്ക തഹശ്ശിൽദാർ ബൊധിപ്പിക്കുന്ന ഹർജി.

ൟ താലൂക്ക ശിരസ്ഥെദാർ ഉള്ളാട്ടിൽ ശങ്കരമെനൊന്റെ ഭവനത്തിൽ വരുന്ന മിഥുനമാസം ൨൫൹ ഒരു പെണ്ണെകട്ട കല്യാണം കഴിപ്പാൻ ആയാൾ വിചാരിച്ചിരിക്കുന്നു എന്നും അവിടെപ്പൊയി ആയടിയന്തിരം കഴിപ്പാനായി തനിക്ക ൟ എടവമാസം ൨൫൹ മുതൽ ഒരു മാസത്തെ കല്പന വെണമെന്നും ശിരസ്ഥെദാർ എന്നൊട അപെക്ഷിച്ചിരിക്കുന്നു. ൟ താലൂക്കിൽ ഇപ്പൊൾ അധികമായി പണികൾ ഇല്ലായ്കകൊണ്ടും ശിരസ്ഥെദാർ ഹാജരില്ലാത്ത സമയത്തിൽ അദ്ദെഹത്തിന്റെ ഉദ്യൊഗ സംബന്ധമായ പണികൾ നടത്തുവാൻ ൟ താലൂക്കിലെ ൧ാം ഗുമസ്ഥൻ കൊന്തിമെനൊൻ ശെഷിയുണ്ടാകകൊണ്ടും ശിരസ്ഥെദാരുടെ അപെക്ഷപ്രകാരം ഒരു മാസത്തെ കല്പന അദ്ദെഹത്തിന്ന കൊടുപ്പാനും കല്പന കഴിഞ്ഞ അദ്ദെഹം മടങ്ങിവരുന്നവരെ ആ പണി ൧ാം ഗുമസ്ഥൻ കൊന്തിമെനൊൻ നടത്തി വരുവാനും കല്പന ഉണ്ടാകെണമെന്ന ഞാൻ അപെക്ഷിക്കുന്നു എന്ന കൊല്ലം ൧൦൨൪ാമത എടവമാസം ൩൹ പാലക്കാട താലൂക്ക കച്ചെരിയിൽനിന്ന എഴുതിയ്ത.

1.

From the Tahseeldar of Palghaut Talook to the Collector of Malabar.

Ollatil Shangara Menon the Serishtadar of this Talook has represented to me that he wishes to obtain leave of absence for one month from the 25th. Instant, to enable him to proceed to his Village for the celebration of a marriage, which he intends to solemnize in his house on the $\frac{\text{25th of Mithoonom}}{\text{7th July}}$ next. As there is not much business in the Talook at present and Conty Menon the revenue head Goomastah is competent to transact the duties of the Serishtadar during his absence, I beg

to recommend that the Serishtadar's application may be complied with, and Conty Menon may be appointed to act for him until his return to duty upon the expiration of his leave.

Palghaut Talook Cutcherry
3rd Edavam. 1024.
4th May. 1849.

മലയാം *the District of Malabar* more properly termed മലയാളം പ്രവിശ്യ *the English word "Province" which is commonly made use of in official correspondence in Malabar.* സന്നിധാനം *the presence*, s. n. ഹൎജ്ജി *an address from an inferior to a superior, an Urzee.* താലൂക്ക ശിരസ്ഥെദാർ *the second revenue officer of a Talook, a Talook Serishtadar.* ഭവനം *a house*, s. n. മിഥുനമാസം *a month comprising part of June and part of July.* പെണ്ണെകെട്ടകല്ല്യാണം *a marriage ceremony*, s. n. അടിയന്തരം *a ceremony*, s. n. എടവമാസം *the month of May.* ൹ *the date*, abbrv. form of the word തിയ്യതി. കല്പന *leave*, lit. *an order*, s. n. പണി *business*, s. n. ഹാജരില്ലാത്ത സമയത്തിൽ *during the absence of the Seristadar*, comp^d. of ഹാജര *present.* ഇല്ലാത്ത rel. part. of the neg. verb ഇല്ല and സമയം *time.* അദ്ദെഹം *that individual*, lit. *that body.* ഉദ്ദ്യൊഗസംബന്ധമായ പണികൾ *the business appertaining to the office.* ഉദ്ദ്യൊഗം *an employment, office*, s. n. സംബന്ധമായ *belonging to, connected with.* adj. നടത്തുന്നു *to carry on*, v. a. ശെഷി *fitness, competency*, s. n. ഉണ്ടാകകൊണ്ട *as (he) has, as he possesses.* കല്പനകഴിഞ്ഞ *on the expiration of the leave.* lit. *the leave having passed by.* കഴിഞ്ഞ part. of കഴിയുന്നു *to pass time*, v. n. കൊല്ലം *a year*, s. n.

൨.

മലയാം പ്രവിശ്യയിൽ മഹാ രാജ ശ്രീ കലെക്കട്ടർ
സായ്പു അവർകൾ.

പാലക്കാട താലൂക്ക തഹശ്ശീൽദാൎക്ക എഴുതിയ കല്പന ആ താലൂക്ക ശിരസ്ഥെദാർ ഉള്ളാട്ടിൽ ശങ്കരമെനൊന്റെ വീട്ടിൽ വരുന്ന മിഥുനമാസം ൨൫൹ ഒരു പെണ്ണെകെട്ട കല്ല്യാണം ഉണ്ടാകുന്നതാകകൊണ്ട ആയടിയന്തരം കഴിപ്പാൻ വെണ്ടി ശിരസ്ഥെദാൎക്ക എടവം ൨൫൹ മുതൽ ഒരു മാസത്തെ കല്പനവെണമെന്നും ആയാൾ കല്പന വാങ്ങിയിരിക്കുന്ന സമയം ആയാളുടെ പണി ആത്താലൂക്ക ഹാം ഗുമാസ്ഥനെക്കൊണ്ട നട

ത്താമെന്നും എടവം ൩൹- താൻ എഴുതിയ ഹൎജി നാം വായി
ച്ചറികയും ചെയ്തു.

തന്റെ ഹൎജി പ്രകാരം ശിരസ്തെദാൎക്ക നാം ഒരു മാസത്തെക
ല്പന കൊടുത്തിരിക്കുന്നു ആയ്ത താൻ ശിരസ്തെദാരെ അറിയി
ച്ചുകൊൾകയും വെണം അത്രം കൂടാതെ ആയാൾ മടങ്ങിവരുന്ന
വരെ ആയാളുടെ പണികൾ ൧ാം ഗുമാസ്ഥൻ കൊന്തിമെനൊ
ൻ നടത്തുവാൻ നാം നിശ്ചയിച്ചിരിക്കകൊണ്ട ആയ്ത കൊന്തി
മെനവനെ അറിയിച്ച ശിരസ്തെദാർ മടങ്ങി വരുന്നവരെ
യും ജാഗ്രതയായി ആയാളെക്കൊണ്ട പണി നടത്തിക്കുകയും
വെണം. മെൽപ്പറഞ്ഞ ഒരു മാസത്തിൽ അധികമായ കല്പന
ശിരസ്തെദാൎക്ക കിട്ടുകയില്ലെന്നും അവധി കഴിയുന്ന ദിവ
സം തന്നെ പണിയിൽ വന്ന ഹാജരാകെണമെന്നും താൻ
ശിരസ്തെദാരൊട നല്ലവണ്ണം താക്കീതി ചെയ്കയും വെണം
എന്ന കൊല്ലം ൧൦൨൪ാമത എടവമാസം ൧൨൹- കൊഴിക്കൊട്ട
ഹജൂർക്കച്ചെരിയിൽനിന്ന എഴുതിയ്ത.

2.

From the Collector of Malabar to the Tahseeldar of Palghaut Talook.

I have received your Urzee dated the $\frac{\text{3rd. Edavam}}{\text{13th May}}$ requesting me to grant leave of absence for one month from the 25th. Instant to Ollatil Shangara Menon the Serishtadar of the Talook to enable him to celebrate a marriage at his house on the $\frac{\text{25th Mithunam}}{\text{7th July}}$ next, and stating that Conty Menon the head Goomastah of the Talook can transact the duties of the Serishtadar during the absence of that individual. In accordance with your request, I grant the Serishtadar one month's leave which you will communicate to him. I also appoint the head Goomastah Conty Menon to act for the Serishtadar during his absence. You will communicate this appointment to the latter, and see that he carefully conducts the duties of the office until the return of the Serishtadar. You will inform the Serishtadar that no extention of leave will be granted to him, and that he must return to his duties on the day upon which it expires.

Calicut, Collector's office }
$\frac{\text{12th Edavam.}}{\text{22nd May}}$ $\frac{\text{1024.}}{\text{1849.}}$ }

ഉണ്ടാകുന്നതാകകൊണ്ട *on account of there being.* ഉണ്ടാകുന്നത the verbal noun of ഉണ്ടാകുന്നു *to be,* and ആകകൊണ്ട *on account of* the word ആക, in this sentence is a redundency, but of common occurrence. കല്പന വാങ്ങുന്നു *to obtain leave,* v. a. അറിയിക്കുന്നു *to make known,* v. a. കിട്ടുകയില്ല *will not be obtained,* from കിട്ടുന്നു *to be obtained,* v. n. അവധി *time, fixed period,* s. n.

൩.

മലയാം പ്രവിശ്യയിൽ മഹാരാജശ്രീ കലെക്കട്ടർ സായ്പു അവർകളുടെ സന്നിധാനത്തിങ്കലെക്ക.

കൊഴിക്കൊട താലൂക്ക തഹശ്ശിൽദാർ ബൊധിപ്പിക്കുന്ന ഹൎജി ൟ താലൂക്കിൽ കസബാ അംശം അധികാരി പുല്ലൊളി ചാത്തുപ്പണിക്കര ൟ മാസം ൧൫നു രാത്രി നടപ്പുദീനത്താൽ മരിച്ചുപൊയപ്രകാരം ആ അംശം മെനൊൻ കൊമൻനായര ൧൬നു എഴുതിയ റിപ്പൊൎട്ട ഇന്ന പകൽ ൧൦ മണിക്ക ഇനിക്ക കിട്ടിയിരിക്കുന്നു ചാത്തുപ്പണിക്കരുടെ വക്കൽ ഉണ്ടായിരുന്ന സൎക്കാര വക മുതലും റിക്കാൎഡുകളും ആയാളുടെ അനന്തിരവൻ രാമപ്പണിക്കരുടെ കൈവശം ഇപ്പൊൾ ഇരിക്കുന്ന പ്രകാരം മെൽ എഴുതിയ റിപ്പൊൎട്ടിൽ കാണുകകൊണ്ടും രാമപ്പണിക്കര ൟ ഉദ്യൊഗത്തിന്ന ശെഷിയുണ്ടെന്ന ഞാൻ അറിഞ്ഞിരിക്കകൊണ്ടും ൟ കാൎയ്യം സന്നിധാനത്തിങ്കൽ അറിയിച്ചു ഒരു കല്പന ഉണ്ടാകുന്നവരെ രാമപ്പണിക്കര അധികാരിയുടെ പണി അക്ടിങ്ങായി നടന്ന വരുവാൻ ആയാൾക്ക ഞാൻ കല്പന കൊടുത്തിരിക്കുന്നു.

അതുകൊണ്ട മെൽ എഴുതിയ അധികാരിയുടെ പണിക്ക മെൽപ്പറഞ്ഞ രാമപ്പണിക്കരെ നിശ്ചയിപ്പാൻ കല്പനയാകെണമെന്ന ഞാൻ അപെക്ഷിക്കുന്നു എന്ന കൊല്ലം ൧൦൨൪ാമത വൃശ്ചികമാസം ൧൬നു കൊഴിക്കൊട്ട താലൂക്ക കച്ചെരിയിൽനിന്ന എഴുതിയ്ത.

3.

From the Tahseeldar of the Calicut Talook to the Collector of Malabar.

I have received this day at 10 A. M. a report dated 16th Instant from Koman Nair the Amsham Menon of the Kasbah Am-

sham of this Talook, informing me of the death on the night of the 15th Instant from an attack of cholera of Pulloli Cháthoo Panikar the Adhikári of the said Amsham.

It appears from the above report that the public money and records under charge of the deceased have been taken charge of by his nephew Ráma Panikar. As I consider this individual fit for the office, I have directed him to act as Adhikári until I receive your orders. I therefore beg to recommend that the above mentioned Ráma Panikar may be appointed to the situation referred to.

Calicut Talook Cutcherry }
17th Virchigam 1024 }
30th November 1848

കസബാ അംശം *the Kasbah Amsham, the division of a Talook in which are the head quarters of the Tahseeldar.* കസബാ *the head quarters of a Tahseeldar, where the Talook Cutcherry is located.* അംശം a division of a Talook. അധികാരി *an Adhikāri, a subordinate officer vested with authority both in the revenue and police departments in charge of an Amsham* നടപ്പുദീനം *cholera*, s. n. വക്കൽ *in possession of, in charge of*, post pos. സൎക്കാര *the Circar, the Government*, s. n. സൎക്കാരമുതൽ *the Government money, public money*, s. n. അനന്തിരവൻ *the next of kin*, s. m. കൈവശം *in the hands of*, post pos.

൨൰.

മലയാം പ്രവിശ്യയിൽ മഹാരാജശ്രീ കലെക്കട്ടർ
സായ്പു അവർകൾ.

കൊഴിക്കൊട താലൂക്ക തഹശ്ശീൽദാൎക്ക എഴുതിയ കല്പന. ആ താലൂക്കിൽ കസബാ അംശം അധികാരി പുല്ലൊളിചാത്തുപ്പണിക്കര മരിച്ചുപൊയിരിക്കുന്ന പ്രകാരവും ആയുദ്യൊഗത്തിന്ന ആയാളുടെ അനന്തിരവൻ രാമപ്പണിക്കരെ നിശ്ചയിപ്പാൻ കല്പന വെണമെന്നും ൪ം മാസം ൧൭നു– താൻ എഴുതിയ ഹൎജി നാം വായിച്ചറികയും ചെയ്തു.

തന്റെ ഹൎജിപ്രകാരം മെൽ എഴുതിയ രാമപ്പണിക്കരെ മെപ്പടി അധികാരിയുടെ പണിക്ക നാം നിശ്ചയിച്ചിരിക്കുന്നു ആയാളൊട മൎയ്യാദ പ്രകാരം ജാമ്യൻ വാങ്ങി ജാമ്യച്ചീട്ടിൽ ആ

യാളുടെ അവകാശികളെക്കൊണ്ട ഒപ്പിടിയിച്ച തന്റെ ഹജി യൊടകൂടി നമുക്ക അയക്കുകയും വെണം. എന്ന കൊല്ലം ൧൦൨൪ാമത വൃശ്ചികമാസം ൨൮ന്നു കൊഴിക്കൊട്ട ഹജൂൎക്കച്ചെരിയിൽ നിന്ന എഴുതിയയ്തു.

4

From the Collector of Malabar to the Tahseeldar of the Calicut Talook.

I have received your Urzee of the 21st. Instant reporting the death of Chàthoo Panikar the Adhikàri of the Kasbah Amsham of your Talook, and recommending that his nephew Ràma Panikar should be appointed in his room.

According to your recommendation, I have appointed the said Ràma Panikar to the situation of the deceased Adhikari. You will accordingly receive from him the usual security and forward to me, with your Urzee, the security bond with the signatures of his heirs.

Calicut Collector's office
28th Virchigam 1024
11th December 1848

മൎയ്യാദ *custom, practice,* s. n. ജാമ്മ്യൻ *security,* s. n. ജാമ്മ്യൻ വാങ്ങുന്നു *to take security.* ജാമ്മ്യച്ചീട്ട *a security bond,* s. n. അവകാശി *an heir,* s. m. ഒപ്പിടുന്നു *to sign.* ഒപ്പിടിയിക്കുന്നു *to cause to sign,* v. a.

൫.

മലയാം പ്രവിശ്യയിൽ മഹാരാജശ്രീ കലെക്കട്ടർ സായ്പ അവർകളുടെ സന്നിധാനത്തിങ്കലെക്ക.

കൊട്ടയം താലൂക്കിൽ നെട്ടൂര ദെശത്ത വാഴയിൽ കണ്ണന്റെ ചന്ത്രൊത്ത കെളുവും കൂടി ബൊധിപ്പിക്കുന്ന ഹജി ൨ാം ഹ ജ്ജിക്കാരൻ കെളു എന്ന എന്റെ തറവാട്ട ജന്മമായിരുന്ന കൈ തെരിപ്പാടമെന്ന നിലവും അതിന്റെ തെക്കെ പറമ്പും ൧൦൨൪ാമത കന്നിമാസം ൨൨ന്നു പിടിപ്പത വില വാങ്ങി എന്റെ കു ഡുംബത്തിലെ സമ്മതത്തൊട കൂടി മൎയ്യാദപ്രകാരം ഞാൻ ക ണ്ണന്ന ജന്മം കൊടുത്തിരിക്കകൊണ്ട ആ നിലം പറമ്പുകളുടെ നികുതിജമ എന്റെ പെരിൽനിന്ന കണ്ണന്റെ പെരിൽ തിരി

ച്ചു കെട്ടുവാനും അവകളുടെ നികുതി മെലിൽ അവനൊട വാങ്ങുവാനും കല്പന ഉണ്ടാകെണമെന്ന ഞങ്ങൾ അപെക്ഷിക്കുന്നു. എന്ന കൊല്ലം ൧൦൨൪ാമത തുലാമാസം ൧൫നു- എഴുതിയ്ത.

5

A Petition jointly presented by Varail Kannan and Chandrota Kelloo inhabitants of the Nettoora Désham in the Talook of Cottayam to the Collector of Malabar.

The land called Kaitéri Pátam and it's southern Paramba the property of (Kelloo) the 2nd. Petitioner's Tarwad having been sold by him to the 1st. Petitioner Cannan with the consent of his family for it's full value on the 22nd. Kanny 1024, we request that you will direct the registry of the said land and Paramba to be transferred from the name of the 2nd. Petitioner to that of the 1st. Petitioner Cannan, and that the revenue demand thereon may be received from him (the 2nd. Petitioner) in future.

15th Toolam	1024
29th Oct.	1848

താലൂക്ക a Talook, division of a District. ദെശം a subdivision of a Talook. ഹൎജിക്കാരൻ a Petitioner, s. m. തറവാട an undivided Malabar family, s. n. ജന്മമായിരിക്കുന്നു to be possessed on fee-simple tenure. തറവാട്ടു ജന്മമായിരുന്നു the jenm right (i. e. the proprietary right) of which belonged to the Tarwad. നിലം a strip of Paddy land, s. n. തെക്ക south, southern, adj. പറമ്പ *all high dry ground :* thence *a garden* which is generally on the high ground above the paddy land. പിടിപ്പുത വില *the proper value, the value that a thing should fetch.* കുഡുംബം *a family* property so called. s. n. നികുതിജമ *the registry of assessed lands*, s. n. നികുതി *the land tax*, s. n.

൬.

മലയാംപ്രവിശ്യയിൽ മഹാ രാജ
ശ്രീ കലെക്കട്ടർ സായ്പ അവർകൾ.

കൊട്ടയം താലൂക്ക തഹശ്ശീൽ എടത്തട്ടെ കുഞ്ഞിരാമനെന്ന വന്ന എഴുതിയ കല്പന ആ താലൂക്കിൽ നെട്ടൂര ദെശത്ത ച

ന്ദ്രൊത്ത കെളുവിൻെറ തറവാട്ടജന്മമായ കൈതെരിപ്പാടമെ ന്ന നിലവും അതിൻെറ തെക്കെ പറമ്പും ൧൦൨൪ാമത കന്നി ൨൨നു– അവൻ വാഴയിൽ കണ്ണന്ന ജന്മം കൊടുത്തു എന്നും ആ വകകളുടെ നികുതി ജമ കണ്ണൻെറ പെരിൽ കെട്ടുന്നതിന്നും മെലാൽ അവനൊട നികുതി വാങ്ങുന്നതിന്നും കല്പന വെണമെന്നും അവര രണ്ടാളും കൂടി ബൊധിപ്പിച്ച ഹൎജിയുടെ പകൎപ്പ ഇതൊടുകൂടി തനിക്ക അയച്ചിരിക്കുന്നു അത അവിടെ എത്തിയാൽ ആ ഹൎജിയിലെ അപെക്ഷപ്രകാരം നടത്തുന്നതിന്ന കെളുവിൻെറ അവകാശികൾക്ക സമ്മതം ഉണ്ടൊ എന്ന അവരൊട ചൊദിച്ച അവര സമ്മതിച്ചാൽ അപ്രകാരം നടക്കുകയും സമ്മതിക്കാഞ്ഞാൽ ആ വസ്തുത നമ്മെ അറിയിക്കുകയും വെണം എന്ന കൊല്ലം ൧൦൨൪ാമത തുലാമാസം ൧൫നു– എഴുതിയത.

6

From the Collector of Malabar to Edattatta Coongi Rámen Menon Tahseeldar of Cottayam Talook.

I herewith forward to you a copy of a Petition presented to me by Varail Cannan and Chandrota Kelloo inhabitants of Nettoora Desham in the Talook under your charge stating that the land called Kaiteri Patam and it's southern Paramba the property of the 2nd. Petitioner's Tarawad have been sold by him to the 1st. Petitioner on the $\frac{\text{22nd Kanny 1024}}{\text{6th Oct. 1846}}$ and requesting that the registry thereof may be transferred to the name of the latter and the revenue dues received from him.

On the receipt of the said copy, you will enquire from the members of the aforesaid Kelloo's family whether they consent to the request contained therein being complied with; if they consent, you will act accordingly; if not, you will inform me of the same.

Calicut Collecter's office
15th Virchigam 1024
28th November 1848

വകകൾ *lands, property,* plu. of വക എത്തുന്നു *to reach,* v. n.
അവകാശി *an heir, a member of a man's family,* s. *m.*

൭.

തെന്മലപ്പുറം താലൂക്ക തഹശ്ശീൽദാര അവർകൾക്ക.

കൊല്ലംകൊട അംശം അധികാരി ശാമുപട്ടര ബൊധിപ്പിക്കുന്ന റിപ്പൊൎട്ട ഒരം അംശത്തിൽ വടവന്നൂര ദെശത്ത ചക്കുങ്കൽ രാമമെനൊൻ സൎക്കാരജമയിൽ ഉൾപ്പെടാതെയിരിക്കുന്ന ചില നിലങ്ങൾ വളരക്കാലമായി സൎക്കാര നികുതി കൊടുക്കാതെ അനുഭവിച്ചുവരുന്ന പ്രകാരവും ൯൮൪ - ൧൦൦൪ ഒരം കൊല്ലങ്ങളിൽ സൎക്കാരിൽനിന്ന പൈമാശി ചെയ്യപ്പൊൾ ചില സൎക്കാര കാൎയ്യസ്ഥന്മാരെ രാമമെനൊൻ സ്വാധീനമാക്കി അവരുടെ സഹായത്താൽ ആ വകകൾ ജമയിൽ ചെൎത്തിട്ടില്ലെന്നും ഇനിക്ക വൎത്തമാനം കിട്ടുകകൊണ്ടു ആയ്യതിന്റെ നെരറിയെണമെന്ന വിചാരിച്ചു ഞാനും ഒരം അംശം മുഖ്യസ്ഥന്മാരും കൂടി മെൽ എഴുതിയ നിലങ്ങൾ ഒരം മാസം ൧൧നു അളന്ന നൊക്കുകയും ഒരം നിലങ്ങൾക്ക സമീപം കൃഷിക്കാരായ എതാനും കുടിയാന്മാരൊട വാക്കാലെ അന്വെഷിക്കുകയും ചെയ്യതിൽ സൎക്കാര ജമയിൽ ചെരാത്ത ൩൩ ഞീക്കുള്ള ൩ നിലങ്ങൾ എറിയ കൊല്ലമായിട്ടു മെൽ എഴുതിയ രാമമെനൊൻ നികുതി കൊടുക്കാതെ അനുഭവിച്ചു വരുന്ന പ്രകാരം കണ്ടിരിക്കുന്നു ഒരം കാൎയ്യത്തിൽ ഞാൻ എതുപ്രകാരം നടക്കെണ്ടു എന്ന കല്പന ഉണ്ടാവാനപെക്ഷിക്കുന്നു. കൊല്ലം ൧൦൧൫ാമത ധനുമാസം ൧൦നു എഴുതിയ്യ.

7

A Report addressed by Shámoo Pattar Adhikari of Kollangode Amsham to the Tahseeldar of Temalpooram.

Having been informed that Chakoongal Ráman Menon an inhabitant of Vadavanoor Désham attached to my Amsham has been enjoying for several years past certain lands which are not included in the revenue assessment without paying revenue to Government, and that owing to the connivance of certain public servants who had been gained over by Ráman Menon, the lands in question were omitted from the public accounts in the years $\frac{984}{1808\text{-}809}$ and $\frac{1004}{1828\text{-}29}$ on the occasion of the Government assessment being made; With a view to ascertain the truth of this information, I inspected and measured the lands in question on the 11th Instant in presence of the Mook-

hyastars of this Amsham and made a verbal enquiry among the neighbouring cultivators, from which it appears that the aforesaid Ráman Menon has enjoyed for a length of time three pieces of land measuring thirty three páras, not included in the assessment, without paying revenue to Government.

Under these circumstances I request that you will direct me how I am to act in the matter.

10th Dhanoo 1023
23rd December 1847

സൎക്കാര ജമയിൽ ഉൾപ്പെടാതെയിരിക്കുന്ന *which is not included in the Circar assessment register.* സൎക്കാര ജമ *the Circar (Government) assessment register.* ഉൾപ്പെടുന്നു *to be included in*, v. n. വളരെക്കാലമായി *for a long time.* അനുഭവിക്കുന്നു *to enjoy*, v. a. കൊല്ലം *a Malabar year.* പൈമാശി *the assessment of land.* സൎക്കാര കാൎയ്യസ്ഥൻ *a public servant* ആയ്യുകൾ those, refering to നിലങ്ങൾ *lands*, plu. of ആയ്യു *that*, a common form of the demonstrative pronoun അത *that.* ജമയിൽ ചെൎത്തുന്നു *to enter in the registry.* നെര *the truth, reality.* മുഖ്യസ്ഥൻ *a head man of a village*, s. m. അളക്കുന്നു *to measure*, v. a. കൃഷിക്കാരൻ *a cultivator*, s. m. കുടിയാൻ *an inhabitant, a ryot*, s. m. ഠരം നിലങ്ങൾക്ക സമീപം കൃഷിക്കാരായ ഏതാനും കുടിയാന്മാരൊട lit. "*with certain ryots who are the neighbouring cultivators to these lands" meaning with certain ryots who cultivate lands neighbouring to these lands.* വാക്കാലെ by word of mouth, *vivâ voce, verbally*, adv. In this sentence the verbal noun നൊക്കുകയും and അന്വെഷിക്കുകയും are governed by the inflected participle ചെയ്യുതിൽ and the sentence is to be translated thus, *upon making the measurement of the lands and a verbal enquiry among the ryots Etc.* the use of the verbal noun in this manner is very common in Malayalam and in official papers a series of sentences frequently occurs connected by verbal nouns, which are governed by the verb ചെയ്യുന്നു at the end of the paragraph. ൏ the abbreviated form of the word പറ *a measure of capacity, a pārah.* ഏറിയ കൊല്ലമായിട്ട *for many years.*

വ്വ.

തെന്മലപ്പുറം താലൂക്ക തഹശ്ശിൽദാർ.

കൊല്ലങ്കൊാട അംശം അധികാരി ശാമുപട്ടൎക്ക എഴുതിയ ക

ല്പന ആയംശത്തിൽ വടവന്നൂര ദെശത്ത ചക്കുങ്കൽ രാമമെനൊൻ സൎക്കാര ജമയിൽ ഉൾപ്പെടാത്തതായ ചില നിലങ്ങൾ ബഹു കാലമായി സൎക്കാര നികുതി കൊടുക്കാതെ അനുഭവിച്ചു വരുന്ന സംഗതികൊണ്ട ഈ മാസം ൧൦നു താൻ എഴുതിയ ഹൎജി വായിക്കുകയും ചെയ്തു സൎക്കാര ജമയിൽ ചെരാത്തതായ നിലങ്ങൾ താൻ നടക്കുന്നില്ലെന്നും കൊല്ലംതൊറും താൻ എള്ളു വിത്ത വിതെച്ചു വന്നിരുന്ന ൨ പറമ്പുകളുടെ ഗുണം അറിവാൻ വെണ്ടി ഈ കൊല്ലം മാത്രം ആയ്യുകളിൽ നെല്ലു വിതെച്ചതല്ലാതെ ഇതിന്ന മുമ്പെ ഒരിക്കലും വിതെച്ചിട്ടില്ലെന്നും തന്റെ റിപ്പൊൎട്ട നെരല്ലെന്നും മെൽ എഴുതിയ രാമമെനൊൻ ൧൧നു എഴുതിയ ഹൎജിയും വായിക്കയും ചെയ്തു.

ഈ കാൎയ്യത്തിൽ വെണ്ടുന്ന അന്വെഷണങ്ങളും വിസ്താരങ്ങളും ചെയ്യാനായി ഈ താലൂക്ക ശിരസ്തെദാരെ കല്പനയൊടകൂടി ആയംശത്തിലെക്ക അയച്ചിരിക്കകൊണ്ട അദ്ദെഹത്തിന്റെ കല്പനപ്രകാരം താൻ നടന്നു കൊൾകയും വെണം എന്ന കൊല്ലം ൧൦൨൩മത ധനുമാസം ൧൫നു എഴുതിയത.

8

The order issued by the Tahseeldar of Tenmalpooram to Shámoo Puttar Adhikari of Kollangode Amsham.

I have received your Urzee of the 10th Instant having reference to the circumstance that Chakoongal Ráman Menon has enjoyed for several years past certain lands not included in the assessment, without paying revenue to Government.

I have also received an Urzee written by the abovementioned Ráman Menon denying that he enjoys any lands not included in the assessment accounts, and stating that in order to ascertain the quality of those Parambas in which gingely crops have hitherto been sown every year, he has this year sown them with paddy, but not on a former occasion, and that therefore the report made by you is incorrect.

The Serishtadar of this Talook having been deputed to the Amsham under your charge to institute the necessary enquiry into the matter, you will be pleased to act as that officer may direct.

15th Dhanoo	1023
28th December	1847

നിലങ്ങൾ നടക്കുന്നു *to cultivate lands.* കൊല്ലന്തൊറും *every year.* എള്ളു *gingely seed*, s. n. വിത *sowing*, s. n. വിതെച്ചു *having sown*, past part. of വിതെക്കുന്നു *to sow.* ഗുണം *quality*, s. n. നെല്ലു *rice, grain.* ഒരിക്കലും *at any time*, adv.

൯.

തെന്മലപ്പുറം താലൂക്ക തഹശ്ശിൽദാർ

മെപ്പടി താലൂക്ക ശിരസ്തെദാർ വള്ളാട്ട ശങ്കരമെനവന്ന എഴുതിയ കല്പന കൊല്ലങ്കൊട അംശത്തിൽ വടവന്നൂര ദെശത്ത ചക്കുങ്കൽ രാമമ്മെനൊൻ ജമയിൽ ചെരാതെയിരിക്കുന്ന ചില നിലങ്ങൾ വളരെ കൊല്ലമായി സൎക്കാര അവകാശം കൊടുക്കാതെ നടന്ന വരുന്ന പ്രകാരം മെപ്പടി അംശം അധികാരിയും അതിന്ന വ്യപരീതമായി രാമമ്മെനൊനും ൟ കച്ചെരിയിൽ ബൊധിപ്പിച്ചിരിക്കുന്ന റിപ്പൊൎട്ടും ഹൎജിയും ൟ കല്പനയൊട കൂടി തന്റെ വക്കൽ തന്നിരിക്ക കൊണ്ടു താൻ ഉടനെ കൊല്ലങ്കൊട അംശത്തിലെക്ക പൊയി സൎക്കാര കണെക്കുകൾ ശൊധന ചെയ്യും മൎയ്യാദ പ്രകാരമുള്ള അന്വെഷണെങ്ങൾ ചെയ്യും അധികാരി മുഖ്യസ്ഥന്മാരൊട കൂടി രാമമ്മെനൊന്റെ ഉഭയങ്ങൾ മുഴുവനും അളന്ന കണെക്ക ഉണ്ടാക്കി ൟ കാൎയ്യത്തെക്കുറിച്ച തനിക്ക തൊന്നുന്ന അഭിപ്രായത്തൊട കൂടി ൟ കച്ചെരിക്ക ബൊധിപ്പിക്കുകയും വെണം എന്ന കൊല്ലം ൲൨൩ാമത ധനുമാസം ൰൫൹ എഴുതിയ്ത.

9.

An order from the Tahseeldar of Tenmalapooram Talook to the Talook Serishtadar Vallatta Shangara Menon.

You are herewith furnished with a report addressed to this Cutcherry by the Adhikari of Kollengode Amsham to the effect that Châkoongal Raman Menon an inhabitant of the Desham of Vadavanoor, attached to that Amsham, has enjoyed for several years certain lands not included in the assessment register, without paying the Government dues thereon. You are also furnished with a counter Petition presented on the subject by the said Ráman Menon. You will therefore proceed

forthwith to the Amsham, examine the public accounts, institute the customary investigation, measure the lands of Ráman Menon in the presence of the Adhikari and Mookhyastars, draw out an account and transmit the same with your opinion of the matter for the information of this office.

15th Dhanoo	1023
28th December	1847

വ്യപരീതമായി *opposed to, counter to,* adv. കണക്ക *an account,* s. n. ഉഭയം *land,* s. n. മുഴുവനും *the whole, all,* adj. സൎക്കാര അവകാശം *the Government dues,* s. n.

൧൦.

തെന്മലപ്പുറം താലൂക്ക തഹശ്ശിൽദാൎക്ക

മെപ്പുടി താലൂക്ക ശിരസ്ഥെദാർ വള്ളൊട്ട ശങ്കരമെനൊൻ ബൊധിപ്പിക്കുന്നത. കൊല്ലങ്കൊട അംശത്തിൽ വടവന്നൂര ദെശത്ത ചക്കങ്കൽ രാമന്മെനൊൻ സൎക്കാര ജമയിൽ ചെരാതെയിരിക്കുന്ന ചില നിലങ്ങൾ ഏറിയ കാലമായി സൎക്കാരിലെക്ക യാതൊരവകാശവും കൊടുക്കാതെ നടന്ന വരുന്ന പ്രകാരം കൊല്ലങ്കൊട അധികാരിയും അപ്രകാരം നടന്ന വരുന്നില്ലെന്ന രാമന്മെനവനും ഠരം താലൂക്കിൽ റിപ്പൊൎട്ടും ഹൎജിയും ബൊധിപ്പിച്ച സംഗതി കൊണ്ട അന്വെഷണവും വിസ്താരവും ചെയ്ത നിലങ്ങൾ അളന്ന നൊക്കി ഇനിക്ക തൊന്നുന്ന അഭിപ്രായത്തൊട കൂടി കണക്ക ബൊധിപ്പിപ്പാനായി ഠരം മാസം ൧൫നു- ഠരം താലൂക്കിൽനിന്ന ഇനിക്ക തന്ന കല്പന പ്രകാരം കൊല്ലങ്കൊട അധികാരി മുഖ്യസ്ഥന്മാര നിലങ്ങളുടെ സമീപ കൃഷിക്കാര ഇവരൊട കൂടി മെൽ എഴുതിയ നിലങ്ങൾ അളന്ന കണക്ക ഉണ്ടാക്കി അതിൽ മെൽപ്പറഞ്ഞ എല്ലാവരെക്കൊണ്ടും ഒപ്പിടിയിച്ച ഇതൊട കൂടി ബൊധിപ്പിച്ചിരിക്കുന്നു ഠരം കാൎയ്യം കൊണ്ട ഞാൻ വെണ്ടുന്ന അന്വെഷണങ്ങൾ ചെയ്തതിലും മെപ്പുടി അംശത്തിലെ സൎക്കാര വക കണക്കുകൾ നൊക്കിയതിലും അധികാരിയുടെ റിപ്പൊൎട്ടിൽ പറയുന്ന പ്രകാരം മെൽ എഴുതിയ രാമന്മെനൊൻ മെപ്പുടി നിലങ്ങൾ വളരെക്കാലമായി സൎക്കാരിലെക്ക യാതൊരവകാശവും കൊടുക്കാതെ നടന്ന വരുന്ന പ്രകാരവും ൯൯൪ലും ൧൦൦൪ലും ഉഭയം പറമ്പുകൾ സൎക്കാരിൽനിന്ന പൈമാശി ചെയ്ത സമയം ചില സൎക്കാര കാൎയ്യസ്ഥന്മാരുടെ സഹായത്താലൊ ആയ്യര അറിയായ്കയാലൊ

മെൽ എഴുതിയ നിലങ്ങൾ ആ വക പൈമാശികളിൽ ഉൾപ്പെ ട്ടിട്ടില്ലാത്ത പ്രകാരവും കാണുന്നതാകകൊണ്ടു ംരം വസ്തുത ഹ ജൂരസന്നിധാനം മുമ്പാകെ അറിയിച്ച ആ നിലങ്ങൾക്ക നി കുതി നിശ്ചയിപ്പാൻ കല്പനയുണ്ടാകെണ്ടത എന്നത്രെ ഇനി ക്കതൊന്നുന്നത എന്ന കൊല്ലം ൲൨൰൨ാമത ധനുമാസം ൨൫ന്നു എഴുതിയ്ത.

10.

The report of Vallatta Shangra Menon Serishtadar of Tenmalapooram Talook to the Tahseeldar of that Talook.

According to the order issued to me from your office to institute an enquiry with reference to a report made by the Adhikari of Kollengode Amsham to the effect that Chákoongal Ráman Menon, an inhabitant of Vadavannoor Desham, attached to that Amsham, has enjoyed for several years certain lands, not included in the assessment register, without paying the Government dues; and with reference to the counter Petition of the said Ráman Menon denying the charge preferred against him by the Adhikari, and directing me to measure the lands in question and to forward an account of the same to your office with my opinion on the subject, I have measured the lands in the presence of the said Adhikari, the Mookhyastars and the cultivators of the neighbouring lands, and have drawn out an account, which is herewith submitted, with the signatures of the persons above referred to.

From the investigation held by me and from an inspection of the public accounts, I find that as stated in the Adhikari's report the aforesaid Ráman Menon has for several years past enjoyed the lands referred to without paying the Government dues; that in the years $\frac{\text{984 and 1004}}{\text{1808, 9 1828, 29}}$ when the Government assessments were made these lands either owing to the connivance of the public servants or from an oversight were omitted in the assessment accounts, and I submit that this circumstance should be brought to the notice of the Collector in order that the lands may be assessed.

$\frac{\text{25th Dhanoo 1023}}{\text{7th January 1847}}$

൧൧.

മലയാം പ്രവിശ്യയിൽ മഹാരാജശ്രീ ഹെഡ അസിസ്റ്റാണ്ട മെജിസ്ത്രെട്ട സായ്പ അവർകളുടെ സന്നിധാനത്തിങ്കലെക്ക.

പാലക്കാട താലൂക്ക ഹെഡപൊലീസ ആമ്സര ബൊധിപ്പിക്കുന്ന ഹരജി. ഈ താലൂക്കിൽ മങ്കര അംശം തെന്നൂര ദെശത്ത മുഖ്യസ്ഥൻ ചന്മങ്ങാട്ട വീട്ടിൽ ഇട്ടിണ്ണാൻ നായരുടെ പടിക്കൽ പണി ചെയ്യുന്ന ൧ാം പ്രതിക്കാരന്റെ ചാളയിൽ പുകയില ഉണ്ടെന്ന ഒററ ഉണ്ടായി പുകയില കുപ്പണി ഡഫെദാരൻ സാക്ഷിക്കാര മുഖ്യസ്ഥന്മാരൊട കൂടി ചെന്ന ൧൦൨൪ാമത മകരമാസം ൨൪൹-ക്ക ൧൮൪൯ൻമത ഫിബ്രുവരി മാസം ൪൹- വയ്യുന്നെരം ൭ മണി സമയത്ത ശൊധന ചെയ്യാറെ ആ ചാളക്കകത്തനിന്ന ൧൧ മാറാപ്പിൽ ൧൧൨ കെട്ട കള്ളപ്പുകയില പ്രതിക്കാരൻ എടുത്ത കൊടുത്ത കിട്ടിയിരിക്കുന്നതും പ്രതിക്കാരനെയും അയച്ചിരിക്കുന്നു എന്ന മെൽ എഴുതിയ ഡഫെദാരനും മെപ്പടി ദെശത്ത മുഖ്യസ്ഥന്മാരും എഴുതിയ റിപ്പൊൎട്ട ഫിബ്രുവരി മാസം ൭൹- രാത്രി ഏകദെശം ൯ മണിക്ക എത്തി അന്ന നെരം വൈകിപ്പൊകകൊണ്ട വിസ്തരിക്കാതെ ൮൹- ൧ാം പ്രതിയൊടും സാക്ഷിക്കാരൊടും വിസ്തരിക്കുകയും പുകയില തൂക്കിയതിൽ ൮൭ ഉറുപ്പികയും ൪ അണയും ൨ പൈസയും വിലെക്കുള്ള ൭ തുലാവും ൭൭ പലവും കാണുകയും ചെയ്തു.

വിസ്താരത്തിൽ താൻ കുടിയിൽ ഇല്ലാത്ത സമയം ൨ാം പ്രതിയുടെ ചൊൽപ്പടിക്ക ൩ാം പ്രതി ഒരു ദിവസം രാത്രി പുകയില കൊണ്ടുവന്ന ൪ാം പ്രതിയെ ഏല്പിച്ച ഇട്ടിരിക്കുന്നു എന്ന ൧ാം പ്രതിയും,

ഒററ പ്രകാരം ൧ാം പ്രതിയെ പിടിച്ചാറെ ചാളെക്കകത്തനിന്ന ൧൧ മാറാപ്പിൽ ൧൧൨ കെട്ട പുകയില അവൻ എടുത്ത കൊടുത്തിരിക്കുന്നു എന്നും ഇതിലെക്ക ൨-ം ൩-ം പ്രതിക്കാരുടെ അറിവുണ്ടെന്നും ൧-ം ൨-ം സാക്ഷികളും വിസ്താരത്തിൽ പറഞ്ഞിരിക്കുന്നു.

ഈ കാൎയ്യത്തിന്റെ വിസ്താരം മുതലായ്ത ഒക്കയും നൊക്കിയതിൽ പുകയില വാങ്ങി സൂക്ഷിച്ച കുററം ൧ാം പ്രതിയുടെ മെൽ ഉറക്കയും അധികം പുകയില ചാളെക്കകത്ത നിന്ന അവൻ എടുത്ത കൊടുത്ത പ്രകാരം സാക്ഷികളാൽ തെളികയും ചെയ്കകൊണ്ട ൧ാം പ്രതിയെയും സാക്ഷിക്കാരെയും വിസ്താര

വും മാതിരിക്കായിട്ട ഒരു പലം പുകയിലയും ക്രമപ്രകാരം റിപ്പൊൎട്ടൊട കൂടി ഫിബ്രുവരി ൯നു- കൊഴിക്കൊട ജില്ലാ സബ്ബൊഡിനെറ്റ കൃമിനാൽ കൊടതി സന്നിധാനം മുമ്പാകെ അയച്ചിരിക്കകൊണ്ട കൊടതിക്കയച്ച റിപ്പൊൎട്ട മുതലായ്തിന്റെ പകൎപ്പുകൾ ലിഷ്ടപ്രകാരം ഹജ്ജി ഒന്നിച്ച അയച്ചിരിക്കുന്നു.

വിശെഷിച്ച ൦രം പുകയില കൊണ്ടുവന്ന ൩ാം പ്രതിയെയും അവന്ന സഹായം ചെയ്തു പ്രകാരം കാണുന്ന ൨ാം പ്രതിയെയും ൪ാം പ്രതിയെയും പിടി കിട്ടാൻ അംശത്തിലെക്ക താക്കീതി അയച്ചും മറ്റും പ്രയത്നം ചെയ്തു വരുന്നു. കിട്ടിയ ഉടനെ അവരൊടും ൧ാം പ്രതിക്ക സഹായമായി മുഖ്യസ്ഥന്മാര റിപ്പൊൎട്ട ചെയ്കകൊണ്ട ആ സംഗതിയെ കുറിച്ച അവരൊടും വിസ്തരിച്ച ക്രമപ്രകാരം ബൊധിപ്പിച്ച കൊൾകയും ചെയ്യാം എന്ന കൊല്ലം ൧൦൨൪ാമത കുംഭമാസം ൪നു-ക്ക ൧൮൪൯ാമത ഫിബ്രുവരി മാസം ൧൩നു- എഴുതിയ്തു.

11.

From the Head of Police of Palghaut Talook
to the
Head Assistant Magistrate of Malabar.

The Duffadar attached to the preventive establishment and the Mookhiyastars of Tenoor Desham in the Mangara Amsham of this Talook having reported to me that they had received information of the circumstance of smuggled Tobacco being concealed in the hut of the 1st. Defendant, who works at the gate of Chamangote Ittinan Nair one of the abovementioned Mookiyastars, and that the hut in question had been searched by the Duffadar and Mookiyastars in the presence of Witnesses at 5 o clock on the evening of the 4th. Instant, when the 1st Defendant produced from his hut 11 bags containing 112 bundles of Tobacco and delivered them to them; and that the accused and the Tobacco have been forwarded to the Cutcherry; and the report in question having reached me about 9 oclock on the night of the 5th. Instant at too late an hour for commencing the investigation of the case I examined the accused and the Witnesses on the following day, and weighed the Tobacco in question which was found to be in weight 7 Toolams 75 Palams and of the value of Rupees 65—4—2. The prisoner on being

examined stated that one night during his absence from his hut a second party by the order of a third brought the Tobacco and delivered it to the fourth of the parties accused.

The 1st and 2nd. Witnesses deposed that upon their apprehending the prisoner upon the information they had received, he produced from his hut the Tobacco in question and delivered it to them, and they stated that the 2nd. and 3rd. of the parties accused are cognizant of the matter.

On persusal of the proceedings held in the case, being of opinion that the charge of having received and secured smuggled Tobacco had been established against the prisoner and as tbe 1st and 2nd. Witnesses prove that the prisoner produced from his hut and delivered to them a large quantity of Tobacco, I accordingly on the 5th. Instant, forwarded to the Sub-Criminal Court of Calicut the prisoner and Witnesses with the record of the case and one Palam of Tobacco as a sample and the usual report; copies of the report in question and of the other proceedings specified in the enclosed list are herewith transmitted.

I have issued a Takeed to the Amsham and am adopting other measures for the apprehension of the 3rd. Defendant who brought the Tobacco in question (to the house of the 1st. Defendant) and of the 2nd and 4th Defendants, the former of whom appears to have assisted the 3rd. Defendant.

Immediately on their apprehension I will examine them and also the Mookhiyastars in regard to their having made a favourable report regarding the prisoner and will inform you of the same.

Dated
13th February 1847.

ഹെഡ പൊലിസാപ്സര *the official designation of a Tahseeldar in his capacity of Head of Police.* പടിക്കൽ *at the gate*, post pos. ചാള *slave's hut, shed*, s. n. പുകയില *Tobacco*, s. n. ഒററ *private information*, s. n. പുകയില കുപ്പിണി *the Preventive Establishment kept up in Malabar for the prevention of Tobacco smuggling.* ധഫെദാരൻ *a Duffadar.* മാറാപ്പ *a bag*, s. n. കെട്ട *a bundle*, s. n. നെരം വൈകി പൊകകൊണ്ട *because it was late*, from നെരം വൈകുന്നു *to become late.* തൂക്കം *weight*, s. n. തൂക്കുന്നു *to weigh.* തുലാം *a Malabar maund of 32 Lb.* പലം the 100th. part of a Tulam. ചൊൽപടിക്ക *in obedience to.* ഉറെക്കുന്നു *to be established*, v. n. മാതിരി *a sample, pattern*, s. n.

൧൨..

മലയാം പ്രവിശ്യയിൽ ഹെഡ അസിഷ്ടാണ്ട മജിസ്ത്രെട്ട സായ്വ അവർകളുടെ സന്നിധാനത്തിങ്കലെക്ക.

നെടുങ്ങനാട താലൂക്ക ഹെഡ പൊലീസ ആമ്സര ബൊധിപ്പിക്കുന്ന ഹൎജി. ൟ താലൂക്കിൽ നടുവട്ടം അംശത്തിൽ കയ്യറം ദെശത്ത വടക്കെ ഓട്ടുപാറെ ഇരിക്കും പൂവ്വംതലെ ചൊഴിയെ തെക്കെ ഓട്ടുപാറെ വെലുവും വെറെ ചിലരും കൂടി മൊടൻനെല്ല കാത്ത കിടക്കുന്നെടത്ത വെച്ച അടി കലശൽ ചെയ്യുതിനാൽ മരിച്ചുപൊയപ്രകാരം ഇനിക്ക റിപ്പൊൎട്ട വന്നതിൻെറ ശെഷം ആ കാൎയ്യം അന്വെഷിച്ച വിസ്തരിപ്പാൻ സബ്ബാമ്സര വിശ്വനാഥയ്യനെ അയച്ചിരുന്ന സംഗതിയെ കുറിച്ച കഴിഞ്ഞ ആഗസ്ത ൧൮നു– ൨൨൫ാം നമ്പ്രായി സന്നിധാനത്തിങ്കൽ ഞാൻ ഹൎജി ബൊധിപ്പിച്ചിട്ടും ഉണ്ടെല്ലൊ.

സബ്ബ ആമ്സര ആ സ്ഥലത്ത പൊയി ചൊഴിയുടെ ശവം മറ ചെയ്തിരുന്നെടത്ത നിന്ന മാന്തി എടുപ്പിച്ച നൊക്കി യാദാസ്ത എഴുതുകയും അവൻെറ മരണത്തിൻെറ സംഗതികൊണ്ട അവൻെറ തിയ്യത്തി മാണിയൊടും മകൻ വെലുവൊടും മുഖ്യസ്ഥൻ നാട്ടവൈദ്യൻ മുതലായി ൟ കാൎയ്യത്തിൽ വിസ്തരിപ്പാൻ ആവിശ്യം കണ്ട എല്ലാവരൊടും വിസ്തരിക്കയും ചെയ്തതിന്മെൽ വിസ്താരകടലാസ്സുകൾ സബ്ബ ആമ്സരുടെ റിപ്പൊൎട്ടൊടകൂടെ ൨൧നു– ഇനിക്ക എത്തുകകൊണ്ട ആയ്ത ഒക്കയും ൟ ഹൎജിയൊട കൂടി സന്നിധാനത്തിങ്കലെക്ക അയച്ചിരിക്കുന്നു.

മെൽ എഴുതിയ വിസ്താരകടലാസ്സുകളും സബ്ബാമ്സരുടെ റിപ്പൊൎട്ടും ഞാൻ നൊക്കിയതിൽ മെൽപ്പറഞ്ഞ ചൊഴിക്ക കഴിഞ്ഞ കൎക്കിടക മാസത്തിൽ പനി തുടങ്ങി സന്നി കൂടി പതിനഞ്ച ദിവസം വരെ മുടങ്ങി കിടക്കയും ആ മാസം ൨൫നു– മരിച്ചുപൊകയും ചെയ്തപ്രകാരം കാണുന്നതല്ലാതെ ചൊഴിയും മെൽ എഴുതിയ വെലുവും തമ്മിൽ അടി കലശൽ ഉണ്ടാകയും അതിനാൽ അവൻ മരിച്ചുപൊകയും ചെയ്തിരിക്കുന്ന പ്രകാരം കാണുന്നതും ഇല്ല.

ചൊഴി കുടിയിരുന്ന വന്നിരുന്ന പറമ്പ ചട്ടഴിയത്ത നമ്പൂതിരിയുടെ ജന്മമാകുന്നു അതിന്മെൽ മെൽപ്പറഞ്ഞ വെലുവിന്ന കാണവകാശം ഉണ്ടായിരുന്നതിനാലും അവൻെറ ഉടൽപ്പിറന്നവളെ ചൊഴി കെട്ടിയിരുന്നതിനാലും ചൊഴി കുടിയിരു

ന്ന വന്നതാകുന്നു. ചട്ടഴിയത്ത നമ്പൂതിരിയുടെ വംശം ക്ഷയിച്ചുപൊകകൊണ്ട അദ്ദെഹത്തിന്റെ വസ്തുവകകൾ തനിക്ക ഒത്തുങ്ങെണ്ടത എന്ന വാഴക്കുന്നത്ത നമ്പൂതിരിയും അതിന്ന വിരൊധമായി താനാകുന്നു അവകാശി എന്ന അഴകംപുറത്ത നമ്പൂതിരിയും വാദിച്ചുവരുമ്പൊൾ ചട്ടഴിയത്ത നമ്പൂതിരിയുടെ ജന്മമായ മെൽ എഴുതിയ പറമ്പിന്നെ ചൊഴി മരിക്കും മുമ്പെ അവന്ന അഴകംപുറത്ത നമ്പൂതിരി കാണത്തിന്ന എഴുതികൊടുത്തിട്ടുണ്ടായിരുന്നു എന്നും അവൻ മരിച്ചാറെ അവന്റെ ശവം ആ പറമ്പിൽ മറ ചെയ്യെണമെന്ന അവന്റെ മകനും ചെയ്യുകൂടാ എന്ന മെൽ എഴുതിയ വെലുവും വാദിക്കയാൽ ചൊഴിയുടെ മകന്ന വെണ്ടി അഴകംപുറത്ത നമ്പൂതിരി വെലുവിന്റെ മെൽ ഠരം കാൎയ്യം ഉണ്ടാക്കിയു എന്നും കാണുന്നതല്ലാതെ വെലുവിന്റെ മെൽ ഇനിക്ക യാതൊരു സംശയവും ഇല്ലായ്കകൊണ്ട ഠരം വസ്തുത ബൊധിപ്പിച്ചിരിക്കുന്നു എന്ന കൊല്ലം ൧൦൨൨ാമത ചിങ്ങം ൧൧ക്ക ൧൮൪൬ാമത ആഗസ്ത മാസം ൨൭ന്നു എഴുതിയത.

12.

From Head of Police of Nedoonganad Talook
to the
Head Assistant Magistrate of Malabar.

On the 4th. August last, I addressed to your Honor an Urzee No. 225, informing you of my having received a report that one Pooventalay Choyee residing in Vadakey Ottoopara in the Kaipooram Desham of the Nadoovatam Aasham in the Talook under my charge, had died from the effects of an assault committed upon him by one Tekay Ottoopara Velloo and certain other persons, while he was watching modan crops, and also of my having immediately deputed Vishwa Nadiah my sub-officer to institute enquiries into the matter.

On reaching the spot, the sub-officer disinterred the body of the deceased, drew up an inquest paper, and examined Mooni the wife of the deceased, her son Velloo, the Mookhiyastars, the Native Doctor, and all such other persons as he deemed necessary to examine in the case. He then forwarded the proceedings with his report, which I received on the 21st. Instant, and which are herewith submitted for your Honor's information.

On reference to these documents, it appears that in the month of Karkidagam, the deceased was attacked with fever in the 1st. instance and subsequently with lockjaw and was confined to his bed for 15 days, and that he died on the 27th. of the same month. It is not however shown that the death of the deceased is to be attributed to the effects of blows received by him in a quarrel with the aforesaid Velloo.

The Paramba in which the deceased lived is the property of Chattarryatta Nambooddri, and the abovementioned Velloo possessing a mortgage claim thereon, allowed the deceased who had married his daughter to live in it.

On the extinction of the heirs of the said Chattarriyatta Nambooddry's family, one Vayacoonnuta Nambooddri attempted to take possession of the estate, upon which Aragoomparatta Nambooddri alleged that he was the proper person to succeed to it. While matters were in this state, the death of the deceased occurred, and his son wanting to bury him in the above Paramba, on the ground that it had been mortgaged to the deceased during his life time by Aragoomparatta Nambooddri, Velloo the abovementioned mortgagee prevented him from doing so, upon which the charge in question has been got up against him by the Aragoomparatta Nambooddri to forward the views of the son of the deceased. I do not however entertain any suspicion against the accused, and I accordingly bring the circumstances of the case to your Honor's notice.

Dated. 25th August 1849.

അടികലശൽ ചെയ്യുന്നു *to commit an assault.* അടി *a blow.* കലശൽ *a quarrel.* സബ്ബ്യാക്കര *the designation of any Police officer holding a sunnud for the investigation of Police matters.* ശവം *a corpse,* s. n. മറചെയ്യുന്നു *to bury,* v. a. മാന്തുന്നു *to exhume,* v. a. എടുപ്പിക്കുന്നു *to cause to take out,* v. a. തിയ്യത്തി *a female of the "Tiyan caste."* നാട്ടുവൈദ്യൻ *a Village doctor,* s. m. വിസ്താരകടലാസ്സ *the record of an enquiry,* comp[d]. of വിസ്താരം *an investigation,* and കടലാസ്സ *a paper.* കൎക്കിടകം *the name of a Malabar month corresponding with the latter part of June and beginning of July.* പനി *fever,* s. n. സന്നി *lock jaw,* s. n. മുടങ്ങുന്നു *to be hindered, to be kept from moving,* v. n. കുടിയിരിക്കുന്നു *to reside in,* v. n. കാണെഅവകാശം *a mortgage*

claim, s. n. ഉടൽപ്പിറന്നവൾ *a daughter*, lit. *she who is born from one's body.* ഉടൽ *a body.* പിറക്കുന്നു *to be born.* വംശം *a family*, s. n. ക്ഷയിക്കുന്നു *to be destroyed*, v. n. വസ്തുവകകൾ *an estate, property personal or real.* ഒതുങ്ങുന്നു *to be seized*, v. n. തനിക്ക ഒതുങ്ങെണ്ടത *that which should be taken by himself.* വാദിക്കുന്നു *to contend*, v. n.

൱൩.

മലയാം പ്രവിശ്യയിൽ മഹാ രാജശ്രീ ഹെഡ അസിസ്റ്റാണ്ട മജിസ്ത്രെട്ട സായ്പ അവർകളുടെ സന്നിധാനത്തിങ്കലെക്ക

പാലക്കാട താലൂക്ക ഹെഡ പൊലീസ്സ ആമ്സ്സര ബൊധിപ്പിക്കുന്ന ഹൎജി. ൧൦൨൪ാമത വൃശ്ചികമാസം ൧൪൹-ക്ക ൧൮൪൯ാമത നവെമ്പ്രമാസം ൨൭൹- തിങ്കളാഴ്ച രാത്രി ഏകദെശം ൧൦ നാഴിക രാവ ചെന്ന സമയത്ത പത്ത പതിനഞ്ച കള്ളന്മാര വന്ന കുടിയുടെ പടിഞ്ഞാറെ കൊലായിൽ കിടന്നിരുന്ന തറയിൽ കൃഷ്ണന്റെ മരുമകനെ അവരിൽ മൂന്നാള പിടിച്ച അമൎത്തുന്ന സമയം അവൻ നിലവിളിച്ചത കെട്ട കുടിക്കകത്തനിന്ന അന്ന്യായക്കാരൻ പുറത്ത വന്ന നൊക്കിയാറെ ഒരുത്തൻ അന്ന്യായക്കാരന്റെ പൊള്ള എല്ലിൽ പിടിച്ച അമൎത്ത മുതൽ കൊണ്ടുവാ എന്ന പറകയും അപ്പൊൾ നിലവിളി കെട്ട സമീപക്കാര അവിടെ വന്നതിനാൽ അകത്തെക്ക കടപ്പാനും മുതൽ എടുത്തുകൊണ്ടുപൊവാനും സംഗതി വരാതെ കള്ളന്മാര ഓടിപ്പൊകയും ചെയ്തു എന്നും തന്നെ പിടിച്ച അമൎത്തിയതു പുല്ലക്കാട്ടെ രാമനാണെന്നും ആക്കൂട്ടത്തിൽ കൊട്ടായി ചങ്കരനും വട്ടക്കാട്ടെ കെളുവും തൊട്ടത്തിൽ കൊരുവും കൂടിയുണ്ടായിരുന്ന പ്രകാരം സംശയം ഉണ്ടെന്നും നവെമ്പ്ര മാസം ൨൮൹- ഞാൻ പെരുവെമ്പ അംശത്തിൽ വെറെ ഒരു കാൎയ്യത്തിന്ന വെണ്ടി പൊകുന്ന സമയം വഴിയിൽ വെച്ച കൃഷ്ണൻ വാക്കാലെ എന്നെ ബൊധിപ്പിക്കകൊണ്ട അവനൊടും അപ്പൊൾ ഹാജരാക്കി കിട്ടിയ ചാത്തുവൊടും വിസ്തരിച്ച ൟ കാൎയ്യം ഉണ്ടായ സ്ഥലത്ത പൊയി അന്വെഷണെ വിസ്താരം ചെയ്യാൻ സബ്ബ ആമ്സ്സര വെങ്കിട്ട രാമയ്യന്ന കല്പന കൊടുത്തു. സബ്ബ ആമ്സ്സര ആ സ്ഥലത്ത ചെന്ന അന്വെഷിക്കകയും ഒൻപത ആളൊട വിസ്തരിക്കകയും കിണാശ്ശെരി അംശം മെനൊൻ മദ്ധ്യസ്ഥ

ന്മാര ഇവര ബൊധിപ്പിച്ച റിപ്പൊൎട്ട വിസ്താരത്തിൽ ചെൎക്കുകയും ചെയ്യശെഷം ആ വക ദസ്താവെജുകൾ ഒന്നിച്ച സബ്ബ ആപ്സര അയച്ച ദിശെമ്പ്ര ൨൩– എത്തി നൊക്കുകയും അതിന്റെ ശെഷം ഹാജരാക്കി കിട്ടിയ കൊരുവൊട ആ ൩– എന്റെ മുമ്പാകെ വിസ്തരിക്കുകയും ചെയ്തു.

മെൽപ്പറഞ്ഞ ദസ്താവെജുകൾ നൊക്കിയ്യതിൽ ചാത്തുവും കൊരുവും കുററം സമ്മതിച്ചിട്ടില്ല കൃഷ്ണന്റെ കുടിയിൽ മെൽപ്രകാരം ആളുകൾ ചെന്നിരുന്നതും അവനെ പിടിച്ചതും നെരാണെന്ന ദസ്താവെജുകളാലും ചാത്തുവും കൊരുവും ദുൎമ്മാൎഗ്ഗികളാകുന്നു എന്നും കാണുന്നു.

എങ്കിലും അവരെ ശിക്ഷക്ക ഉൾപ്പെടുത്തതക്ക തെളിവില്ല സാക്ഷിയില്ലെന്ന കൃഷ്ണൻ പറഞ്ഞിരിക്കുന്നു.

